X. ധനകാര്യം

2004-05 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളേയും 1990-91, 1991-92, 1992-93, 1994-95, 1995-96, 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രിക്കുവേണ്ടി, വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,91,70,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,13,70,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 98,76,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ മുഖ്യമന്ത്രിക്കുവേണ്ടി അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി: (ശ്രീ. വക്കം പുരുഷോത്തമൻ): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 52,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,47,33,34,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, വൈദ്യസഹായരംഗവും, പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 35,21,40,000 രൂപയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,21,75,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): വിദ്യാഭ്യാസം, കായികം, വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 37,24,71,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവവും, പാർലമെന്ററി കാര്യവും വകുപ്പു മന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ശുദ്ധജല വിതരണവും, ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,95,50,000 രൂപയുടെയും ജലസേചനം എന്ന XXXVIII-ാം ധനാഭ്യർത്ഥനയുടെ പേരിൽ 74,41,71,000 രൂപയുടെയും, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,05,60,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) : ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,92,80,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം റവന്യൂവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : നഗരവികസനം XXII-ാം നമ്പർ എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 21,42,43,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,90,000 രൂപയുടെയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,95,14,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക-പട്ടികജാതി സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) : പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,45,46,98,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം സഹകരണവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,33,72,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,30,99,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) : മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,03,55,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,13,12,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജവകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 33,79,92,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : വിനോദസഞ്ചാരം എന്ന I.X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,24,98,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു

മി. സ്പീക്കർ : ചർച്ചകൾ ആരംഭിക്കുകയാണ്. എല്ലാ കക്ഷി നേതാക്കളും BAC Hall-ലേക്ക് വരണം മറ്റുകാര്യങ്ങൾ ചർച്ച ചെയ്യാനായുണ്ട്.

ശ്രീ. രാജു എബ്രഹാം : സർ, ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളേയും എതിർക്കുകയാണ്. ആകെ 1336.25 കോടി രൂപയുള്ളതിൽ 1068.14 കോടി രൂപയും റവന്യൂ ചെലവിലേക്ക് ആണ്. മൂലധന ചെലവിലേക്ക് 199 കോടി രൂപ മാത്രമാണുള്ളത്. അതായത് മൊത്തം സപ്ലിമെന്ററി ബജറ്റിന്റെ 15% മാത്രമാണ് മൂലധന ചെലവിലേക്കായി ഇവിടെ വിനിയോഗിച്ചിരിക്കുന്നത്. മൂലധനചെലവ് കൂടുകയാണെന്നുള്ളത് നമ്മുടെ സംസ്ഥാനത്ത് വികസനരംഗത്ത് വലിയ നേട്ടം ആണ്. ഇവിടെ സ്വാഭാവികമായി ഉണ്ടാകുന്ന തുക റവന്യൂചെലവിലേക്ക് പോയി കഴിയുമ്പോൾ സ്വാഭാവികമായിട്ടും സ്റ്റേറ്റിന് കാര്യമായിട്ടുള്ള നേട്ടങ്ങൾ ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. 1336.25 കോടി രൂപയുടെ സപ്ലിമെന്ററി ഡിമാന്റിൽ പദ്ധതി ചെലവ് 491 കോടി രൂപ മാത്രമാണ് അതായത് 37% മാത്രം. 844 കോടി രൂപയും അതായത് 63 ശതമാനം റവന്യൂ ചെലവ് ആണെന്നതാണ് ഇക്കാര്യം വിരൽ ചൂണ്ടുന്നത്. അല്പം ഭേദം ഉള്ളത് പൊതുമരാമത്ത് വകുപ്പുമാത്രമാണ് അവിടെ അത് 50 ശതമാനം ആണ് മൂലധന ചെലവും റവന്യൂ ചെലവും തമ്മിലുള്ള അനുപാതം. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്ഥിതി വളരെ കഷ്ടം ആണ്. മൊത്തം സപ്ലിമെന്ററി 37 കോടി രൂപയാണ്. റവന്യൂ ചെലവിൽ തന്നെ 35.5 കോടി രൂപയാണ്. മൂലധനചെലവ് കേവലം 1.5 കോടി രൂപ മാത്രമാണ് വിദ്യഭ്യാസത്തിന്റെ കാര്യത്തിൽ ഇവിടെ വന്നിരിക്കുന്നത്. ചോർന്നൊലിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നന്നാക്കാനോ അനുബന്ധ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനോ, വൈദ്യുതി ഇല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വൈദ്യുതി എത്തിക്കാനോ സാധിക്കുന്നില്ല. ഇപ്പോൾ IT @ School ആരംഭിച്ചിരിക്കുകയാണ്. അവിടെ കമ്പ്യൂട്ടർ പഠനം പോലും അസാധ്യമായിരിക്കുന്ന ഘട്ടത്തിൽ ഈ മൂലധനചെലവ് വർദ്ധിപ്പിക്കാതെ ഇതിന്റെ 98 ശതമാനവും റവന്യൂ ചെലവിലേക്ക് വിനിയോഗിച്ചിരിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. ആരോഗ്യരംഗത്ത് 35 കോടിയാണ് സപ്ലിമെന്ററിയിൽ ഉള്ളത്. അതിൽ 20 കോടി രൂപയും റവന്യൂ ചെലവിലേയ്ക്കാണ് പോയിരിക്കുന്നത്. പി. എസ്. സി.-യുടെ സ്ഥിതി എന്താണ്? പുതിയ പി. എസ്. സി. മെമ്പർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് ഉള്ള അനുബന്ധ ചെലവുകൾക്ക് ആണ് പ്രധാനമായിട്ടും ഇവിടെ വന്നിരിക്കുന്നത്. ചെക്ക് കേസിൽ പ്രതികൾ ആയിട്ടുള്ളവർ വരെ ഇപ്പോൾ പി. എസ്. സി. മെമ്പർമാരാകുന്ന കാലഘട്ടമാണ്. ഹൈക്കോടതി അതിനപ്പുറമാണ്. നമ്മുടെ ഹൈക്കോടതി

LIBRARY ARCHIVES Kerala Legislative Assembly

വക്കീലൻമാർക്ക് കൊടുക്കാൻവേണ്ടി 50 ലക്ഷം രൂപയാണ് ഇവിടെ സപ്ലിമെന്ററി ആയിട്ട് വച്ചിരിക്കുന്നത്. എന്തിനുവേണ്ടിയാണ്, ആർക്കുവേണ്ടിയാണ് ഈ വക്കീലൻമാർ ഹാജരാകുന്നത്? എല്ലാ വക്കീലൻമാരും ഉണ്ടെന്ന് ഞാൻ പറയുന്നില്ല ഭൂരിപക്ഷം വക്കീലൻമാരും വനം മാഫിയക്കുവേണ്ടി ഹാജരാകുന്ന വക്കീലൻമാരാണ്. ഒരു വക്കീലിന്റെ ചരിത്രം നമുക്കറിയാം അദ്ദേഹം ലോട്ടറി കുംഭകോണം എതിർത്തതിന്റെ പേരിൽ അദ്ദേഹത്തെ പറപറപ്പിച്ച ഒരു സ്റ്റേറ്റ് ആണ് നമ്മുടേത്. അങ്ങനെയുള്ള മാഫിയ വക്കീലൻമാർക്കുവേണ്ടി തന്നെ 50 ലക്ഷം രൂപ മുടക്കി എന്നുപറയുന്നത് അഭിമാനകരമായ നേട്ടം ആണ്. റയിൽവേ വികസനം. റയിൽവേ വികസനത്തിനുവേണ്ടി സപ്ലിമെന്ററിയായി 46 ലക്ഷം രൂപ, ഇപ്പോൾ . ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള ധാരാളം കാര്യങ്ങളിൽ നമ്മെ സംബന്ധിച്ചിടത്തോളം വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ഇവിടെ പോലീസിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നമുക്കറിയാം നമ്മുടെ ഡി.വൈ.എസ്.പി.മാരുടെ ജോലി എല്ലാ ഡി.വൈ.എസ്.പി.-മാരും ഇല്ലെങ്കിൽ പോലും കള്ളനെ പിടിക്കേണ്ട പോലീസുകാർ ഇപ്പോൾ കൊലപാതകവും അതുപോലെതന്നെ മാഫിയാ ഭരണവും നടത്തുന്ന ഡി.വൈ.എസ്.പി.മാരെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ രൂപത്തിലുള്ള സമീപനം ആണ് ഇവിടെ വന്നിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഈ സപ്ലിമെന്ററി ഡിമാന്റിനെ എതിർക്കേണ്ടിവരുന്നത്. ഇവിടെ ഇക്കാര്യത്തിൽ കാര്യമായിട്ട് ഒന്നും നടക്കുന്നില്ല. നിയമസഭയിൽ, നിയോജകമണ്ഡലങ്ങളുടെ വികസന പ്രവർത്തനങ്ങളിലൊക്കെ കാര്യമായിട്ടുള്ള പ്രവർത്തനം വരുന്നില്ല. പ്രത്യേകിച്ച് ഇത്തവണത്തെ ബജറ്റിൽ പ്രതിപക്ഷ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിൽ കടുത്ത അവഗണന ഇത്തവണ കാണാൻ കഴിഞ്ഞു എന്നുള്ളതാണ് ബജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അത്തരം ഒരു സമീപനം ഈ നിയമസഭയിൽ ഇതിനുമുൻപുണ്ടായിട്ടില്ല. കേരളത്തിലെ താലൂക്കാശുപത്രികളിൽ കിടത്തിചികിത്സ ഇല്ലാത്ത ഏക ആശുപത്രിയാണ് റാന്നി താലൂക്കാശുപത്രി. അതിന് ആ പ്രത്യേകത മാത്രമല്ല, ശബരിമലയുടെ താലൂക്കാശുപത്രിയാണ്. ശബരിമലയുടെ താലൂക്കാശുപത്രി എന്നുപറയുമ്പോൾ അവിടെ കിടത്തിചികിത്സയില്ല. ഞാൻ ഒരു കണക്കെടുത്തു. ഇത്തവണത്തെ സീസണിൽ 8684 പേരാണ് റാന്നിയിലെ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടി ഐ.പി. വിഭാഗത്തിൽ എത്തിയത്. ഇവിടുത്തെ രണ്ടുമൂന്നാശുപത്രികളിലെ കണക്ക് ഞാൻ എടുത്തു. ഇക്കാര്യങ്ങളൊക്കെ എത്രയോ പ്രാധാന്യത്തോടുകൂടി കാണേണ്ടതാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും ഞങ്ങളുമൊക്കെ ഒരുമിച്ച് പമ്പാസംഗമത്തിൽ പങ്കെടുത്ത ആളുകളാണ്. ശബരിമല സീസൺ ആരംഭിക്കുമ്പോൾ അയ്യപ്പനെ ഓർത്തെങ്കിലും കൂടുതൽ തസ്തികകൾ അവിടെ അനുവദിക്കണം. ഇവിടത്തെ തസ്തിക അനുവദിക്കണമെന്നുള്ള അഭ്യർത്ഥന ഗവൺമെന്റിന്റെ മുൻപിൽ വച്ചെങ്കിലും അതൊന്നും പരിഗണിക്കാൻ തയ്യാറായില്ല. ഇക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുമ്പോൾ ബഹുമാനപ്പെട്ട കെ. കെ. നായർ മുൻകൈ എടുത്ത് കോഴഞ്ചേരി ആശുപത്രിയിലെ കെട്ടിടം പണിതിട്ട് അദ്ദേഹം അന്നത്തെ മന്ത്രി ശ്രീ. ശിവദാസമേനോനോട് തസ്തിക അനുവദിക്കണമെന്ന് പറഞ്ഞു. ഒരു നിമിഷവും വൈകിയില്ല രണ്ടുദിവസത്തിനുള്ളിൽ 84 തസ്തികകൾ അനുവദിച്ച് മാതൃകാപരമായിട്ടുള്ള പ്രവർത്തനം നടത്തിയ ചരിത്രം ഈ നിയമസഭയ്ക്കുണ്ട്, ഈ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലുണ്ട്. അതുപോലുള്ള എത്രയോ അനുഭവങ്ങളുണ്ട്. അവിടെ പ്രതിപക്ഷ എം.എൽ.എ. ആണോ എന്നൊന്നും നോക്കിയിട്ടില്ല. പക്ഷേ ഇക്കാര്യത്തിൽ റാന്നി എം.എൽ.എ. എന്ന ഒറ്റക്കാരണത്താൽ തന്നെ ശബരിമല സീസണിൽ പോലും ആ താലൂക്കാശുപത്രിയിൽ തസ്തിക അനുവദിക്കാൻ തയ്യാറാകുന്നില്ല. ഒരു ഐ.പി. തുടങ്ങുവാനുള്ള തസ്തിക പോലും അനുവദിച്ചു കിട്ടിയിട്ടില്ല. അത്ര ദയനീയമായിട്ടുള്ള ഒരു സമീപനം ആണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. ഞാൻ അവിടൊരു പോളിടെക്നിക്കിന്റെ കാര്യം പറഞ്ഞു. ബഡ്ജറ്റിൽ 32 ലക്ഷം ഉണ്ട് 20 ശതമാനം ഇല്ലെങ്കിൽ സാങ്കേതിക അനുമതി കിട്ടില്ല. എത്ര നിവേദനങ്ങളാണ്. കൊടുത്തത്? കടലാസ്സിന്റെ വില പോലും കൽപ്പിക്കാൻ തയ്യാറായോ ? ഞാൻ ഇവിടത്തെ എം.എൽ.എ. മാരോടൊക്കെ അന്വേഷിച്ചു, പ്രതിപക്ഷ എം.എൽ.എ. മാരോട് അവിടെയും ഇവിടെയുമൊക്കെ ഒന്നോ, രണ്ടോ, വർക്ക് എല്ലിൻകഷ്ണം പോലെ കൊടുത്തിട്ടുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം എന്തു സമീപനം ആണ് എടുക്കുന്നത്? ഇക്കാര്യത്തിൽ നമുക്കറിയാം പ്രതിപക്ഷം ഇവിടെ ഒരു ന്യൂനപക്ഷമാണ്.

നാല് വർഷക്കാലത്തിനിടയിൽ പ്രതിപക്ഷത്തെ ഭൂരിപക്ഷം എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലും ഒരു വർക്കും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. 20 ശതമാനം പ്രൊവിഷൻ ഉണ്ടെങ്കിൽ മാത്രമേ സാങ്കേതിക അനുമതി ലഭിക്കുകയുള്ളൂ. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിച്ചിരുന്നപ്പോൾ ഏറ്റവും കൂടുതൽ വർക്ക് തുടങ്ങിയിട്ടുള്ളത് അന്നത്തെ പ്രതിപക്ഷ മെമ്പർമാരുടെ മണ്ഡലങ്ങളിലാണ്. ഞാൻ അംഗങ്ങളുടെ പേരും നിയോജകമണ്ഡലത്തിന്റെ പേരുമൊന്നും പറയുന്നില്ല. അതൊക്കെ എല്ലാപേർക്കും അറിയാം. അങ്ങനെയുള്ള മാതൃകാപരമായ സമീപനമായിരുന്നു സ്വീകരിച്ചതെങ്കിൽ ഇപ്പോൾ രാഷ്ട്രീയാടിസ്ഥാനത്തിൽ, അന്ധമായ രാഷ്ട്രീയ കണ്ണാടിയിൽക്കൂടി പ്രതിപക്ഷത്തേയും പ്രതിപക്ഷ എം.എൽ.എ.-മാരേയും കാണുന്ന ഒരു സമീപനം ഒരു ജനാധിപത്യ സംവിധാനത്തിന് ഭൂഷണമല്ലെന്നു മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റ്സിനെ എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റിനെ അനുകൂലിക്കുകയാണ്. ഇവിടെ പ്രധാനമായും 1336.25 കോടി രൂപ വരുന്ന ഈ ഡിമാന്റിൽ 491.19 കോടി രൂപ പ്ലാൻ ഇനത്തിലുള്ള ചെലവാണ്.

11.30 A.M.] 844.34 കോടി രൂപ നോൺ പ്ലാൻ ഇനത്തിലും 29.97 കോടി രൂപ കണ്ടിജൻസി ഫണ്ടിലേക്കും വേണ്ടിയുള്ള ചെലവാണ്. അഡീഷണൽ ചെലവുകൾ റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടി, കാലാകാലങ്ങളിൽ ഇറക്കിയിട്ടുള്ള ഉത്തരവുകൾ റെഗുലറൈസ് ചെയ്യുന്നതിനുവേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയെ ആർക്കും എതിർക്കുവാൻ കഴിയുന്നതല്ല. ഏതൊരു ഗവൺമെന്റിന്റെയും സുപ്രധാനമായ പ്രവർത്തനങ്ങളുടെ ഭാഗമാണെന്ന് എല്ലാവർക്കുമറിയാം. അതിനെ കേവലം കക്ഷി രാഷ്ട്രീയത്തിന്റെ കണ്ണാടിയിൽക്കൂടി കാര്യങ്ങൾ വിലയിരുത്തുന്നതിനു പകരം സംസ്ഥാനത്തിന്റെ ധനകാര്യ മാനേജുമെന്റുമായി ബന്ധപ്പെടുത്തി ഇതിനെ വിലയിരുത്തണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ചെലവുകളൊക്കെ നോക്കുമ്പോൾ ഇതൊന്നും അനാവശ്യമായി

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന ചെലവുകളല്ലെന്ന് കാണാൻ കഴിയും. വേണമെങ്കിൽ പറയാവുന്ന ഒരു കാര്യം പ്ലാൻ ഫണ്ടിൽ കൂടുതൽ പണം ചെലവാക്കണമെന്നുള്ളതാണ്. പ്ലാൻ ഫണ്ടിൽ കൂടുതൽ പണം ചെലവാക്കാനുള്ള സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഇല്ലാത്ത പണമെടുത്ത് ചെലവാക്കാൻ കഴിയില്ലെന്നുള്ള യാഥാർത്ഥ്യവും ഈ സപ്ലിമെന്ററി ഡിമാന്റിൽ ഉയർത്തിക്കാണിക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം. ഇതിൽ പി.ഡബ്ല്യു.ഡി.-ക്കുവേണ്ടി 247 കോടി രൂപ മാറ്റിവച്ചിരിക്കുകയാണ്. അത് വരാൻ പോകുന്ന കാലഘട്ടത്തിൽ കേരളത്തിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിന് പ്രാമുഖ്യം നൽകിക്കൊണ്ട് അതുവഴി ചരക്കു ഗതാഗതമടക്കം ജനങ്ങൾക്ക് ഏറ്റവും അവശ്യംവേണ്ട വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ചൂണ്ടുപലകയാണ്. തീർച്ചയായും ഇത് വളരെ സ്വാഗതാർഹമാണ്. ആരോഗ്യപരിപാലനത്തിന് ആവശ്യത്തിന് പണമുണ്ടെന്ന് ഞാൻ പറയുന്നില്ല. 37 കോടി രൂപയാണ് മാറ്റിവയ്ക്കാൻ കഴിഞ്ഞിട്ടുള്ളത്. പക്ഷെ 37 കോടി രൂപയെന്നു പറയുന്നത് തീരെ നിസ്സാരമല്ല. അതിൽ ഒരു കാര്യം പ്രതിപക്ഷ അംഗങ്ങൾ മനസ്സിലാക്കേണ്ടത് -1961-നുശേഷം നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ആരോഗ്യരംഗത്തിൽ 1500-ഓളം അഡീഷണൽ പോസ്റ്റുകൾ അനുവദിച്ചത്. ഏകദേശം നാന്നൂറോളം ഡോക്ടർമാരേയും തൊള്ളായിരത്തോളം സ്റ്റാഫ് നേഴ്സ് അടക്കമുള്ള മറ്റ് ജീവനക്കാരേയും നിയമിച്ചുകൊണ്ട് ആദ്യമായിട്ടാണ് ആരോഗ്യ പരിപാലന രംഗത്ത് ഇങ്ങനെയുള്ള ഒരു നിലപാട് ഗവൺമെന്റ് എടുത്തിട്ടുള്ളത്. ആ മാറ്റം സ്വാഗതം ചെയ്യേണ്ടതാണ്. നാട്ടിൻപുറത്തെ സാധാരണക്കാരായ ആളുകൾക്ക് ആശ്രയിക്കാൻ കഴിയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ രോഗികളെ കിടത്തി ചികിൽസിക്കാൻ സൗകര്യമുണ്ടാക്കാൻ വേണ്ടിയാണ് ഈ സ്റ്റാഫിനെ നിയമിച്ചത്. കേവലം ഒരു നേഴ്സിന്റെ കുറവുകൊണ്ട്, അല്ലെങ്കിൽ ഒരു അറ്റന്ററുടെ കുറവുകൊണ്ട് എത്രയോ ആശുപത്രികളിൽ ബെഡ്ഡുകളും മറ്റെല്ലാ സൗകര്യങ്ങളുമുണ്ടായിട്ടും രോഗികളെ കിടത്തി ചികിൽസിക്കാൻ കഴിയാത്ത ഒരു സാഹചര്യമാണുണ്ടായിരുന്നത്. ആ സാഹചര്യത്തിന് മാറ്റംവരുത്തിക്കൊണ്ട് ജനപക്ഷത്തുനിന്നുകൊണ്ട് സൃഷ്ടിപരമായി നടത്തിയ ആ നടപടികളെ കാണാതിരിക്കുന്നത് ശരിയല്ല. മറ്റൊന്ന് 145 കോടി രൂപ മാറ്റിവച്ചിരിക്കുന്നത് പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടിയാണ്. ദുർബല വിഭാഗങ്ങൾക്കുവേണ്ടിയുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ വേണ്ടിയുള്ളതിനെ എങ്ങനെയാണ് എതിർക്കാൻ കഴിയുക? അവർക്ക് കൊടുക്കാനുള്ള സ്കോളർഷിപ്പിനെ സംബന്ധിച്ചും ഹോസ്റ്റലിലെ ചെലവിനെ സംബന്ധിച്ചുമുള്ള ചെലവുകളാണ്. അതിനെ എതിർക്കാൻ കഴിയുമോ? വിദ്യാഭ്യാസത്തിന് 37 കോടി രൂപയേയുള്ളുയെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇപ്പോൾ വിദ്യാഭ്യാസ മേഖലയിൽ പല പല ഉണർവുകളും വന്നുകൊണ്ടിരിക്കുകയാണ്. ത്രിതല പഞ്ചായത്തുകൾക്ക് വിദ്യാഭ്യാസത്തിന്റെ നേതൃത്വപരമായ, അല്ലെങ്കിൽ ഭരണപരമായ അവകാശങ്ങളൊക്കെ അനുവദിച്ച് കൊടുത്തിരിക്കുകയാണ്. 75 കോടി രൂപ ജലസേചനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ്. അത് ഒഴിവാക്കാൻ കഴിയുന്ന ഒരു ചെലവല്ല. അതുപോലെതന്നെ 11 Fast Track കോടതികൾ അനുവദിച്ചു. കേസുകൾ വളരെ വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടിയുള്ള ചെലവ് ഒഴിവാക്കാൻ കഴിയുന്നതാണോ? അഞ്ച് കുടുംബ കോടതികൾ സ്ഥാപിച്ചത് സംബന്ധിച്ചുള്ള ചെലവുകളുണ്ട്. അത് ഒഴിവാക്കാൻ സാധിക്കുന്നതല്ല. സർ, കഴിഞ്ഞ നിയമസഭാ

LIBRARY ARCHIVES Kerala Legislative Assembly

സഞ്ജനകാലത്ത് പ്രതിപക്ഷങ്ങൾ വളരെ ഒച്ചപ്പാടുണ്ടാക്കിയ രജനി സംഭവവുമായി ബന്ധപ്പെട്ട അന്വേഷണത്തിനുവേണ്ടി പണം മാറ്റിവെച്ചത് ഒഴിവാക്കാൻ കഴിയുന്നതാണോ? Electoral Rolc Replace ചെയ്യുന്നതിനും de-limitation-ന് വേണ്ടിയുമുണ്ടായിരിക്കുന്ന ചെലവുകൾ മാറ്റിവയ്ക്കാൻ കഴിയുന്നതാണോ? ഇതൊക്കെ അനിവാര്യമായി നോക്കേണ്ട ചെലവുകളാണ്. അതുപോലെതന്നെ ട്രഷറികളുടെ കമ്പ്യൂട്ടറൈസേഷൻ, കുടുംബശ്രീക്കുവേണ്ടി മാറ്റിവച്ചിരിക്കുന്ന ഫണ്ടുകൾ ഇതൊക്കെ ഒഴിവാക്കാൻ കഴിയുന്നതാണോ? അതുപോലെ ഏറ്റവും സ്വാഗതാർഹമായ ഒരു കാര്യം ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി സെന്ററിനുവേണ്ടി പണം മാറ്റിവെച്ചിരിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോയി : ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളിൽ 1990-1991, 1998-1999, 1999-2000 ഈ അധിക ഉപധനാഭ്യർത്ഥനകൾ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലത്തുള്ളതാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് നന്നായി. ഞാൻ അതിലേക്ക് വരാൻ തുടങ്ങുകയായിരുന്നു. അപ്പോൾ കാലാകാലങ്ങളിൽ ഓരോ ഗവൺമെന്റും അനിവാര്യമായി ചെയ്യുന്ന ധനകാര്യ മാനേജുമെന്റിന്റെ അഡ്ജസ്റ്റുമെന്റിന്റെ ഭാഗമായിട്ടുള്ളത് മാത്രമാണ്. അത് പ്രത്യേകം പറയേണ്ടതില്ല. കാരണം അതിനെയെല്ലാം എതിർക്കുന്നുവെന്ന് പറയുന്നത് ശരിയായ ഒരു നിലപാടാണെന്ന് തോന്നുന്നില്ല. അതോടൊപ്പം വൈക്കം സത്യാഗ്രഹത്തിന്റെ കൾച്ചറൽ തനിമ നിലനിർത്തുന്നതിനും അതുമായി ബന്ധപ്പെട്ട് കൾച്ചറൽ സെന്റർ ആരംഭിക്കുന്നതിനും പണം മാറ്റിവെച്ചതും ആറളം കൃഷിഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി വന്നിട്ടുള്ള ചെലവ്, കാർഷിക കടാശ്വാസ നിയമത്തിൽ വന്നിട്ടുള്ള ചെലവ്, മണ്ഡരിരോഗം തടയുന്നതിനുവേണ്ടിവന്നിട്ടുള്ള ചെലവ്, നെൽകൃഷിക്കും അടയ്ക്കാ സംഭരണത്തിനും വേണ്ടിവന്നിട്ടുള്ള ചെലവ്, ഇതടക്കം വർത്തമാനകാലഘട്ടത്തിൽ വന്നതും പണം ചെലവഴിച്ചതും ഏറ്റവും അനിവാര്യമായ സാമ്പത്തിക നടപടികളുടെ ഭാഗമായിട്ടാണെന്നാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ നമ്മുടെ ഇക്കണോമിക് റിവ്യൂവിൽ പറയുന്ന വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളിൽ നമ്മുടെ ശ്രദ്ധയുണ്ടാകേണ്ടതുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു കാര്യം എൻ. ആർ. ഐ. ഡെപ്പോസിറ്റ് കുറഞ്ഞുവരുന്നുയെന്നുള്ളതാണ്. കേന്ദ്ര ഗവൺമെന്റ് ഇതിൻമേൽ ഒരു നികുതി ചുമത്താനുള്ള നിർദ്ദേശം വന്നതിനെത്തുടർന്നൊക്കെ വന്നിരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. പ്രത്യേകിച്ച് കേരളത്തെ അത് ഗുരുതരമായി ബാധിക്കുന്നതാണ്. അതിനെ ഗൗരവതരമായി കാണണമെന്നാണ് എന്റെ അഭിപ്രായം. Annual growth rate on NRI deposits of Kerala at the end of March, 2002 was 14.5 and the same at the end of March, 2003 was 17.0. But it declined to 4.89 at the end of March, 2004. കേരളത്തിന്റെ സമ്പദ്ഘടനയിൽ ഏറ്റവും നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന എൻ. ആർ. ഐ. ഡെപ്പോസിറ്റ് കുറഞ്ഞുവരുന്നത് ഗൗരവതരമായി വിലയിരുത്തണം. അല്ലെങ്കിൽ നമുക്ക് വലിയ അപകടം ചെയ്യും. അതുകൊണ്ട് ആ ഡെപ്പോസിറ്റ് ആകർഷിക്കാനും ആ 31,000 കോടിയിൽപ്പരം രൂപ ഫലപ്രദമായി ചെലവാക്കുന്നതിനും വലിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനോടൊപ്പം ആ ഡെപ്പോസിറ്റ് വർദ്ധിപ്പിക്കാനുള്ള നടപടികൾകൂടി തീർച്ചയായും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്. അതോടൊപ്പം തന്നെ വേറെ ഒരു പ്രധാനപ്പെട്ട കാര്യം, വേൾഡ് ബാങ്കിന്റെ ഒരു സർവ്വേയിൽ പറഞ്ഞിരിക്കുന്നത് "A recent World Bank – NCAER Survey on rural access to finance indicates that 70 per cent of the rural poor do not have a bank account and 87 per cent have no access to credit from a formal source" എന്നാണ്. ഇത് ഉത്തർപ്രദേശിലെ ഒരു ജില്ലയിലും കേരളത്തിലെ പാലക്കാട് ജില്ലയിലും നടന്ന പഠനത്തിലെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത് വളരെ ഗൗരവമായി എടുക്കേണ്ടതാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ വിദ്യാഭ്യാസ ലോൺ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഞാൻ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നിരുന്നതാണ്. ഇന്ന് കേരളത്തിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വർദ്ധിച്ചുവന്ന വിദ്യാഭ്യാസ സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് കൂടുതൽ ലോൺ ലഭിക്കേണ്ട സാഹചര്യങ്ങളെക്കുറിച്ച് ഞാൻ ചൂണ്ടിക്കാണിച്ചു. എന്നാൽ വിദ്യാഭ്യാസ ലോൺ കൊടുക്കുന്ന കാര്യത്തിൽ ബാങ്ക് മാനേജർമാർ വളരെ സ്വാഗതാർഹമല്ലാത്ത നിലപാട് എടുക്കുന്നുണ്ട്. ആ നിലപാടിനെതിരെ സംസ്ഥാന ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾക്ക് ഫീസ് കൊടുക്കാൻ കഴിയാത്തതിന്റെ പേരിൽ പറഞ്ഞുറപ്പിച്ച സാഹചര്യം നാം വിലയിരുത്തേണ്ടതാണ്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിയ കുട്ടിക്ക് അവിടെ തുടർന്ന് പഠിക്കാനുള്ള സാഹചര്യം ഒരുക്കാനുള്ള ഉത്തരവാദിത്വമുണ്ട്. തീർച്ചയായും അത് ഗൗരവമായി കാണേണ്ട വസ്തുത തന്നെയാണ്. അതുപോലെതന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾക്ക് ലോൺ കൊടുക്കുന്ന കാര്യത്തിൽ റിസർവ് ബാങ്കിന്റേയും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടേയും നിർദ്ദേശം ഫലപ്രദമായി നടപ്പാക്കാൻ മടിക്കുന്ന ബാങ്ക് മാനേജർമാർക്കെതിരെ സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കൺസൽട്ടേറ്റീവ് മീറ്റിംഗിലൊക്കെ ഗൗരവതരമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. സാധാരണക്കാരായ പാവപ്പെട്ട ആളുകൾ ബാങ്കുകളിൽ വിദ്യാഭ്യാസ ലോണിനുവേണ്ടി ഒരു പ്രാവശ്യം ചെല്ലുമ്പോൾ ആ ലോൺ ഇല്ല എന്ന് പറഞ്ഞാൽ രണ്ടാമത് ചെല്ലാൻ പല ആളുകൾക്കും പേടിയാണ്, പ്രത്യേകിച്ച് പാവപ്പെട്ട ആളുകൾക്ക്. യഥാർത്ഥത്തിൽ റിസർവ് ബാങ്കിന്റെ നിബന്ധന എന്താണെന്നു വച്ചാൽ അവിടെ അപേക്ഷാഫാറം കൊടുക്കണം. അപേക്ഷാഫാറം വാങ്ങാൻ വരുന്നവരുടെ രജിസ്റ്ററുകൾ സൂക്ഷിക്കണം. അപേക്ഷാഫാറം എന്ന് തിരിച്ചു കൊടുത്തു എന്ന് എഴുതണം. പക്ഷേ കേരളത്തിലെ ബാങ്കുകൾ ഈ നടപടികളൊന്നും നടപ്പാക്കുന്നില്ല. അതുകൊണ്ട് കേരളത്തിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് സ്വാശ്രയമേഖലയിലൊക്കെ വന്നിട്ടുള്ള ഒരു പുതിയ സാദ്ധ്യത, ലോകം മുഴുവനും അല്ലെങ്കിൽ പല സംസ്ഥാനങ്ങളും കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലേക്ക് നോക്കുന്ന ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കാൻ സർക്കാരിന് പണമില്ല എന്ന തത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലാണ് ഈ രംഗത്തേക്ക് തിരിഞ്ഞത് എന്ന് പറയുമ്പോൾത്തന്നെ ഈ കാര്യത്തിൽ ഗൗരവമായ ഒരു നിലപാട് വേണം. ഒരു നിബന്ധനയും പാടില്ല. ചില ബാങ്ക് മാനേജർമാർ പറയുന്നത് മെറിറ്റിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾക്ക് മാത്രമേ ലോൺ കൊടുക്കുകയുള്ളൂ എന്നാണ്. അങ്ങനെ ഒരു നിബന്ധന റിസർവ് ബാങ്കോ കേന്ദ്ര സർക്കാരോ പറഞ്ഞിട്ടില്ല. ഒരു കുട്ടിക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സിൽ അഡ്മിഷൻ വഴിച്ചിട്ടുണ്ടെങ്കിൽ അത് മാനേജുമെന്റ് കാറ്റഗറിയിൽ ആകട്ടെ മെറിറ്റിലാകട്ടെ ഏത് തരത്തിൽ അഡ്മിഷൻ കിട്ടിയാലും ആ കുട്ടിക്ക് ലോൺ സ്കോളർഷിപ്പിന് അർഹതയുണ്ടെന്നാണ് റിസർവ് ബാങ്കും കേന്ദ്ര ഗവൺമെന്റും പറഞ്ഞിരിക്കുന്നത്. അതിന് യാതൊരു ഈടോ ജാമ്യമോ വാങ്ങാൻ പാടില്ല. സ്ഥലം ചോദിക്കാനും പാടില്ല. ഈ നിബന്ധന 100 ശതമാനവും പാലിക്കാനുള്ള ശക്തമായ ഒരു നടപടി ഉണ്ടായില്ലെങ്കിൽ കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് ഉണ്ടായി എന്ന് പറയുന്ന കുതിച്ചുചാട്ടം പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

ശ്രീ. ജോണി നെല്ലൂർ : സ്റ്റഡി ലോൺ കൊടുക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളാണല്ലോ അങ്ങ് ഇവിടെ സൂചിപ്പിച്ചത്. പല ബാങ്കുകളും സ്റ്റഡി ലോൺ കൊടുക്കാമെന്ന് പറഞ്ഞ് കുട്ടികളേയും രക്ഷാകർത്താക്കളേയും പ്രോത്സാഹിപ്പിക്കുകയും അഡ്മിഷനൊക്കെ തരപ്പെടുത്തി വന്നശേഷം അതിൽനിന്നും പിൻമാറുകയും ചെയ്യുന്നതുവഴി നിരവധി കുട്ടികൾ കടുത്ത നിരാശയിൽ ആത്മഹത്യയിലേക്ക് നീങ്ങുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ടി. തോമസ് : തീർച്ചയായും അങ്ങനെയുള്ള ധാരാളം സംഭവങ്ങളുണ്ട്. കേരളത്തിലെ മുഴുവൻ പൊതു പ്രവർത്തകരും രാഷ്ട്രീയ നേതാക്കൻമാരും ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. കേന്ദ്ര ഗവൺമെന്റും റിസർവ് ബാങ്കും പാവപ്പെട്ടവർക്ക് ലോൺ കൊടുക്കണമെന്ന് വ്യക്തമാക്കിയിരിക്കേ ലോണിനുവേണ്ടി ചെല്ലുന്നവരോട് ബാങ്ക് കൊള്ളയടിക്കാൻ ചെല്ലുന്ന ആളുകൾ എന്ന രീതിയിലുള്ള ഒരു നിലപാടാണ് ഇന്ന് സ്വീകരിക്കുന്നത്. ശ്രീമാൻ എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഈ കാര്യം ചൂണ്ടിക്കാണിച്ചു. അദ്ദേഹം സംസ്ഥാനതലത്തിൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടുകയും കുറേ നടപടികളുമായി മുന്നോട്ടു പോവുകയും ചെയ്തതാണ്. വീണ്ടും മാനേജർമാർ വളരെ നിസംഗ മനോഭാവം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് കുട്ടികളാണ് ബാങ്ക് ലോൺ പ്രതീക്ഷിച്ചു പോയിരിക്കുന്നത്. ലോൺ കൊടുത്താൽ മാത്രം പോര. തിരിച്ചടവിന്റെ കാലാവധി വർദ്ധിപ്പിക്കണം. ഇപ്പോഴുള്ള നിബന്ധനയനുസരിച്ച് ഒന്നുകിൽ ജോലി കിട്ടിയാലുടൻ അല്ലെങ്കിൽ പഠനം കഴിഞ്ഞ് ഒരു വർഷത്തിനകം. അങ്ങനെ തിരിച്ചടയ്ക്കാൻ പറ്റില്ല. വിദ്യാഭ്യാസ ലോണിന് പത്ത് വർഷത്തെ കാലാവധിയെങ്കിലും കൊടുക്കണം. ഇവിടെ ഏഴ് ശതമാനവും എട്ട് ശതമാനവും പലിശയ്ക്കാണ് കാറിന് ലോൺ കൊടുക്കുന്നത്. വിദ്യാഭ്യാസ ലോണിന് പന്ത്രണ്ടര ശതമാനമാണ് പലിശ കൊടുക്കുന്നത്. വിദ്യാഭ്യാസ ലോണിന് നാലോ അഞ്ചോ ശതമാനമാക്കി പലിശ കുറയ്ക്കാനുള്ള നടപടിയുണ്ടാകണം. വേണ്ടിവന്നാൽ ഒരു നിയമനിർമ്മാണം നടപ്പാക്കണം. അതിനുവേണ്ടി സമ്മർദ്ദം ചെലുത്തണം. അങ്ങനെ വിദ്യാഭ്യാസ ലോണിനുള്ള ഇന്ററസ്റ്റ് കുറച്ചുകൊണ്ട് വരികയും തിരിച്ചടവിന്റെ കാലാവധി വർദ്ധിപ്പിക്കുകയും ആവശ്യമുള്ള ആളുകൾക്ക് മുഴുവനും ലോൺ കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണം. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിന് പോകുന്ന കുട്ടികൾക്ക് മാത്രമല്ല, ഡിഗ്രി ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് പോലും ലോൺ ആവശ്യമുണ്ട്. അതുകൊണ്ട് ആ ലോൺ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം എന്ന് ഈ അവസരത്തിൽ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകമായി ചൂണ്ടിക്കാണിക്കുന്നു. കേരള ധനകാര്യ ഉത്തരവാദിത്വ ബിൽ ഇവിടെ അവതരിപ്പിച്ചു. ഈ പ്രാവശ്യത്തെ ബഡ്ജറ്റിൽ രണ്ട് പ്രത്യേകതകളാണുള്ളത്. ആ പ്രത്യേകതകൾ ബഡ്ജറ്റിന്റെ ചർച്ചയിൽ വരേണ്ടതാണ്. ആ ബിൽ അവതരിപ്പിച്ചതിനു ശേഷം വരുന്ന ബഡ്ജറ്റ്. മറ്റൊന്ന് ഒരു സമ്പൂർണ്ണ ബഡ്ജറ്റാണ് എന്നുള്ളതാണ്. ഈ സപ്ലിമെന്ററി ഡിമാന്റിനെ പിന്തുണച്ചുകൊണ്ട് സംസാരിക്കുമ്പോൾ ഏപ്രിൽ 1-ാം തീയതിക്കു മുമ്പ് ബഡ്ജറ്റ് പാസാക്കുകയും സാദ്ധ്യതകൾ അനുസരിച്ച് ഹലപ്രദമായി 12 മാസവും പണം ചെലവഴിക്കാൻ കഴിയുകയും ചെയ്യുന്ന ഒരു ഫുൾ ബഡ്ജറ്റ് അവതരിപ്പിച്ചതുകൊണ്ട് നാളെകളിൽ ഇത്തരം കാര്യങ്ങളിൽ കുറേക്കൂടി സുതാര്യത ഉണ്ടാകും എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായി ഞാൻ കാണുകയാണ്. അതോടൊപ്പംതന്നെ വർഷംതോറും വർദ്ധിച്ചുവരുന്ന ഇത്തരം കാര്യങ്ങളിൽ ഇപ്രാവശ്യം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കേരളത്തെപോലുള്ള ഒരു സംസ്ഥാനം വളരെ ഗുരുതരമായ കടത്തിലേക്ക് വരുന്നു. ഒന്ന്, വർദ്ധിച്ചുവരുന്ന പലിശ നിരക്കാണ്. 17 ശതമാനം കണ്ട് പലിശ നിരക്ക് വർദ്ധിച്ചിരിക്കുന്നു. അതേസമയം മൂലധനച്ചെലവ് കുറഞ്ഞു കുറഞ്ഞ് വരികയാണ്. മൂലധനച്ചെലവ് വർദ്ധിച്ചുവരികയും പലിശ നിരക്ക് കുറച്ചുകൊണ്ട് വരികയും ചെയ്താൽ മാത്രമേ ആരോഗ്യകരമായ ഒരു സാമ്പത്തിക മേഖലയായി അല്ലെങ്കിൽ സാമ്പത്തിക മാനേജുമെന്റായി നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ നിലനിർത്തിക്കൊണ്ടു പോകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് തീർച്ചയായും ഇത് ഈ പ്രാവശ്യത്തെ ബഡ്ജറ്റ് ചർച്ചയിൽ പറയും. ബഡ്ജറ്റിൽ ആരുടെയെങ്കിലും മേൽ നികുതിഭാരം അടിച്ചേൽപ്പിച്ചുവെന്ന് ആരും ഇതുവരെ പറഞ്ഞിട്ടില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ കോൺട്രിബ്യൂട്ടറി പെൻഷൻ പോലെയുള്ള പദ്ധതികളുമായി വന്ന് സംസ്ഥാനം നേരിടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കണം. ഉദാഹരണത്തിന് പെൻഷനാകാം, പലിശയാകാം. ആ മേഖലയിലൊക്കെ ഗൗരവതരമായ ഒരു സമീപനം സ്വീകരിച്ചുകൊണ്ടുകൂടി വേണം മുന്നോട്ടു പോകേണ്ടത് എന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ : കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പിലാക്കണമെന്നാണോ അങ്ങയുടേയും ഭരണകക്ഷികളുടേയും അഭിപ്രായം?

ശ്രീ. പി. ടി. തോമസ് : തീർച്ചയായും. നൂറ് ശതമാനവും ഞാൻ അതിനെ പിന്തുണയ്ക്കുന്നു. അതിന്റെ യഥാർത്ഥ വസ്തുത എന്റെ സ്നേഹിതൻ ദേവകുമാർ മനസ്സിലാക്കുമ്പോൾ ഞങ്ങൾക്കു മുമ്പിൽ ഓടി അത് നടപ്പിലാക്കണമെന്ന് അങ്ങ് പറയും. 12-ാം ധനകാര്യ കമ്മീഷനിൽ അതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളുണ്ട്. 11-ാം ധനകാര്യ കമ്മീഷൻ പതിമൂന്നായിരം കോടി രൂപയാണ് അഞ്ച് വർഷത്തേക്ക് അനുവദിച്ചതെങ്കിൽ ഏകദേശം പത്തൊൻപതിനായിരം കോടി രൂപയുടെ അവാർഡ് വന്നിട്ടുണ്ട്. ഏകദേശം മൂവ്വായിരത്തി അഞ്ഞൂറ് കോടി രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്. അത് വളരെ സ്വാഗതാർഹമാണ്. റെയിൽവേ ബഡ്ജറ്റിൽ നമുക്ക് കേരളത്തോട് തികഞ്ഞ അവഗണനയാണുള്ളത്. അത് സംബന്ധിച്ച് ഈ സഭ ഒന്നടങ്കം വികാരം പ്രകടിപ്പിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക് : 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡിനെ അങ്ങ സ്വാഗതം ചെയ്യുകയാണോ?

ശ്രീ. പി. ടി. തോമസ് : കഴിഞ്ഞ 11-ാം ധനകാര്യ കമ്മീഷന്റെ പരിഗണനയുമായ ബന്ധപ്പെട്ട് നോക്കുമ്പോൾ മെച്ചപ്പെട്ട സൗകര്യം ഉണ്ട് എന്നാണ് ഞാൻ പറഞ്ഞത്.

ഡോ. തോമസ് ഐസക് : അതിനേക്കാൾ 50 ശതമാനത്തിലേറെ കൂടുതല തുകയാണ് 12-ാം ധനകാര്യ കമ്മീഷന്റെ മൊത്തം അവാർഡ്.

ശ്രീ. പി. ടി. തോമസ് : ഞാൻ അതല്ല പറഞ്ഞത്. ഉദാഹരണത്തിന് കഴിഞ്ഞ പ്രാവശ്യം മൂവായിരം കോടി രൂപ 11-ാം ധനകാര്യ കമ്മീഷന്റെ മുമ്പിൽ ചോദിച്ചിട്ട ഏകദേശം ആയിരം കോടിയിൽ താഴെ മാത്രമേ കിട്ടിയിരുന്നുള്ളൂ. ചൂരുക്കത്തിൽ കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് അർഹമായ ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്നതിലും റയിൽവേ ബഡ്ജറ്റ് അടക്കമുള്ള നമുക്ക് അവകാശപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്നതിലുമൊക്കെ ഇന്ന് ഈ സഭ പ്രകടിപ്പിച്ച ഒത്തൊരുമയുടേതായ, ഐക്യത്തിന്റേതായ ഒരു നിലപാട് തീർച്ചയായും കേരളത്തിന്റെ സാമ്പത്തിക രംഗത്ത് ഒരു പുതുമയാർന്ന മാറ്റത്തിന് തുടക്കംകുറിക്കു എന്ന് ഞാൻ വിചാരിക്കുകയാണ്. അതുപോലെതന്നെ ഈ ഗവൺമെന്റിന്റെ മറ്റൊര പ്രധാനപ്പെട്ട കാര്യം State's Own Tax Revenue-ൽ വന്നിട്ടുള്ള വർദ്ധനവാണ്. അതു സ്വാഗതാർഹമായ ഒന്നാണ്. എന്നാൽ ഈ രംഗത്ത് നമുക്ക് അൽപ്പംകൂട മുന്നോട്ടുപോകാൻ കഴിയും എന്ന് പല സംഭവങ്ങളും വിലയിരുത്തിയാൽ നമുക്ക കാണാൻ കഴിയും. "State's Own Tax Revenue in 2003-04 witnessed a moderate growth of 9.86 per cent as against the growth of 23.3 per cent in 2002-03. The total own tax realised during 2003-04 was ₹ 8022.27 crore, out of which, ₹ 5991.43 crore (74.08 per cent) was by way of sales tax and ₹ 655 crore (8.1 per cent) by way of State excise duties." ചെറിയ ഒരു ടാക്സിന്റെ വർദ്ധനവ്, ആ വർദ്ധനവ് ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകാൻ നമുക്ക് കഴിയേണ്ടതാണ് അതുപോലെതന്നെ ലോട്ടറിയെ സംബന്ധിച്ച ഒരു ബിൽ ഇവിടെ വരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. അതിലും ഇതുപോലെതന്നെ പ്രതിപക്ഷവും ഭരണപക്ഷവും ഒരേ പൊതു നിലപാട് എടുത്തിട്ടുണ്ട്. തീർച്ചയായും കേരളത്തിന് വെളിയിൽനിന്ന് വരുന്ന ലോട്ടറിയെ ഫലപ്രദമായി നേരിടണം. നമ്മുടെ സംസ്ഥാനത്ത് നടന്നുവന്നിരുന്ന സ്റ്റേറ്റ് ലോട്ടറി, ആ ലോട്ടറിയെ ആശ്രയിച്ചുകഴിയുന്നവർ, ആ ലോട്ടറിയുടെ വരുമാനം അതെല്ലാം ശക്തമായി നിലനിർത്തിക്കൊണ്ടുതന്നെ കേരളത്തിനുവെളിയിൽ നിന്നുവരുന്ന ലോട്ടറികളെ നിയന്ത്രിക്കാനുള്ള കർക്കശമായ നിയമം നടപ്പിലാക്കുമ്പോൾ എനിക്ക് ഒരു സന്ദേഹമുണ്ട്. കാരണം, കേന്ദ്ര ലോട്ടറി നിയമത്തിൽ ലോട്ടറിയെ നിർവ്വചിച്ചിരിക്കുന്നത any form of lottery എന്നാണ്. any form of lottery എന്നുപറയുമ്പോൾ ഈ നിരോധനം എത്രമാത്രം ഫലപ്രദമാകും എന്ന സന്ദേഹം ഞാൻ ഈ അവസരത്തിൽ പ്രകടിപ്പിക്കുകയാണ്. ലോട്ടറിയുടെ കാര്യത്തിൽ നിയമസഭയുടെ പ്രൊട്ടക്ഷന്റെ പേരിൽ മാത്രം പറയുകയല്ല, ഞാൻ അത് വെളിയിലും പറയുന്ന ഒരു കാര്യമാണ്. ലോട്ടറിയുടെ കാര്യത്തിൽ കേരളത്തിലെ രാഷ്ട്രീയ നേതൃത്വമോ ഭരണ നേതൃത്വമോ അതല്ലെങ്കിൽ കേസ് നടത്തുന്നതിലെ വീഴ്ചയിലോ ഒക്കെ തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുന്നതിന

LIBRARY ARCHIVES Kerala Legislative Assembly

തെറ്റില്ല. പരമാധികാരമുള്ള അല്ലെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെയും ഉന്നതരായ ജഡ്ജിമാരുടെ ഭാഗത്തുനിന്നും വളരെ ഗുരുതരമായിട്ടുള്ള പരാമർശങ്ങൾ ലോട്ടറിയുടെ കാര്യത്തിൽ വരുന്നത് അനുവദിക്കാൻ കഴിയുന്നതാണോ? ഞാൻ ആ ഉന്നത നീതിപീഠത്തെ ചോദ്യം ചെയ്യുകയല്ല. കേരളത്തിലെ ചീഫ് സെക്രട്ടറിയോട് അകത്തുപോകേണ്ടിവരും എന്ന് ഒരു സുപ്രീകോടതിയുടെ ഉന്നതനായ ജഡ്ജി പറയുകയും, അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം പാസ്സാക്കിയ നിയമം പിൻവലിക്കണം, പിൻവലിക്കാം എന്നുപറയുകയും ചെയ്യുന്ന അവസ്ഥ ഒരിക്കലും ശരിയല്ല. എന്റെ അഭിപ്രായത്തിൽ ചീഫ് സെക്രട്ടറി അകത്തേക്ക് പോയാലും ആ നിയമം പിൻവലിക്കാം എന്ന് പറയാൻ പാടില്ല. കാരണം 1999-ൽ തലനാരിഴ പിരിച്ച് ആ നിയമം സുപ്രീംകോടതി പരിശോധിച്ചതാണ്. സുപ്രീംകോടതി ആ നിയമത്തിൽ വെള്ളം ചേർക്കാൻ മുന്നോട്ട് വന്നില്ല. സുപ്രീംകോടതി അത് പരിപൂർണ്ണമായി അംഗീകരിച്ചു. ഇവിടെ ബഹുമാനപ്പെട്ട ഹൈക്കോടതിയിലും ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും ഉള്ള ഉന്നതരായ ജഡ്ജിമാർക്ക് എന്തുകൊണ്ട് ഒരു സോഷ്യൽ കമ്മിറ്റ്മെന്റ് ഉണ്ടാകുന്നില്ല? ലോട്ടറിക്കാരുമായി ബന്ധപ്പെട്ട് കേരളത്തിൽ ധനകാര്യമന്ത്രിയേയും, അല്ലെങ്കിൽ രാഷ്ട്രീയ നേതൃത്വത്തെയും, ഉദ്യോഗസ്ഥവൃന്ദത്തെയും, വക്കീലൻമാരെയുമൊക്കെ പരസ്യ വിചാരണ ചെയ്തു കൊണ്ടിരിക്കുമ്പോൾ ഇങ്ങനെ ഒരു ചർച്ച കേരളത്തിൽ ആരും ആരംഭിക്കാത്തതെന്താണ്? തീർച്ചയായും ലോട്ടറിയുടെ കാര്യത്തിൽ ഈ സാമൂഹ്യ പ്രതിബദ്ധത എല്ലാ മേഖലകളിലും ഉണ്ടാകണം. കോടതിയിൽ വാദിക്കുന്ന ഒരു വക്കീലിന് ഒരു വീഴ്ച വന്നാൽ അതുൾപ്പെടെ ചൂണ്ടിക്കാണിക്കാൻ കെൽപ്പുള്ളവരും പണ്ട് സുപ്രീം കോടതിയിൽ ഇതിനെ നിർവചിച്ചവരുമായ ബഹുമാന്യരായ ജഡ്ജിമാർ ആ തരത്തിലേക്ക് ഉയർന്നതായി കാണാതെവന്നത് ലോട്ടറിയുടെ കാര്യത്തിൽ ഉണ്ടായ ഒരു വീഴ്ചയാണ്. ദിശാബോധത്തോടെ മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ ഈ ഉപധനാഭ്യർത്ഥന തീർച്ചയായും നാളെകളിൽ ഇവിടെ നടക്കുന്ന ബഡ്ജറ്റ് ചർച്ചയുമൊക്കെയായി ബന്ധപ്പെട്ട് കൂടുതൽ വിപുലീകരിച്ച് കടന്നുവരുന്ന ഈ ഘട്ടത്തിൽ തീർച്ചയായും ഈ ഗവൺമെന്റിന്റെ വ്യക്തമായ ദിശാബോധത്തിന്റെ പ്രതിബിംബമായി കൂടി ഞാൻ ഇതിനെ കാണുകയാണ്. ഞാൻ ഇതിനെ അനുകൂലിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം: സർ, സംസ്ഥാനത്തിന്റെ ധനക്കമ്മി 2007 ആകുമ്പോഴത്തേക്കും സീറോയിൽ എത്തിക്കാം എന്ന പ്രതീക്ഷ പുലർത്തുന്ന ഒരു ധനകാര്യബിൽ പാസ്സാക്കിയ സഭയാണിത്. അങ്ങനെ ഒരു നിയമം പാസ്സാക്കാൻ ഇടയായ സാഹചര്യങ്ങളും സമ്മർദ്ദങ്ങളും ഞാൻ പറയേണ്ടതില്ല. ധനവിനിയോഗത്തിൽ കാണിക്കേണ്ട ചുമതലയെപ്പറ്റിയാണ് എടുത്തുപറയേണ്ടത്. ഏതു ഭരണവുമാകട്ടെ, ആ ഭരണത്തിൽ എല്ലാം കൊടുക്കുമ്പോഴും വാങ്ങുമ്പോഴും പാലിക്കേണ്ട ബാദ്ധ്യതകൾ നാം പലപ്പോഴും മറന്നുപോകുന്നുണ്ട്. ഈ സഭയോട് ആവശ്യപ്പെടുന്നത് 1990-1991 മുതൽ 1999-2000 വർഷം വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളും അതോടൊപ്പം 2004-2005 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകളും പാസ്സാക്കണമെന്നാണ്. 1990-1991 സാമ്പത്തിക വർഷം മുതലുള്ള എല്ലാ കാര്യങ്ങളും പറയാൻ നമുക്ക് ആർക്കും ഇപ്പോൾ സാദ്ധ്യമല്ല. രേഖകൾ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ മുന്നിൽ ഇപ്പോൾ ഇല്ല. പക്ഷെ ഈ രീതിക്ക് മാറ്റം വരണം. ഇത് പത്തും പതിനഞ്ചും കൊല്ലം പിറകോട്ടുപോയിട്ടുള്ളതാണ്, ഞാൻ അതിൽ പക്ഷം പറയുകയല്ല. നമ്മൾ ഇവിടെ ബാദ്ധ്യത ഏറ്റെടുത്തിരിക്കുന്നത് പുജ്യം ലെവലിലേക്ക് നമ്മുടെ കമ്മി എത്തിക്കും എന്നുപറയുമ്പോൾ ഈ സഭയ്ക്കും ഗവൺമെന്റിനും, ഭരണ മെഷീനറിക്കുമുള്ള ബാദ്ധ്യതയെപ്പറ്റി നമുക്ക് എല്ലാവർക്കുമുള്ള ചുമതലയെപ്പറ്റി സൂചിപ്പിക്കുകയാണ്. അതുപോലും അപ്പുറത്തുള്ള മാന്യ സുഹൃത്തുക്കൾക്ക് അരോചകമായതിൽ സങ്കടമുണ്ട്. എന്തായിരുന്നാലും 2004-2005 സാമ്പത്തിക വർഷത്തിലേക്കുള്ള ഉപധനാഭ്യർത്ഥനയെ എതിർക്കാനേ കഴിയൂ. മറ്റൊന്നും കൊണ്ടല്ല, സംസ്ഥാനത്തിന്റെ വികസനത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് ഈ ഗവൺമെന്റ് ശരിയായ വഴിക്കല്ല എടുക്കുന്നത്. ഗവൺമെന്റിന്റെ വാഗ്ദാനങ്ങളെല്ലാം വളരെ മഹത്തരമായിരിക്കാം. പക്ഷെ നോക്കുന്ന പ്രവർത്തനങ്ങളുടെ രീതി ഒട്ടും ഗുണകരമല്ല. 1336.25 കോടി രൂപയാണ് ഇപ്പോൾ പുതുതായി ആവശ്യപ്പെടുന്നത്. അതിന്റെ വകുപ്പും കാര്യങ്ങളുമെല്ലാം ഇവിടെ പല സുഹൃത്തുക്കളും സൂചിപ്പിച്ചു. ഞാൻ ആവർത്തിക്കേണ്ടതില്ല. ഏറ്റവും വലിയ വിഷയം സംസ്ഥാന വികസനത്തിനുവേണ്ടി ചെലവഴിക്കപ്പെടുന്ന പണം എത്രയാണ്? ഇവിടെ ആവശ്യപ്പെട്ട സംഖ്യയുടെ കഷ്ടിച്ച് 15 ശതമാനം മാത്രമാണ് മൂലധനച്ചെലവായി ചൂണ്ടിക്കാണിക്കുന്നത്. ബാക്കി എല്ലാം റവന്യൂ ചെലവായി മാറുകയാണ്. ഒരു വലിയ ഭരണയന്ത്രത്തെ തീറ്റിപ്പോറ്റാൻ വേണ്ടി ജനങ്ങൾ തരുന്ന നികുതി പണം നാം ഇങ്ങനെ ചെലവഴിച്ചു കൊണ്ടിരിക്കുന്നു. കാട്ടിലെ തടി, തേവരുടെ ആന, വലിയെടാ വലി എന്ന മട്ടിൽ ഈ റവന്യൂ ചെലവ് ഇതുപോലെ വർദ്ധിപ്പിക്കാൻ മാത്രം വ്യവസ്ഥ നൽകുന്ന സമീപനം മാറുകയും നമ്മുടെ റവന്യൂ ചെലവിന്റെ ഭാഗത്തിൽനിന്നും എങ്ങനെ എല്ലാ ധൂർത്തുകളും ആർഭാടങ്ങളും അനാവശ്യങ്ങളും, ലാൻസർ കാറുകൾ ഇതെല്ലാം ഒഴിവാക്കാൻ കഴിയുമോ അതെല്ലാം ഒഴിവാക്കിയിട്ട് നമ്മുടെ നിക്ഷേപങ്ങൾക്കുള്ള വർദ്ധനവിനെക്കുറിച്ച് ചിന്തിക്കേണ്ടിവരുമ്പോഴാണ് നാം ഗവൺമെന്റിന്റെ ഫിനാൻഷ്യൽ മാനേജ്മെന്റിന്റെ ഏറ്റവും ഗൗരവമേറിയ വീഴ്ചകൾ കാണുന്നത്. പരമ്പരാഗത മേഖലയോടുള്ള സമീപനം എന്താണ്? ലക്ഷങ്ങൾക്ക് ജീവിതം കൊടുക്കുന്ന ആ മേഖലയോട് ഈ ഗവൺമെന്റിന് വേണ്ടത്ര പരിഗണനയില്ല. തോട്ടങ്ങൾ, ചെറുകിട വ്യവസായങ്ങൾ, കയർ മേഖല, കാർഷിക മേഖല ഇതിനെപ്പറ്റിയെല്ലാം പറയുമ്പോൾ നമുക്ക് കരയേണ്ടിവരുന്നു. പതിനായിരം ഹെക്ടർ ഭൂമി കൂടി നെൽക്കൃഷിക്കായി വ്യാപിപ്പിക്കും എന്നും ഒരുലക്ഷം പേർക്ക് പുതുതായി പണികൊടുക്കും എന്നും പറഞ്ഞിരിക്കുന്ന ഗവൺമെന്റാണിത്. അത് കൊടുക്കാൻ പോകുന്നത് എങ്ങനെയാണ്? സർക്കാരിന്റെ കൈയിൽ വല്ല മാന്ത്രിക വടിയും ഉണ്ടോ? ഉണ്ടെങ്കിൽ പറയണം. എന്നാൽ പറ്റും. അല്ലാതെ ഇന്നത്തെ അവസ്ഥയിൽ നെൽക്കൃഷി

12 Noon] ലാഭകരമാകുമെന്നുള്ള കാര്യത്തിന് ഉറപ്പൊന്നും കൊടുക്കാത്ത ഗവൺമെന്റിന് എത്രയെല്ലാം സർക്കസ് കാണിച്ചാലും ശരി പതിനായിരം ഹെക്ടർ ഭൂമിയിലേക്ക് കൂടി നെൽക്കൃഷി വ്യാപിപ്പിക്കാനും ഒരുലക്ഷം പേർക്ക് പുതുതായി പണി കൊടുക്കാനും കഴിയില്ല. അതെല്ലാം കാർഷിക വകുപ്പ് നോക്കിക്കൊള്ളുമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത്. അവർ നോക്കിയാലും നിങ്ങൾ അവരെ സഹായിച്ചാലും ഇന്നത്തെ അവസ്ഥയിൽ,

LIBRARY ARCHIVES Kerala Legislative Assembly

നെൽക്കൃഷിയുടെ കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ, എല്ലാ പാടശേഖരങ്ങളിലും കുട്ടനാട്ടിലും പാലക്കാടുമടക്കം കൊയ്തുവച്ച നെല്ല് കൂമ്പാരം കൂടി കിടക്കുകയാണ്. കൃഷിക്കാരൻ കാത്തിരിക്കുകയാണ്. അവൻ വാങ്ങിച്ച കടത്തിന്റെ പലിശയും പിഴപ്പലിശയും പെരുകുകയാണ്. ഈ നെല്ലെല്ലാം വാങ്ങാൻവേണ്ടി പ്രഖ്യാപിക്കപ്പെട്ട തറവിലയുമായിട്ട് ഏജൻസി വരുന്നു എന്ന് ഗവൺമെന്റ് പറയുന്നു. ഫെഡറേഷന്റെ പ്രഖ്യാപനം വന്നു, പക്ഷെ പ്രാഥമിക സഹകരണസംഘങ്ങളിൽ എവിടേയും പണം എത്തിയിട്ടില്ല. എവിടേയും ആരും നെല്ല് സംഭരിക്കുന്നില്ല. ആ വിഷയം നെല്ലിന് മാത്രമല്ല, കുരുമുളകിനുണ്ട്, കൊപ്രയ്ക്കുണ്ട്. അങ്ങനെവരുമ്പോൾ കാർഷികമേഖലയിലെ പ്രശ്നങ്ങളെപ്പറ്റിയുള്ള പരിഗണന വേണ്ടത്ര പ്രായോഗികമായി പ്രതിഫലിപ്പിക്കാൻ കഴിയാത്ത ഒരു സമീപനമാണ് ധനകാര്യ കാര്യങ്ങളിലെല്ലാം ഗവൺമെന്റിനുള്ളത്. അതിന് മാറ്റം വന്നേ മതിയാകൂ. ഈ ഉപധനാഭ്യർത്ഥന നോക്കിയാൽ അതിന് പറ്റിയ പോംവഴിയൊന്നും കാണുന്നില്ല. പോലീസിനുവേണ്ടി ഉദാരമായി ഗവൺമെന്റ് പത്തുകോടി രൂപ മാറ്റിവച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിനുവേണ്ടി മാറ്റിവച്ചത് മുപ്പത്തിയൊൻപത് കോടി രൂപയാണ്. അതിൽ പക്ഷെ ഒന്നരക്കോടി മാത്രമാണ് നമ്മുടെ കൃാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ്. അവിടെയും ചെലവുകൾ കൂടുതലുള്ളത് റവന്യൂ എക്സ്പെൻഡിച്ചറിന് തന്നെയാണ്. പത്തുകോടി രൂപ പോലീസിനുവേണ്ടി ചെലവഴിക്കുന്നു,. അവർ എന്താണ് ചെയ്യാൻ പോകുന്നത്, പോലീസിനെ നവീകരിക്കാൻ എന്താണ് മാർഗം? പുവാറിൽ ഇന്നലെ വെടിവെയ്പ് നടന്നു. അവിടെ സംഘർഷാവസ്ഥയാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ കൊടുക്കേണ്ട പോലീസ്, ആ പോലീസ് എല്ലാ സ്ഥലങ്ങളിലും ആ ജനഹിതത്തെ മാനിക്കുന്ന കാലം ആകെ മാറിക്കൊണ്ടിരിക്കുന്നു. ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾ സംബന്ധിച്ച് ആരെങ്കിലും ചോദ്യം ചോദിച്ചാൽ അതിനെയെല്ലാം അടിച്ചമർത്താനുള്ള റിപ്രസീവ് ഏജൻസിയായി ഈ പോലീസ് മാറുകയാണ്, ഇതാണോ ഒരു മോഡേൺ പോലീസ്? സർ, വർഗീയ ഭീകരത എല്ലായിടത്തും പെരുകിവരികയാണ്. പത്തുകോടി രൂപ കൊടുക്കുന്ന സമയത്ത് ഗവൺമെന്റ് ചിന്തിക്കണം. മാറാട് കലാപത്തിന്റെ സാദ്ധ്യതയെപ്പറ്റി പൂണ്ടിക്കാണിക്കുന്ന ഒരു ഇന്റലിജൻസ് റിപ്പോർട്ട് ഉണ്ടായിരുന്നു. ആ റിപ്പോർട്ട് യഥാസമയത്ത് കിട്ടി, കോഴിക്കോട്ടെ പോലീസ് കമ്മിഷണർ ആ റിപ്പോർട്ടിന്റെ മേൽ കൃത്യമായി അടയിരുന്നു. പുറത്തുപറയാതെ, എവിടെയെല്ലാം അറിയിക്കണമോ അവിടെയെല്ലാം അറിയിക്കേണ്ട ഉദ്യോഗസ്ഥൻ അറിയിക്കാതെ കയ്യിൽ കിട്ടിയ ആ റിപ്പോർട്ട് പൂഴ്ത്തിവച്ചു. അവിടെ കലാപമുണ്ടായി. കലാപം പടർന്നുപിടിച്ചു. ആളുകൾ മരിച്ചു. ഇരുഭാഗത്തും നഷ്ടമുണ്ടായി. നമ്മൾ ഒരു പാഠവും പഠിക്കുന്നില്ല. വിശ്വാസങ്ങളുടേയും മറ്റും പേരിൽ തന്നെയായിരിക്കും പൂവാറിലും ഉണ്ടായിരിക്കുന്നു അതേ സംഘർഷം. ചെറുതായി തീരാവുന്ന സംഘർഷങ്ങളെ പെരുതായിട്ടു തീർക്കണ്ടേ? അത് വലുതാക്കാൻ അവസരം കൊടുക്കണമോ? കേരളത്തിൽ തീവ്രവാദികൾ ശക്തിപ്പെടുകയാണ്. അതൊരു ആഗോള പ്രതിഭാസമാണ്. ലോകത്തിലുള്ള എല്ലാ രാജ്യങ്ങളിലും ഉള്ളതുപോലെ തന്നെ ഇൻഡ്യയിലും മതാധിഷ്ഠിതമായ തീവ്രവാദ പ്രവർത്തനം ശക്തിപ്പെടുമ്പോൾ തീവ്രവാദ പ്രത്യയശാസ്ത്രംപോലും പല സ്ഥലങ്ങളിൽ വ്യാപിക്കുമ്പോൾ ജനങ്ങളെ ഭിന്നിപ്പിക്കാനായി തീവ്രവാദികൾ പുതിയപുതിയ

LIBRARY ARCHIVES Kerala Legislative Assembly

തന്ത്രങ്ങൾ പയറ്റുമ്പോൾ നമ്മുടെ പോലീസിന് യാതൊരു പുതിയ സമീപനവും ഇല്ല. അവർ ഇപ്പോഴും പഴയ പ്രാകൃതമായ അതേ മാർഗം സ്വീകരിച്ചുകൊണ്ട് എക്സ്ട്രിമിസ്റ്റുകളെയെല്ലാം നേരിടാമെന്ന് കരുതുന്നുവെങ്കിൽ അങ്ങനെ നേരിടാൻ കഴിയുന്ന പെറിയ പ്രതിഭാസമല്ല അത്. ഈ പോലീസിന്റെ സമീപനത്തിൽ, അവരുടെ കേസ് അന്വേഷണത്തിൽ ആവശ്യമായിട്ടുള്ള ശാസ്ത്രീയമായ പുതിയ കാര്യങ്ങളോ, ആശയപരമായ പരിശീലനത്തിന്റെ കോപ്പുകളോ കാണുന്നില്ല. പകരം ഇലക്ട്രിക് വാത്തികൾ വാങ്ങിക്കാനും, പാവപ്പെട്ട വിദ്യാർത്ഥികളെ അടിച്ചമർത്താനും അവരെ ഏറ്റവും ക്രൂരമായി തല്ലിയൊതുക്കാനുമുള്ള സംവിധാനങ്ങൾക്ക് വേണ്ടിയാണ് ഈ പത്തുകോടി രൂപ മാറ്റിവയ്ക്കാൻ പോകുന്നത്. ഉദ്യോഗസ്ഥ മേധാവികളുടെ വലിയ ബംഗ്ലാവുകൾ അലങ്കരിക്കാൻ, തോട്ടങ്ങൾക്ക് മോടികൂട്ടാൻ, യാത്രകൾക്ക് ഇന്ധനമേകാൻ അതിനൊക്കെ വേണ്ടിയുള്ള പണച്ചെലവിന്റെ അവസ്ഥ മാറ്റിയിട്ട് ജനങ്ങൾക്ക് ഉതകുന്ന മട്ടിലുള്ള ഒന്നായി പോലീസ് സേനയെ മാറ്റിയെടുക്കാൻ സാധിക്കുമോ ?

ഈ കേരളാ പോലീസിലുള്ള ഒരു ഡി.വൈ.എസ്.പി.യാണ് ഏറ്റവും വലിയ തസ്കരൻമാരെപ്പോലും അത്ഭുതപ്പെടുത്തുമാറ് ഏതോ ക്രൈം ത്രില്ലർ സിനിമകളിലെ വില്ലനെപോലും അതിശയിപ്പിക്കുമാറ് ഒരു പാവം ചെറുപ്പക്കാരനെ കൊന്ന്, തുണ്ടം തുണ്ടമാക്കി വെട്ടിനുറുക്കി തെളിവെല്ലാം നശിപ്പിക്കാൻവേണ്ടി അവിടെയും ഇവിടെയുമെല്ലാം കൊണ്ടുകുഴിച്ചിടുകയും കായലിലൊഴുക്കുകയും ചെയ്ത് നമ്മുടെ മുൻപിൽ അത്ഭുതം കാണിച്ചത്. കേരളത്തിലെ പോലീസ് കള്ളൻമാർക്കു കൂട്ട് പിടിക്കുന്നു. കേരളത്തിലെ പോലീസ് അവരുടെ ഭീകര പ്രവർത്തനങ്ങളിൽ ഭീകരൻമാരെപ്പോലും പരാജയപ്പെടുത്തുന്നു. ഇങ്ങനെയുള്ള പോലീസിനുവേണ്ടി മാറ്റിവയ്ക്കുന്ന ഈ പത്തുകോടിയെപ്പറ്റി തീർച്ചയായിട്ടും സംശയം ഉന്നയിക്കേണ്ടിവരുന്നു. ഗവൺമെന്റ് വക്കീലൻമാർ, കേരളത്തോട് കാണിച്ച വലിയ സ്നേഹത്തിനുള്ള പ്രതിഫലമായി അൻപത് ലക്ഷം രൂപ വക്കീലൻമാർക്ക് കൊടുക്കുകയാണ്. എണ്ണിയെണ്ണിപ്പറയാൻ നേരമില്ല. സർക്കാരിന്റെ എല്ലാ കേസുകളും പരാജയപ്പെടുകയാണ്. കോടതിയുടെ മുൻപിലെത്തുന്ന ഫോറസ്റ്റ് കേസുകൾ ആകട്ടെ, ടാക്സിന്റെ കേസുകളാകട്ടെ വോട്ടറി കേസുകളാകട്ടെ ഹൈക്കോടതിയിലേയും സുപ്രീംകോടതിയിലേയുമെല്ലാം പരിഗണനയ്ക്ക് വരുന്ന സർക്കാരിന്റെ കേസുകളെല്ലാം ഇങ്ങനെ അടിയ്ക്കടി തോൽക്കുമ്പോൾ, അടിയ്ക്കടി നമ്മൾ തോൽക്കുന്നതിന്റെ കൂലിയായിട്ടാണോ ഈ പ്രതിഫലം കൊടുക്കുന്നത്? ഈ വക്കീലൻമാരുടെ കൂറ് ആരോടാണ്? ഒരു വക്കീലിന്റെ പാവനമായ ചുമതലയല്ലേ സ്വന്തം കക്ഷിയോട് കൂറ് കാട്ടേണ്ടത്? തന്റെ കക്ഷി ഗവൺമെന്റാണെങ്കിൽ ആ കക്ഷിയെ തോൽപ്പിക്കാൻവേണ്ടി മറുഭാഗത്തിന്റെ കയ്യിൽ നിന്ന് അച്ചാരം വാങ്ങിയിട്ട് സർക്കാരിനേയും ജനങ്ങളേയും നിരന്തരമായി കബളിപ്പിക്കുന്ന വക്കീൽവേഷമിട്ട കള്ളൻമാർക്കെതിരായി ഗവൺമെന്റ് എന്തുകൊണ്ട് ഒരു വാക്ക് മിണ്ടുന്നില്ല? അതുകൊണ്ട് സംശയിക്കേണ്ടിവരുന്നു, വക്കീലൻമാരുടെ ഈ കളികളുടെയെല്ലാം പുറകിൽ രാഷ്ട്രീയ പിൻതുണയുണ്ട്. അത് അപകടം തന്നെയാണ്. സർക്കാർ വക്കീലൻമാരുടെ കള്ളക്കളിക്ക് പിന്നിൽ രാഷ്ട്രീയമായ പിൻതുണയുണ്ട്. Political patronage-ന്റെ സഹായത്തോടുകൂടിയാണ് വക്കീലൻമാർ ഈ കള്ളക്കളി കളിക്കുന്നത്. അവർക്ക് വേണ്ടി ഈ തുക മാറ്റിവയ്ക്കാൻ പറ്റില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യത്തിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത് മുപ്പത്തിയഞ്ചു കോടി രൂപയാണ്. ാൻ വരുന്നത് നാദാപുരത്തു നിന്നാണ്. വളരെ പിന്നോക്ക പ്രദേശമാണ്. രുപാടുകൊല്ലം വർഗ്ഗീയകലാപങ്ങളിൽപ്പെട്ട് ഒരുപാട് നഷ്ടമുണ്ടായ സ്ഥലം. ഒട്ടേറെ ണ്ണീരും ചോരയും വീണ മണ്ണ്. അവിടത്തെ ആശുപത്രിക്കുവേണ്ടിയുള്ള ഒരു രപേക്ഷയുമായി നടന്നുനടന്നു എന്റെ കാലിലെ തൊലി തേഞ്ഞു. രൻപത്തിയേഴിൽ ആരംഭിച്ച ആശുപത്രി വളയത്ത് ഉണ്ട്, നാദാപുരത്തും ഉണ്ട്. ഈ ണ്ട് ആശുപത്രികളിലെങ്കിലും അത്യാവശ്യം വേണ്ടുന്ന സ്റ്റാഫിനുവേണ്ടി കിടക്ക, ട്ടിൽ, എക്സ്റേ യൂണിറ്റ്, അതിനൊക്കെ വേണ്ടി കേറിയിറങ്ങാത്ത സ്ഥലങ്ങളില്ല. ല്ലാ മന്ത്രിമാരും നല്ല വാക്കുകൾ പറയുന്നു, ഒരു നടപടിയും ഉണ്ടാകുന്നില്ല. തുകൊണ്ട് ആരോഗ്യത്തിനുവേണ്ടി മാറ്റിവയ്ക്കുന്ന ഈ മുപ്പത്തിയഞ്ചു കോടി രൂപ, തിൽ ഇരുപത് കോടി രൂപയും കുടിവെള്ളത്തിന്റെ കുടിശ്ശിക കൊടുക്കാൻ വണ്ടിയാണ്. ആശുപത്രികൾക്കുവേണ്ടി ഉപയോഗിച്ച കുടിവെള്ള കുടിശ്ശികയ്ക്കു വണ്ടിയാണ് ഇരുപതു കോടി രൂപയും മാറ്റിവയ്ക്കുന്നത്. ഒരു വാക്ക് പറയട്ടെ, ഞ്ഞപ്പിത്തം പടർന്നുപിടിക്കുകയാണ്. കുടിവെള്ളജന്യമായ ഈ മാരകരോഗം ടർന്നുപിടിക്കുമ്പോൾ ആരോഗ്യവകുപ്പിന്റെ പണിയെന്താണ്? മഞ്ഞപ്പിത്തം വരുന്നു, ാഗ്രത, അങ്ങനെ പത്രക്കുറിപ്പ് ഇറക്കുകയാണ്. അങ്ങനെ മാത്രം പറഞ്ഞാൽ തിയോ? സർ, മഞ്ഞപ്പിത്തം പോലെയുള്ള രോഗങ്ങൾ വ്യാപകമായി ടർന്നുപിടിക്കുമ്പോൾ അതിനെ നിവാരണം ചെയ്യാൻവേണ്ടിയുള്ള മാർഗ്ഗത്തിനു വണ്ടിയുള്ള ഒരു നീക്കിയിരിപ്പായി ഇത് മാറുന്നു. അതുപോലെ നോക്കിയാൽ ാരോ രംഗത്തിനുംവേണ്ടി സർക്കാർ ആവശ്യപ്പെടുന്ന ഈ ധനം ജനങ്ങൾക്കും ാടിനുംവേണ്ടി ഉതകില്ലായെന്നുള്ള ബോദ്ധ്യത്തിന്റെ പേരിലാണ് ഈ ഉപ നാഭ്യർത്ഥനകളെ എതിർക്കുന്നത് എന്നുപറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ:</u> സർ, കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെ സമസ്ത ുരോഗതിക്കും വേണ്ടി കേരള ഗവണ്മെന്റിന്റെ വിവിധ വകുപ്പുകൾ പ്രതിനിധാനം ചെയ്യുന്ന മന്ത്രിമാർ അവതരിപ്പിച്ചിട്ടുള്ള ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ നനുകൂലിക്കുകയാണ്. എന്റെ സഹപ്രവർത്തകൻ ശ്രീ. ബിനോയ് വിശ്വം ഇത് വരുതെ അവതരിപ്പിക്കുന്നു, പോലീസിനേയും ആരോഗ്യവകുപ്പിനേയുമൊക്കെ അദ്ദേഹം ിമർശിച്ചു. ഇടതുപക്ഷംകൂടി ഇവിടെ ചെലവ് ചെയ്തിട്ടുള്ള സംഖ്യയ്ക്ക് വേണ്ടിയി ാണ് ഇത് അവതരിപ്പിക്കുന്നതെന്ന യാഥാർത്ഥ്യം അദ്ദേഹം ഉൾക്കൊണ്ടിട്ടില്ല. ഞാൻ അദ്ദേഹത്തോട് പറയുന്നു, 70,000 രൂപ വച്ച് 3000 പട്ടികജാതി കുടുംബങ്ങൾക്ക് ീടുകൾ ഉണ്ടാക്കാൻ ഈ ഗവണ്മെന്റ് തീരുമാനിച്ചു. ഇത് മന്ത്രിമാർ ഉപധനാ ്യർത്ഥനയായി കൊണ്ടുവന്നിട്ടുണ്ടെങ്കിൽ തെറ്റാണോ? സാധാരണ ജനങ്ങൾക്കുവേണ്ടി, അവരുടെ കഷ്ടപ്പാടുകൾക്കുവേണ്ടി, അത് കണ്ടറിഞ്ഞുകൊണ്ട് പ്രവർത്തിക്കാൻ ുന്നോട്ടുവന്ന ശ്രീ. എ. പി. അനിൽ കുമാറിനെ ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദി കുകയാണ്. ശ്രീ. രാജു എബ്രഹാമിന്റെ പ്രസംഗം ഞാൻ കേട്ടു. നമ്മുടെ പ്രഗൽഭ നായ, കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയെ പ്രശംസിച്ചുകൊണ്ട് ഇവിടെ പസംഗിച്ചു. അദ്ദേഹം ഇടതുപക്ഷത്തിന്റെ ആളാണെങ്കിലും, ധനകാര്യ വകുപ്പുമന്ത്രി ആൻഡമാൻ നിക്കോബാറിലെ ഗവർണ്ണറായിരുന്ന കാലഘട്ടത്തിൽ അവിടെ ചെയ്ത ിസേവനങ്ങളെ അദ്ദേഹം പ്രശംസിച്ചു. എനിക്ക് അഭിമാനമുണ്ട്. ഏതൊരു വീടായാലും

LIBRARY ARCHIVES Kerala Legislative Assembly

നാടായാലും രാജ്യമായാലും ശക്തമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. അത് പാലിച്ചുകൊണ്ട് ശ്രീ. വക്കം പുരുഷോത്തമനിലൂടെ ഈ സംസ്ഥാനം മുന്നോട്ടു നീങ്ങുകയാണ്. ശക്തമായ സാമ്പത്തിക അച്ചടക്കത്തിലൂടെയാണ് ഈ സംസ്ഥാനം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. വരുന്ന ഭാവിയിൽ മറ്റ് സംസ്ഥാനങ്ങൾ കേരളത്തിന്റെ സാമ്പത്തിക സിദ്ധാന്തം പഠിക്കാൻ വരുന്ന രംഗം അതിവിദൂരമല്ലെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ആൻഡമാൻ നിക്കോബാറിലേയ്ക്ക് പോകാൻ അവസരം ലഭിച്ച ഒരു വ്യക്തിയാണ് ഞാൻ. ഇനി അദ്ദേഹത്തിന്റെ സേവനം അവിടേയ്ക്കു പോകാതെ കേരളത്തിൽത്തന്നെ, കേരളത്തിന്റെ ജനങ്ങൾക്കുവേണ്ടി നിലനിർത്തണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഈ സംസ്ഥാനത്തിലെ ജനങ്ങൾക്ക് വേണം. ഒരു ഫിനാൻഷ്യൽ ഡിസിപ്ലിൻ നമ്മുടെ രാജ്യത്താവശ്യമാണ്. അദ്ദേഹം ഈ വകുപ്പ് ഏറ്റെടുത്തശേഷം ഏത് രംഗത്ത് നോക്കിയാലും അത് കാണാൻ കഴിയും. ധനകാര്യ വകുപ്പിലെ ഫയലുകൾ ഏതൊരാളും വളരെ സൂക്ഷ്മതയോടെ പരിശോധിച്ചതിനുശേഷമേ അദ്ദേഹത്തിന് അയയ്ക്കാനുള്ള സന്മനസ്സ് കാണിക്കുന്നുള്ളൂ. അദ്ദേഹത്തിന്റെ ഭരണ പ്രാഗൽഭ്യമാണ് ഇവിടെ തെളിയുന്നത്. ഒരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്. സപ്ലിമെന്ററി ഗ്രാന്റ് അവതരിപ്പിക്കുമ്പോൾ നമ്മുടെ അനാഥ ഗ്രാന്റ്, ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളതാണെങ്കിലും, അത് സപ്ലിമെന്ററി ഗ്രാന്റിൽ കാണുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനാഥർക്ക് ഗ്രാന്റ് കൊടുക്കാനുള്ള നടപടി ഉണ്ടാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അവർ പാവപ്പെട്ടവരാണ്. അച്ഛനില്ലാതെ വളരുന്ന കുട്ടികൾക്കുള്ള ഗ്രാന്റാണ്. അത് നൽകാൻ അങ്ങ് സന്മനസ്സ് കാണിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അത് മറുപടി പ്രസംഗത്തിൽ പറയണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ ശ്രീ. എ.പി. അനിൽ കുമാറിനെ ധാരാളം പുകഴ്ത്താനുണ്ട്. ഇവിടെ ഒന്നും ചെയ്തില്ലെന്ന് ശ്രീ. ബിനോയ് വിശ്വവും മറ്റുള്ളവരും പറഞ്ഞു. ഇവിടെ പാവപ്പെട്ട 3000 ഹരിജൻ കുടുംബങ്ങൾക്ക് 70,000 രൂപ വച്ച് കൊടുത്തു. വരുന്ന വർഷം അത് 5000 കുടുംബങ്ങൾക്കുകൂടി കൊടുക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. 10 കോടി രൂപ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് കൊടുക്കാൻ ഈ ഗവണ്മെന്റ് മുന്നോട്ടുവരണം. ഇന്ന് രാവിലെ ഞാൻ ഒരു രംഗം കണ്ടു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് റെയിൽവേ ബഡ്ജറ്റിനെക്കുറിച്ച് ഒരു അടിയന്തിര പ്രമേയം ഇവിടെ അവതരിപ്പിച്ചു. ഞാൻ ചോദിക്കട്ടെ അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളോട്. ഇൻഡ്യൻ പാർലമെന്റിൽ ഇടതുപക്ഷത്തിന്റെ എം.പിമാർക്ക് എന്തായിരുന്നു ജോലി? ബി.ജെ.പി. റെയിൽവേ ബഡ്ജറ്റ് ബഹിഷ്ക്കരിച്ചപ്പോൾ വെറുതേ അവിടെ ഇരുന്നിട്ട് കേരളാ നിയമസഭയിൽ വന്ന് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട ഈ പാപ്പരത്തത്തെക്കുറിച്ച് ഞാൻ ഓർത്തു പോകുകയാണ്. റെയിൽവേ ബഡ്ജറ്റിനെ ഞങ്ങൾ അനുകൂലിക്കുന്നില്ല. കേരളത്തിലെ എല്ലാ ജനങ്ങളും ഒറ്റക്കെട്ടായി കേന്ദ്രം അവതരിപ്പിച്ച റെയിൽവേ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് പുതിയ വണ്ടികളും പുതിയ വികസനവും ഉണ്ടാകണമെന്നതുതന്നെയാണ് ആവശ്യപ്പെടുന്നത്. എന്റെയും പാർട്ടിയുടെയും അഭിപ്രായവും അതുതന്നെയാണ്. ഇൻഡ്യൻ പാർലമെന്റിൽ പറയണ്ടേ? റെയിൽവേ മന്ത്രിയോട് പറയേണ്ട കാര്യം ഇവിടെ ബഹുമാനപ്പെട്ട സ്പീക്കറോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പറയുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യയിൽ വിവിധ സംസ്ഥാനങ്ങളുണ്ട്. അവിടെയെല്ലാം അവിടത്തെ നിയമസഭകളാണോ റെയിൽവേയുടെ കാര്യം നോക്കുന്നത്? പുതിയ വണ്ടികളെല്ലാം ആവശ്യപ്പെടേണ്ടത് കേന്ദ്രത്തിലാണ്. കേരളത്തിൽനിന്നും പോകുന്ന എം.പി.-മാരാണ് അത് പറയേണ്ടത്. അവർ ഏത് ഗ്രൂപ്പിൽ പെട്ടവരാണെന്ന്, വി. എസ്. ഗ്രൂപ്പിലാണോ പിണറായി ഗ്രൂപ്പിലാണോയെന്ന് എനിക്കറിയില്ല. അവർ മിണ്ടാതിരുന്നു. അത് മാത്രമേ എനിക്കറിയാവൂ. ബി.ജെ.പി. പ്രതിഷേധിച്ചുകൊണ്ട് ഇറങ്ങിപ്പോയി. നിങ്ങളുടെ എം.പി.മാർ അവിടെ മിണ്ടാതിരുന്നു. റെയിൽവേ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കൈ അടിച്ച് പാസ്സാക്കിയിട്ട് ഇപ്പോൾ ഇവിടെവന്ന്, കേരള നിയമസഭയിൽ റെയിൽവേ ബഡ്ജറ്റിനെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ ഒന്ന് ആലോചിക്കണം. കേരളത്തിലെ ജനങ്ങൾ വിഡ്ഢികളല്ലെന്ന് ഇടതുപക്ഷം മനസ്സിലാക്കണം. അവർ ബുദ്ധിയുള്ളവരാണ്. അവർ പത്രം വായിക്കുന്നവരാണ്. അവർ ദേശീയ ചരിത്രം ദൃശ്യമാദ്ധ്യമങ്ങളിലൂടെ കാണുന്നുണ്ടെന്ന് നിങ്ങൾ അറിയണം. അതുകൊണ്ട് നിങ്ങൾ ചെയ്ത തെറ്റിനെ തിരുത്തി ഈ സംസ്ഥാനത്തിന്റെ പുരോഗതിക്കുവേണ്ടി വിവിധ വകുപ്പുകളിലെ, സമസ്ത മേഖലയിലും..... വിദ്യാഭ്യാസ മേഖലയിൽ, ഞാൻ എന്റെ നാട്ടിലൂടെ കടന്നുപോകുമ്പോൾ വിദ്യാഭ്യാസം നടക്കുന്നുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. ഞാൻ ചോദിച്ചു, ഇവിടെ ശബ്ദമൊന്നും കേൾക്കുന്നില്ല. അപ്പോൾ ഒരു മാഷ് പറയുന്നു, കുട്ടികളെല്ലാം കംപ്യൂട്ടർ പഠിക്കുകയാണെന്ന്. ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. എല്ലാ സ്കൂളുകളിലും കംപ്യൂട്ടർ നൽകിക്കൊണ്ട് കേരളത്തിൽ പുതിയ ഒരു അദ്ധ്യായംതന്നെ സൃഷ്ടിച്ചുകൊണ്ട് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ 21-ാം നൂറ്റാണ്ടിലേക്ക് കേരളത്തെ കൈപിടിച്ചുയർത്തിയിരിക്കുന്നു. അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുകയാണ്. വിവിധ മന്ത്രിമാർ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കെ. നാണു:</u> സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. നമ്മുടെ നാട്ടിൽ ഭരണകൂടത്തിന്റെ ആവശ്യമുള്ളത് സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവർക്കും അതുപോലെ ഇടത്തരക്കാർക്കുമാണ്. സമ്പന്ന വർഗ്ഗത്തിനല്ല. അവർക്ക് അപൂർവ്വമായ അവസരത്തിൽ മാത്രമേ ഗവണ്മെന്റിന്റെ ആവശ്യമുള്ളൂ. നമ്മുടെ നാട്ടിലെ ബീഡി വ്യവസായം വമ്പിച്ച പ്രതിസന്ധിയിലാണ്. നൂറുകണക്കിന് സഹോദരിമാർക്ക് തൊഴിൽ നഷ്ടപ്പെട്ടു. പുകവലിക്കെതിരായി ജനങ്ങളെ ബോധവാന്മാരാക്കുന്നതിന്റെ ഫലമായി അവർക്ക് തൊഴിൽ നഷ്ടപ്പെട്ടു. അങ്ങനെ തൊഴിൽ നഷ്ടപ്പെട്ട സഹോദരിമാരാണ് കുടുംബം പോറ്റുന്നത്; കുട്ടികളെ സ്കൂളുകളിലേയ്ക്ക് അയയ്ക്കുന്നത്. അവർക്കെല്ലാം തൊഴിലില്ലാത്ത അവസ്ഥ വന്നിരിക്കുന്നു. തൊഴിലില്ലാത്ത അവസ്ഥയെ നമ്മൾ എങ്ങനെ കൈകാര്യം ചെയ്യും? ഗവണ്മെന്റ് അവർക്ക് എന്ത് സഹായം ചെയ്യും? പണ്ട് മലബാർ ഭാഗത്ത് ഗണേഷ് ബീഡി തൊഴിലാളികൾ കൂലി കൂടുതൽ ചോദിച്ചപ്പോൾ ഗണേഷ് ബീഡി കർണ്ണാടകയിലേയ്ക്ക് കൊണ്ടുപോയി. അന്നത്തെ സംസ്ഥാന ഗവണ്മെന്റ് ബീഡി തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ദിനേശ് ബീഡി സ്ഥാപിക്കുകയുണ്ടായി. അത് മലബാർ ഭാഗത്ത്, പ്രത്യേകിച്ച് ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികൾ അടക്കമുള്ളവർക്ക് ജീവിത മാർഗ്ഗമായിരുന്നു. അവരുടെ ജീവിത നിലവാരം

LIBRARY ARCHIVES Kerala Legislative Assembly

മെച്ചപ്പെടുത്തുന്നതിനുള്ള പ്രധാന പങ്ക് ഇവർ വഹിച്ചു. എന്നാൽ, ഇപ്പോൾ പ്രതിസന്ധി വന്നിട്ടുണ്ട്. ഈ പ്രതിസന്ധി വന്നപ്പോൾ അതിൽനിന്നും അവരെ രക്ഷപ്പെടുത്താൻ പര്യാപ്തമായ എന്ത് നടപടി സ്വീകരിക്കുന്നു? കൈത്തറി തൊഴിലാളികളെ സംബന്ധിച്ച് സഭയിൽ ഇവിടെ പറയുന്നതാണ്. കൈത്തറി തൊഴിലാളി സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകാനുള്ള കോടിക്കണക്കിന് രൂപയുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ മാത്രം കോടിക്കണക്കിന് രൂപ നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകാനിരിക്കുകയാണ്. അതേയവസരത്തിൽ കൂടുതൽ കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ട് പട്ടിണി കിടക്കുന്നു. അവരെ സഹായിക്കാൻ, അവർക്കു കൊടുക്കേണ്ട പണം കൊടുക്കാൻ, ഗവണ്മെന്റ് അവർക്ക് അനുവദിക്കേണ്ട പണം അനുവദിക്കാത്തതിന്റെ ഫലമായി അവർക്ക് തൊഴിലില്ല. അവർ തൊഴിലില്ലായ്മ അഭിമുഖീകരിക്കുകയാണ്. അവരുടെ പ്രശ്നം പരിഹരിക്കാൻ എങ്ങനെ ശ്രമിക്കുന്നു? അവർക്ക് കൊടുക്കേണ്ട സംഖ്യ കൊടുത്തിട്ടില്ല. യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പ് വർഷംതോറും ഗവണ്മെന്റ് കോളേജുകളിൽ പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾ അനുവദിച്ചിരുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം അത്തരം കോഴ്സുകൾ അനുവദിക്കുന്നില്ല. എന്താ കാരണം? പാവപ്പെട്ടവരുടേയും ഇടത്തരക്കാരുടേയും മക്കൾ പഠിക്കുന്ന, മെറിറ്റിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്ന റിസർവേഷൻ പരിപൂർണ്ണമായും പാലിക്കുന്ന സർക്കാർ കോളേജുകളിൽ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് കോഴ്സുകൾ അനുവദിച്ചിരുന്നതുപോലെ ഈ ഗവണ്മെന്റ് പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾ അനുവദിക്കുന്നില്ല. കുടിവെള്ളത്തിന്റെ പ്രശ്നം ഇവിടെ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് മഞ്ഞപ്പിത്തവും എലിപ്പനിയും ചിക്കൻ പോക്സും വ്യാപകമായിക്കൊണ്ടുവരികയാണ്. ഇതിന്റെ പ്രധാന കാരണം ശുദ്ധമായ കുടിവെള്ളം കേരളത്തിൽ ലഭിക്കുന്നില്ല എന്നുള്ളതാണ്. പ്ലാനിംഗ് കമ്മീഷൻ 2002-ൽ പുറത്തിറക്കിയ പഠനത്തിൽ വ്യക്തമാക്കുന്നത് ഇൻഡ്യാ രാജ്യത്ത് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിൽ ഏറ്റവും പിറകിലാണ് കേരളം എന്നാണ്. ഇവിടെ ബഡ്ജറ്റുകൾ വരുന്ന അവസരത്തിൽ ജലസേചന വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക് കുടിവെള്ളത്തിന്റെ കാര്യത്തിൽ ചെറിയ ചെറിയ നിലവിലുള്ള പദ്ധതികൾ പോലും പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭിക്കുന്നില്ല. ഇതല്ലേ രാജ്യത്തെ ജനങ്ങൾക്ക് ആവശ്യമായിട്ടുള്ളത്? പല സ്ഥലങ്ങളിലും ശുദ്ധമായ കുടിവെള്ളം ലഭിക്കാത്തതിന്റെ ഫലമായി ആളുകൾ രോഗബാധിതരാകുന്നു. ഇതൊരു വസ്തുതയാണ്. അതിന് പരിഹാരം കാണണമെങ്കിൽ കുടിവെള്ളം നൽകണം. ഇന്ന് നിലവിലുള്ള പല ശുദ്ധജല വിതരണ പദ്ധതികളും അതിന്റെ പഴയ കാലത്തെ പൈപ്പുകൾ തകർന്ന് നിലവിൽ ലഭിച്ചിരുന്ന കുടിവെള്ളം പോലും മോശമാകുന്ന രൂപത്തിലുള്ള സ്ഥിതിയാണുള്ളത്. അതിന് പരിഹാരം കാണാൻ എന്ത് നിലപാടുകൾ കഴിഞ്ഞ കാലത്ത് നമുക്ക് സ്വീകരിക്കാൻ സാധിച്ചു? പുതിയ ബഡ്ജറ്റിലെങ്കിലും ഇത് പരിഹരിക്കുന്നതിന് സഹായകരമായ രൂപത്തിലുള്ള ഒരു സൂചനയുണ്ടോ? ഇപ്പോൾ ധനകാര്യ കമ്മീഷന് മുൻപാകെ നമ്മളും പ്രതിഷേധിച്ചു. കാരണം ധനകാര്യ കമ്മീഷൻ പറഞ്ഞു, കേരളം വിദ്യാഭ്യാസത്തിൽ മുൻപിലാണ്, ആരോഗ്യ പരിപാലനത്തിൽ മുന്നിലാണ്. അതുകൊണ്ട് കേരളത്തിന് ലഭിക്കേണ്ട സംഖ്യയുടെ

LIBRARY ARCHIVES Kerala Legislative Assembly

തോത് കുറച്ചു എന്ന് പറഞ്ഞു. പക്ഷേ അതേ അവസരത്തിൽ പ്ലാനിംഗ് കമ്മീഷനിൽ ഇത് റിലയിരുത്തുന്നവർ, അവർ പുറത്തിറക്കിയ പുസ്തകത്തിൽ കുടിവെള്ളത്തിന്റെ കാര്യത്തിൽ ഇൻഡ്യയിലെ ഏറ്റവും മോശമായ സംസ്ഥാനം കേരളമാണെന്ന് പറഞ്ഞിരിക്കുന്നു. ഈ കുടിവെള്ള പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ കേരളത്തിന് അർഹമായത് നേടിയെടുക്കാൻ നമുക്ക് സാധിച്ചോ? അപ്പോൾ ഇത്തരത്തിലുള്ള നമ്മുടെ സംസ്ഥാനത്തിനെ ബാധിക്കുന്ന കാര്യങ്ങൾ, നമ്മുടെ നാട്ടിലെ സംഘടിത മേഖലയിൽ അല്ലാതെ ജീവിക്കുന്ന പാവപ്പെട്ടവർക്ക് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകരമായ രൂപത്തിൽ എന്ത് ചെയ്യാൻ സാധിച്ചു? ഇപ്പോൾ മത്സ്യത്തൊഴിലാളി മേഖലയിൽ പോയാൽ, സുനാമിയുടെ പ്രശ്നങ്ങൾ മാത്രമല്ല. അവർക്ക് ലഭിച്ചിരുന്ന പഴയ ക്ഷേമപരമായ കാര്യങ്ങൾ, മഴക്കാലത്ത് അവർക്ക് ലഭിച്ചിരുന്ന ചില ആനുകൂല്യങ്ങളുണ്ടായിരുന്നു. അതവർക്ക് ലഭിക്കുന്നുണ്ടോ? അതിനൊരു സംവിധാനമുണ്ടോ? കർഷകത്തൊഴിലാളികൾക്ക് കൊടുത്തുവന്നിരുന്ന പെൻഷൻ കൊടുക്കുന്നുണ്ടോ? ബീഡി തൊഴിലാളികൾക്ക് ലഭിച്ചിരുന്ന പെൻഷൻ ഇന്ന് ലഭിക്കുന്നുണ്ടോ? സാധാരണക്കാരായ ആളുകൾ, വൃദ്ധൻമാരെ സഹായിക്കാൻ ചെറിയ ചെറിയ പെൻഷൻ സ്കീമുകൾ നമ്മൾ നടപ്പിലാക്കിയത് ബഹുമാനപ്പെട്ട മന്ത്രി തന്നെ അത്തരം പെൻഷനുകൾ പലതും ഞാനാണ് നടപ്പിലാക്കിയത് എന്ന് പറഞ്ഞ പെൻഷനടക്കം അത് കിട്ടേണ്ട ആളുകൾക്ക് ലഭിക്കുന്നുണ്ടോ? ലഭിക്കാത്ത പെൻഷൻ സ്കീമിനെക്കുറിച്ച് പറഞ്ഞിട്ട് കാര്യമുണ്ടോ? നമ്മൾ ഈ പണ്ടുകളൊക്കെ ചെലവഴിക്കുമ്പോൾ നമ്മുടെ നാട്ടിലെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ കൊണ്ട് സഹായം ലഭിക്കേണ്ട ജനവിഭാഗത്തിന് അത് കിട്ടുന്നുണ്ടോ? അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, സംസ്ഥാനത്തിന്റെ ന്യായമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന അവസരത്തിൽ ജനസംഖ്യാനുപാതികമായി നമ്മൾ ഏത് ജനവിഭാഗത്തിന്റെ പ്രശ്നങ്ങളാണ് കൈകാര്യം ചെയ്യേണ്ടത് എന്ന് നോക്കണം. ഇക്കഴിഞ്ഞ കുറച്ച് കാലത്തിനിടയ്ക്ക് പൊതുമേഖലാ വ്യവസായങ്ങൾ നമ്മൾ ഇവിടെ പുതിയതായി ഉണ്ടാക്കിയിട്ടില്ല. പൊതുമേഖലാ വ്യവസായങ്ങൾ കേരളത്തിൽ ആരംഭിക്കാനുള്ള സാഹചര്യം ഇല്ലാത്തതുകൊണ്ടല്ല. പക്ഷേ പൊതുമേഖലാ വ്യവസായങ്ങൾ ആരംഭിച്ചിട്ടില്ല. ഉള്ള പൊതുമേഖലാ വ്യവസായങ്ങളിൽ നിന്ന് ആളുകളെ പിരിച്ചുവിടുന്നു. അല്ലെങ്കിൽ ആളുകൾക്ക് പുറത്തുവരേണ്ടി വരുന്നു. അങ്ങനെയൊരു അവസ്ഥ നമ്മുടെ നാട്ടിൽ ഉണ്ടാകുമ്പോൾ ഇവിടെ തൊഴിൽ സാദ്ധ്യതകൾ നഷ്ടപ്പെട്ടു വരുന്നു. പരമ്പരാഗത വ്യവസായങ്ങൾ തകർന്നുവരുന്നു. കയർ, കശുവണ്ടി ഓരോ മേഖലയിലും അതിന്റേതായ പ്രതിസന്ധിയുള്ളപ്പോൾ ആ ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് അതിന് പരിഹാരം ആര് കാണും? ഇവിടെ നമ്മൾ മറ്റ് തരത്തിലുള്ള ഉയർന്ന മേഖലയിലുള്ള വരുമാനം ലഭിക്കുന്നതിനെ സംബന്ധിച്ചും ഒരു വിഭാഗത്തിന്റെ കാര്യങ്ങൾ മാത്രം പറഞ്ഞുകൊണ്ട് നിന്നാൽ മതിയോ? അടിത്തട്ടിൽ കിടക്കുന്ന ജനവിഭാഗത്തെ വിലയിരുത്താൻ നമുക്ക് സാധിക്കേണ്ടതല്ലേ? അതുകൊണ്ട് അത്തരത്തിലുള്ള ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഇല്ലാത്തതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ ഭരണനടപടിയുടെ ഭാഗമെന്നുള്ള നിലയിൽ സ്വാഭാവികമായും ഉണ്ടാകുന്ന ഒരു നടപടിക്രമമാണ്. അതിന് പ്രതിപക്ഷത്തുനിന്ന് എതിർപ്പ് പ്രകടിപ്പിക്കുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടെന്ന് കരുതാൻ കഴിയില്ല. ഇവിടെ പറഞ്ഞിട്ടുണ്ട്, 1991-1996, 1999-2000 വർഷങ്ങളിലൊക്കെ ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഭരണം നടത്തിയിരുന്ന കാലയളവിൽ അടക്കമുള്ള കാര്യങ്ങൾക്കാണ് ഇവിടെ അംഗീകാരം കൊടുക്കുന്നത്. അപ്പോൾ സ്വാഭാവികമായും അവർ ചെയ്ത നടപടികളെ തന്നെ അവർ എതിർക്കുന്നു എന്ന് പറയുന്നതിനകത്ത് എന്ത് അർത്ഥമാണുള്ളത്? അത് യാഥാർത്ഥ്യവുമായി ബന്ധപ്പെടാത്ത ഒരു നിലപാടാണ്. അതുകൊണ്ട് ഗവൺമെന്റിന്റെ നടപടിക്രമങ്ങളുടെ ഭാഗമെന്നുള്ള നിലയിൽ ഇത് മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. എനിക്ക് തോന്നുന്നു, ഫുൾ ബഡ്ജറ്റ് അവതരിപ്പിച്ചു. ആ നിലയിൽ സ്വാഭാവികമായും ഒരു മാറ്റമെന്നുള്ള നിലയിൽ വരുമ്പോൾ ഉപധനാഭ്യർത്ഥന കൂടുതലായി വരാൻ സാദ്ധ്യതയുള്ളത് നമുക്ക് നിഷേധിക്കാൻ കഴിയില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റിന് പുറത്ത് കൂടുതൽ, പ്രത്യേകമായ ഒരു മാറ്റം വരുമ്പോൾ അതിന് കൂടുതലായി വരുന്നത് നമുക്ക് തള്ളിക്കളയാൻ കഴിയില്ല. ഇപ്പോൾ തന്നെ ശമ്പള കമ്മീഷന്റെ നിയമനം സംബന്ധിച്ച് ഗവൺമെന്റിന്റെ പ്രഖ്യാപനം വന്നുകഴിഞ്ഞു. ജീവനക്കാർക്ക് കൂടുതൽ ശമ്പളം കൊടുക്കണമെന്നുള്ള ആവശ്യം ഉയരുകയും ശമ്പള കമ്മീഷൻ എഗ്രിമെന്റിന്റെ കാലാവധി കഴിഞ്ഞുവെന്നുള്ള നിലയിൽ അതുമായി ബന്ധപ്പെട്ട് സമര നോട്ടീസ് ഉൾപ്പെടെയുണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ ഗവൺമെന്റ് ചർച്ച നടത്തി ആ തീരുമാനം പ്രഖ്യാപിച്ചു കഴിഞ്ഞു. ശമ്പള കമ്മീഷനെ നിയമിക്കാൻ പോവുകയാണ്. അത്തരം കാര്യങ്ങളുമായി മുന്നോട്ട് വരുമ്പോൾ സ്വാഭാവികമായും ഉപധനാഭ്യർത്ഥനയിൽ കുറച്ചുകൂടി വർദ്ധനവ് പല മേഖലകളിലും ഉണ്ടാകാനുള്ള സാദ്ധ്യത തള്ളിക്കളയാൻ കഴിയില്ല. ശമ്പള കമ്മീഷനെ നിയമിക്കേണ്ടത് അനിവാര്യമാണ്. സംതൃപ്തമായ സിവിൽ സർവ്വീസ് നമുക്ക് ആവശ്യമായ കാര്യമാണ്. അതിനെ അംഗീകരിച്ചുകൊണ്ട് തന്നെ ഞാൻ സൂചിപ്പിക്കുകയാണ്, ജീവനക്കാരുടെ സേവനം കൂടുതൽ മെച്ചപ്പെടുത്താനുള്ള നടപടികൾകൂടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണം. വളരെ മെച്ചപ്പെട്ട നിലയിലുള്ള പ്രവർത്തനങ്ങൾ ഈ ഭാഗത്ത് ഉണ്ടാകാനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു എന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇന്ന് പലപ്പോഴും അത് ഉണ്ടാകുന്നില്ല എന്നുള്ള വ്യാപകമായ പരാതി ജനങ്ങളുടെ ഭാഗത്തുനിന്ന്, ഉത്തരവാദപ്പെട്ട ആളുകളുടെയൊക്കെ ഭാഗത്തുനിന്ന് ഉയർന്നുവരുന്നുണ്ട് എന്നുള്ളത് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. നേരത്തെ പൊതുപ്രവർത്തകൻമാരും ഉദ്യോഗസ്ഥൻമാരുമൊക്കെ ജനങ്ങളുടെ സേവകൻമാരായി പ്രവർത്തിച്ചിരുന്ന ഒരു കാലഘട്ടം ആയിരുന്നു. ഇന്ന് ആ സങ്കൽപ്പത്തിന് തന്നെ മാറ്റമുണ്ടായിരിക്കുന്നു. ജനങ്ങൾ ജീവനക്കാരിൽ നിന്ന് പ്രതീക്ഷിക്കുന്നത് അവർക്ക് ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഇതുസംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ പലപ്പോഴും ഉയർന്നുവരാറുള്ളത് എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. പണ്ട് സൈക്ലോസ്റ്റൈൽ മെഷീൻ വാങ്ങുന്നത് സംബന്ധിച്ച് പഞ്ചായത്തിന്റെ നിർദ്ദേശം വന്ന സമയത്ത് ഇതുമായി ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഫയലിൽ ഉദ്യോഗസ്ഥൻമാർ ഇത് ഇംഗ്ലീഷ് വേണോ മലയാളം വേണോ എന്ന് ചോദിച്ചു താഴോട്ട് നോട്ടയച്ചു. അതാണ് അവരുടെ സമീപനം. എന്താണ് കാര്യമെന്ന് പോലും പരിശോധിക്കാതെ നോട്ടയച്ചു. അങ്ങോട്ടും ഇങ്ങോട്ടും തട്ടുന്ന ഒരു സമീപനമാണ് പലപ്പോഴും ഉണ്ടാകാറുള്ളത്. ഇതുപോലെ രസകരമായ നിരവധി കഥകൾ നമുക്കൊക്കെ അറിയാവുന്നതാണ്. നിബിഢവനത്താൽ ചുറ്റപ്പെട്ട പ്രദേശത്ത് സ്കൂൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു അപേക്ഷ ലഭിച്ചപ്പോൾ നിബിഢവനം എന്ന് അതിനകത്ത് എഴുതിയിരുന്നു എന്ന ഒറ്റ കാരണത്താൽ അത് വനംവകുപ്പിന് മാർക്ക് ചെയ്തു എന്നുള്ളത് ഇതുമായി ബന്ധപ്പെട്ട് പറഞ്ഞുകേൾക്കുന്ന കാര്യമാണ്. ഇത് നമ്മുടെ കാര്യക്ഷമതയില്ലായ്മയുടെ, വ്യക്തത ഇല്ലായ്മയുടെ സൂചനയാണ്. ഇക്കാര്യത്തിൽ ഒരു മാറ്റമുണ്ടാകുമ്പോൾ സേവന പ്രവർത്തനങ്ങൾ ഉറപ്പാക്കാൻ കഴിയണം. കുഞ്ഞുണ്ണി മാഷ് പറഞ്ഞിട്ടുണ്ട്, "സേവനക്കാരെല്ലാം ജീവനക്കാരായ, നാൾതൊട്ട് ഈ നാട് നാശമായി" എന്ന്. അതിന് മാറ്റമുണ്ടാകാനാവശ്യമായ നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. പോലീസുമായി ബന്ധപ്പെട്ട പരിഷ്ക്കാരങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ സഭ ചർച്ച ചെയ്യുകയും മുഖ്യമന്ത്രി പ്രത്യേകമായ താൽപ്പര്യമെടുത്ത് ഒട്ടേറെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യനായ ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലയളവിലും ഇതുമായി ബന്ധപ്പെട്ട ഒരുപാട് പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. അതിനെയൊക്കെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. ഇപ്പോൾ പ്രവീൺ കൊലക്കേസുമായി ബന്ധപ്പെട്ട് ഡി.വൈ.എസ്.പി. ഷാജിയുടെ കഥ പത്രങ്ങളിൽ വലിയ പരമ്പരയായി വായിച്ചുകൊണ്ടിരിക്കുകയാണ്. ആ കൊലക്കേസ് സംബന്ധിച്ച് പ്രതികളെ പിടികൂടുന്നതിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലുമൊക്കെ ഗവൺമെന്റ് വളരെ ഫലപ്രദമായ നടപടികളെടുത്തു. പോലീസുദ്യോഗസ്ഥൻമാർ ഇൻവെസ്റ്റിഗേഷന്റെ കാര്യത്തിലും പെട്ടെന്ന് നടപടികൾ സ്വീകരിച്ചു. വളരെ കിക്ക് ആക്ഷൻ അക്കാര്യത്തിലുണ്ടായി. അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഡി.വൈ.എസ്.പി.യുടെ പേരിൽ നടപടി എടുത്തിരിക്കുന്നതും ഡി.വൈ.എസ്.പി. അറസ്റ്റിലായിരിക്കുന്നതും പ്രവീൺ കൊലക്കേസിന്റെ പേരിലാണ്. ആ കൊലക്കേസുമായി ബന്ധപ്പെട്ട ഡി.വൈ.എസ്.പി.യുടെ ചരിത്രം പത്രതാളുകളിൽ പരമ്പരയായി വന്നത് വായിക്കുമ്പോൾ എന്താണ്? ഞെട്ടിക്കുന്ന വിവരമാണ് പുറത്തുവരുന്നത്. അനധികൃത സ്വത്ത് സമ്പാദ്യവുമായി ബന്ധപ്പെട്ട് ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഒരു വിശകലനവും നടത്തിയിട്ടില്ല. അദ്ദേഹത്തിന്റെ സ്വത്ത് സമ്പാദ്യം സംബന്ധിച്ച് അന്വേഷണവും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഞാൻ വിനയപൂർവ്വം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു, ഈ അനധികൃത സ്വത്ത് സമ്പാദ്യം സംബന്ധിച്ച് ഡിപ്പാർട്ടുമെന്റ് തലത്തിൽ തന്നെ ഒരു അന്വേഷണം ഉണ്ടാകണം. ഇപ്പോൾ ഷാജിയുടെ കഥ പുറത്തുവന്നിട്ടുണ്ടെങ്കിലും നിരവധി ഷാജിമാർ വിവിധ ഡിപ്പാർട്ടുമെന്റിന്റെ തലപ്പത്ത് ഇപ്പോഴും സൈരവിഹാരം നടത്തുന്നു എന്നുള്ള വസ്തുത നമുക്ക് വിസ്മരിക്കാൻ കഴിയില്ല. അക്കാര്യത്തിൽ ഫലപ്രദമായ ഒരു സ്ഥിരം സംവിധാനമുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇപ്പോൾ രണ്ട് ദിവസമായി കേരളം സജീവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയമാണ് റെയിൽവേ ബഡ്ജറ്റ്. അതുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട കാര്യം ഇവിടെ രാവിലെ ഉന്നയിച്ചു. ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഒരുമിച്ച് അക്കാര്യത്തിൽ വികാരം പ്രകടിപ്പിച്ചു. അതിനുശേഷം കക്ഷിനേതാക്കൻമാരുടെ യോഗം നടന്നു. ഇന്നുതന്നെ ഈ സഭയുടെ ശക്തമായ വികാരം അറിയിക്കാനുള്ള തീരുമാനമെടുത്തു. ആ തീരുമാനം ഇന്നുതന്നെ ഇവിടെ പ്രമേയമായി അംഗീകരിക്കാമെന്ന് സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് എല്ലാ പ്രാവശ്യവും നടക്കുന്ന ഒരു നടപടിക്രമമായി നിൽക്കുകയാണ്. അത് ശരിയാണോ? ഇതൊരു വിച്ചിട്ടിയുമായി നടക്കുന്നതുപോലെ സംസ്ഥാനം എല്ലാ ബഡ്ജറ്റ് അവതരണവേളയിലും ഇങ്ങനെ നടക്കണോ ? കേന്ദ്ര നിക്ഷേപം സംബന്ധിച്ച്, വല്ലാർപ്പാടം ഉൾപ്പെടെയുള്ള കാര്യങ്ങൾ അംഗീകരിച്ചു. കേന്ദ്ര നിക്ഷേപം ഏറ്റവും കൂടുതൽ അനുവദിച്ചിരിക്കുന്ന കാലമാണ് അതിനൊന്നും ഒരു തർക്കവുമില്ല. നമ്മൾ എല്ലാവരും ചേർന്നു അത് പങ്കുവയ്ക്കുകയാണ്. പ്രധാനമന്ത്രിയുടെ ആ പ്രഖ്യാപന ത്തിന്റെ പ്രഭപോലും കെടുത്തുന്ന തരത്തിലാണ് റെയിൽവേ ബഡ്ജറ്റിന്റെ കാര്യ ത്തിൽ നടപടിയുണ്ടായത്. നഗ്നമായ വാഗ്ദാനലംഘനം ഇക്കാര്യത്തിൽ ഉണ്ടായി. രാവിലെ മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ പറഞ്ഞു ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് സാധ്യം ഏറ്റെടുക്കാനുള്ള നടപടികൾ പൂർത്തിയാക്കി. അത് 97 ശതമാനവും പൂർത്തിയാക്കിയെന്നു പറഞ്ഞു. റെയിൽവേ മന്ത്രി ഇവിടെ വന്നപ്പോൾ പറഞ്ഞത് എന്താണ്? 2500 കോടി രൂപയുടെ കേന്ദ്ര നിക്ഷേപം റെയിൽവേയുടെ കാര്യത്തിൽ മൂന്നു വർഷംകൊണ്ട് ഉണ്ടാകുമെന്ന വാഗ്ദാനമാണ് നൽകിയത്, സാധ്യമെടുപ്പ് ഉൾപ്പെടെയുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു പൂർത്തീകരിച്ചാൽ 2500 കോടി രൂപയുടെ നിക്ഷേപം മൂന്നു വർഷംകൊണ്ട് കേരളത്തിൽ ഉണ്ടാകും എന്നാണ് ശ്രീ. ലാലുപ്രസാദ് യാദവ് ഇവിടെ ഉറപ്പ് നൽകിയ വാഗ്ദാനം. അതുമായി ഒരു തരത്തിലും താരതമ്യപ്പെടുത്താൻ കഴിയുന്ന ഒരു പരിഗണനയും ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടില്ല. ഇത് വളരെ ഗൗരവമായി കാണണം. ഒരു പ്രമേയം പാസ്സാക്കുന്ന രീതിയിൽ മാത്രം കാണരുത്. എല്ലാ വർഷവും ഈ സഭ ഇതുപോലെ ചർച്ച ചെയ്യുകയും പ്രമേയം പാസാക്കു കയും പ്രതിഷേധം അറിയിക്കുകയും ചെയ്യുന്ന ഒരു നടപടി തുടരുകയാണ്. കടുത്ത അവഗണന ഈ കാര്യത്തിൽ കഴിഞ്ഞ നിരവധി വർഷങ്ങളായി നമ്മൾ അനുഭവിക്കുന്നു. ആ കാര്യത്തിൽ ഒരു പരിഹാരം ഉണ്ടാകണം. ശക്തമായി ആ കാര്യത്തിലുള്ള നമ്മുടെ വികാരം പ്രകടിപ്പിക്കണം. അത് നമ്മുടെ അവകാശമാണ്. ആ അവകാശം പിച്ചിച്ചീന്തുന്ന തരത്തിൽ ഒരു ഔദാര്യംപോലെ, എന്തെങ്കിലും ഒരു സൗജന്യം ചെയ്യുന്നതുപോലെയുള്ള സമീപനം കേന്ദ്ര അധികാരികൾ ആരായാലും അത്തരം സമീപനം അംഗീകരിക്കാൻ കഴിയില്ല. അത് ഫെഡറൽ സംവിധാനത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കുന്ന ഒരു സമീപനമാണ്. കേന്ദ്ര അധികാരികൾ അത്തരം സമീപനം സ്വീകരിക്കുന്നതുകൊണ്ടാണ് പല പ്രദേശങ്ങളിലും തീവ്രവാദി ചിന്താഗതികൾ വേര് പിടിക്കാൻ ഇടയാക്കുന്നത് എന്ന യാഥാർത്ഥ്യം അത്തരക്കാർ വിസ്മരിക്കരുത് എന്ന കാര്യംകൂടി ഈ അവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 46 ട്രെയിൻ സർവ്വീസ് പുതുതായി ആരംഭിക്കുന്നു. പല തെക്കേന്ത്യൻ സംസ്ഥാനങ്ങൾക്കും അതു ലഭിച്ചു. വടക്കേ ഇന്ത്യക്ക് വേണ്ടി മാത്രമാണെന്നു പറയാൻ കഴിയുമോ ? തെക്കേ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യൻ സംസ്ഥാനങ്ങളെയൊക്കെ പരിഗണിച്ചിട്ടുണ്ട്. ആ കാര്യത്തിലും കേരളത്തിന് ഒരു പരിഗണനയുണ്ടായിട്ടില്ല. എല്ലാ തലത്തിലും നമ്മൾ കടുത്ത അവഗണന അനുഭവിക്കാൻ നിർബന്ധിതരായിരിക്കുന്നു. ഇതു എന്നും അംഗീകരിച്ച് പ്രമേയം പാസ്സാക്കി മുന്നോട്ട് പോകുന്ന സമീപനം, ഇനി പറ്റില്ല. സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള എല്ലാ നടപടികളും പൂർത്തിയാക്കി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ചു. സ്ഥലം എടുത്തു കൊടുക്കുന്ന കാര്യത്തിൽ അതുമായി ബന്ധപ്പെട്ട് എല്ലാ നടപടികളും പൂർത്തിയാക്കി സമയാസമയങ്ങളിൽ പ്രധാനമന്ത്രിയേയും റെയിൽവേ മന്ത്രിയേയും ഒക്കെ കണ്ട് ഈ കാര്യങ്ങൾ ബോധ്യപ്പെടുത്തി ബഡ്ജറ്റിൽ വലിയ പ്രഖ്യാപനം നമുക്ക് അനുകൂലമായി ഉണ്ടാകുമെന്നു റെയിൽവേ മന്ത്രിയുടെ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ പ്രതീക്ഷിച്ചിരുന്ന അവസരത്തിലാണ് ഈ കൊടിയ ചതി കേരളത്തോട് കാണിച്ചിരിക്കുന്നത്. ആ നിലയിൽതന്നെ ആ കാര്യത്തെ കാണാനും ശക്തമായ നടപടികൾ സ്വീകരിക്കാനും തയ്യാറാകണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാർഷിക മേഖലയുടെ പ്രശ്നങ്ങൾ സൂചിപ്പിക്കുമ്പോൾ അത് മുഖ്യമന്ത്രി ഇന്നു രാവിലെ ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. നെൽ കർഷകരെസംബന്ധിച്ച് സംഭരണം ഫലപ്രദമായില്ല എന്നുള്ള ഗൗരവമായ കാര്യം നമ്മുടെ മുമ്പിലുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെയേറെ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോവുകയാണ്. മുഖ്യമന്ത്രിയുടെ വിശദീകരണം അക്കാര്യത്തിലുണ്ടായി. എന്നാൽ ഇന്ന് അത് പ്രാവർത്തികമാക്കി മുന്നോട്ട് നീങ്ങാൻ കഴിയുന്നില്ല. ഇക്കാര്യത്തിൽ അടിയന്തിരമായ നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മുഖ്യമന്ത്രി പ്രഖ്യാപിച്ച നടപടികൾ ഫലവത്താക്കിയെടുത്തു കൊണ്ട് മുന്നോട്ട് പോകണം. ഇന്നിപ്പോൾ പാടശേഖരങ്ങളിലൊക്കെ നെല്ല് കൂട്ടിയിട്ടിരിക്കുകയാണ്. വരൾച്ച കാലഘട്ടം ആയതുകൊണ്ട് മാത്രം വലിയ കുഴപ്പമുണ്ടായില്ല. ഒരു മഴ പെയ്താൽ ഇതുമുഴുവൻ കിളിർക്കുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങുന്നു. അതുകൊണ്ട് വളരെ ഫലപ്രദമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ശ്രീ. പി. ടി. തോമസ് സംസാരിച്ചപ്പോൾ ബാങ്കുകാരുടെ സമീപനത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ശക്തമായ ഇടപെടൽ ഇക്കാര്യത്തിലുണ്ടാകണം. വളരെ മോശപ്പെട്ട സമീപനമാണ് ബാങ്കുകാർ വിദ്യാഭ്യാസ വായ്പകാര്യത്തിൽ സ്വീകരിക്കുന്നത്. വിദ്യാഭ്യാസ ലോണിന്റെ കാര്യത്തിൽ ഒട്ടേറെ സ്ഥലങ്ങളിൽ പരാതിയുണ്ടാവുകയാണ്. ഇവിടെ ശ്രീ. ജോണി നെല്ലൂർ ചൂണ്ടിക്കാണിക്കുകയുണ്ടായി, കുട്ടികളോടും രക്ഷകർത്താക്കളോടും ലോൺ തരാമെന്നു പറഞ്ഞു എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അതിനുവേണ്ടി അത്യാവശ്യ കാശ് മുടക്കി അഡ്മിഷൻ ഉറപ്പാക്കി അവിടുന്നു കത്തുംവാങ്ങി ബാങ്കുകാരെ സമീപിക്കുമ്പോൾ ഇല്ല എന്നു പറയുന്ന വളരെ മോശപ്പെട്ട, മനുഷ്യത്വരഹിതമായ സമീപനം സ്വീകരിക്കുന്നു. ഇത് മാനദണ്ഡങ്ങൾക്ക് എതിരാണ്. നിയമങ്ങൾക്ക് എതിരാണ്. ഈ കാര്യത്തിൽ ഒരു ഫലപ്രദമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. എന്നു അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ ഞാൻ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : സർ, ബഹുമാന്യരായ മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ അധിക ധനാഭ്യർത്ഥനകൾ പാസ്സാക്കി കൊടുക്കുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയോടും മറ്റ് മന്ത്രിമാരോടും എനിക്കുള്ള അഭ്യർത്ഥന ജനക്ഷേമ

12.30 P. M.] കരമായ കാര്യങ്ങൾക്കുവേണ്ടിയും നാടിന്റെ പുരോഗതിക്കു വേണ്ടിയുമാണ് ബഡ്ജറ്റ് പാസ്സാക്കുകയും പണം അനുവദിച്ചു കൊടുക്കുകയും ഒക്കെ ചെയ്യുന്നത്. പലപ്പോഴും ഈ അനുവദിച്ചുകൊടുക്കുന്ന തുക യഥാസമയം ചെലവാക്കാതെ വരുന്നതുവഴി ഉദ്ദേശിക്കുന്ന കാര്യം ഫലപ്രദമാകുന്നില്ല എന്ന യാഥാർത്ഥ്യം നാമെല്ലാം ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. ഓരോ മേഖലയിലും ധാരാളമായി പണം മുടക്കിക്കൊണ്ട് വികസന കാര്യങ്ങൾ ഏറ്റെടുക്കാറുണ്ട്. ഇപ്പോൾ വരൾച്ച വരാൻ പോകുന്നു. ഈ പ്രാവശ്യത്തെ വരൾച്ച രൂക്ഷമാകുമെന്നാണ് സൂചനകൾ കാണിക്കുന്നത്. വരൾച്ച വരുന്നതിനുമുമ്പ് നമുക്ക് മുൻകരുതൽ നടപടികൾ അടിയന്തിരമായിട്ട് എടുക്കേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെക്കുറിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും തൊട്ട് മുമ്പ് ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റിന്റെ കാലത്തുമൊക്കെ ഈ സഭയിൽ ധാരാളം ചർച്ച ചെയ്യപ്പെട്ടിട്ടുള്ള കാര്യങ്ങളാണ്. നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർക്ക് ജലസേചന സൗകര്യങ്ങൾ എത്തിച്ചുകൊടുക്കാൻവേണ്ടിയുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, അത് താറുമാറാണെന്നുള്ള വസ്തുത ബോധ്യപ്പെട്ടപ്പോൾ ആ മോട്ടോറും പമ്പുസെറ്റുകളും മാറ്റിവയ്ക്കാൻവേണ്ടി അടിയന്തിരമായി തുക അനുവദിക്കണമെന്നു സബ്ജക്ട് കമ്മിറ്റിയും അതുപോലുള്ള സമിതികളുമൊക്കെ ആവശ്യപ്പെടുകയും അതിനുവേണ്ടി നടപടിക്രമങ്ങളിലേക്ക് നീങ്ങുകയുമൊക്കെ ചെയ്തെങ്കിലും ഇന്നും അത് ലക്ഷ്യത്തിലെത്തിയിട്ടില്ല. ഒരു ഉദാഹരണം മാത്രം ഈ കാര്യവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുണ്ട്. കഴിഞ്ഞ മേയ് മാസം എട്ടാം തീയതി ആ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് ഓപ്പറേറ്റർ ഇലക്ട്രിക് ഷോക്കേറ്റ് മരണപ്പെട്ടു. പിറ്റേ ദിവസം തന്നെ ആ പമ്പ് റൗസ് അടച്ചു. മേയ് മാസം എട്ടാം തീയതി പമ്പ് റൗസ് അടച്ചശേഷം നാളിതുവരെ അവിടെ പമ്പിംഗ് പുനരാരംഭിച്ചിട്ടില്ല. അവിടെ കൃഷിയെല്ലാം നശിച്ചു. അവിടെ ചെല്ലാൻ പാടില്ലാത്ത സ്ഥിതിയാണ് ജനപ്രതിനിധികളായവർക്ക്. എവിടെയാണ് തകരാറ്? ഗവൺമെന്റ് അതിന് പണം അനുവദിച്ചുവെന്നു മനസിലാക്കുന്നു. അത് നടപ്പിലാക്കുവാൻ മാസങ്ങൾ 8 കഴിഞ്ഞിട്ടും നമ്മുടെ ഉദ്യോഗസ്ഥന്മാർ തയ്യാറാകുന്നില്ല. ഇങ്ങനെയുള്ള സാധാരണ കാര്യങ്ങളിൽ ഗവൺമെന്റ് ആഗ്രഹിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വരുമ്പോൾ ജനങ്ങൾ ഗവൺമെന്റിന് എതിരാകുന്നത് സ്വാഭാവികമാണ്. അതിന് എന്ത് പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നുള്ളത് ഗവൺമെന്റ് അടിയന്തിരമായി ആലോചിക്കണം. ഗവൺമെന്റ് ഉദ്ദേശിക്കുന്ന, ഗവൺമെന്റ് പ്രഖ്യാപിക്കുന്ന നയപരമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാരെ കർശനമായി കൈകാര്യം ചെയ്യാനുള്ള നടപടി ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകണം. അതുപോലെതന്നെ കോടികൾ മുടക്കി നമ്മുടെ ഭരണനവീകരണം, പോലീസ് സേന നവീകരിക്കാനുള്ള ക്രമീകരണങ്ങളൊക്കെ ഇവിടെയുണ്ടായി. നല്ല കാര്യമാണ്. ഞാൻ അതിനെയൊക്കെ സ്വാഗതം ചെയ്യുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വാഹനങ്ങൾ ധാരാളം നൽകി. പക്ഷേ ഇപ്പോൾ പോലീസ് എന്നു പറയുന്ന വാക്കിനുപോലും കളങ്കം ഉണ്ടാക്കുന്ന തരത്തിൽ അല്ലേ ഇവിടെ പോലീസ് സേനയിലെ ചില കുറ്റവാളികൾ അടുത്തകാലത്ത് രംഗത്ത് വന്നിരിക്കുന്നത്. എനിക്ക് ബഹുമാന്യനായ ധനകാര്യ മന്ത്രിയോടും മുഖ്യമന്ത്രിയോടും പറയാനുള്ളത് പോലീസ് സേനയിലെ ക്രൂരന്മാരെ കണ്ടെത്തി അവരെ നികൃഷ്ട ജീവികളായി പ്രഖ്യാപിച്ചാൽ മാത്രം പോര, നമ്മുടെ നാട്ടിൽ ഇപ്പോൾ ധാരാളം ആളുകൾ അഖിലേന്ത്യാ പ്രദർശനങ്ങളൊക്കെ കാണുന്നുണ്ട്. ആളുകൾ ടിക്കറ്റ് എടുത്താണ് പ്രദർശന നഗരിയിൽ എത്തുന്നത്. ഇതുപോലെയുള്ള നികൃഷ്ട ജീവികളെ സൗജന്യമായി എക്സിബിഷനുകളായി പ്രദർശിപ്പിക്കാനുള്ള ഒരു ശിക്ഷ, ശിക്ഷയാക്കി തന്നെ ഗവൺമെന്റ് നടപ്പിലാക്കണം. സമൂഹം എത്രമാത്രം ഇവരെ ഒറ്റപ്പെടുത്തുന്നു എന്നുള്ളത് ബോധ്യമാകണമെങ്കിൽ ഇതുപോലെ ഇവരെ പ്രദർശിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വരൾച്ച വരാൻ പോകുമ്പോൾ വരൾച്ചാ ദുരിതാശ്വാസം, കഴിഞ്ഞ പ്രാവശ്യം വരൾച്ചാ ദുരിതാശ്വാസമിനത്തിൽ 200 കോടി രൂപ ചെലവാക്കുമെന്ന് ഈ നിയമസഭയിൽ പ്രഖ്യാപിച്ചതാണ്. എല്ലാ ജില്ലകളിലും വരൾച്ചാ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് മന്ത്രിമാരുടെ നേതൃത്വത്തിൽ യോഗം ചേർന്നു. പല നടപടികളും കൈക്കൊള്ളുമെന്നു പറഞ്ഞു. അന്ന് പ്രഖ്യാപിച്ച പല നടപടികളും ഫലം കണ്ടില്ല. അങ്ങേയ്ക്കും അറിയാം. ഒരുപക്ഷേ ആ പ്രഖ്യാപിച്ച പദ്ധതികൾ, ഗവൺമെന്റ് ഏറ്റെടുക്കുമെന്നു പറഞ്ഞ പദ്ധതികൾപോലും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം എന്തുകൊണ്ടുണ്ടായി എന്ന് നാം വിലയിരുത്തണം. ഇതിനൊക്കെ നാം തുക അനുവദിച്ചു കൊടുക്കുന്നതല്ലേ ? അതുപോലെതന്നെ ഈ പ്രാവശ്യം ഈ വരൾച്ച നേരിടാൻവേണ്ടി വളരെ അടിയന്തിരമായുള്ള കാര്യങ്ങളിലേക്ക് പോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ഇന്ന് രാവിലെ മുതൽ മുഴങ്ങിക്കേൾക്കുന്ന ശബ്ദമാണ് റെയിൽവേ അവഗണന. റെയിൽവേയുടെ കാര്യത്തിൽ മാത്രമാണോ കേരളത്തെ അവഗണിക്കുന്നത് ? കേന്ദ്രം കാലാകാലങ്ങളായി കേരളത്തെ അവഗണിക്കുന്ന ഒരു പ്രവണതയാണ് നാം കണ്ടുവരുന്നത്. എല്ലാ കാലവും നമ്മൾ ഇവിടെ പ്രമേയം പാസാക്കും. എന്തിനാണ് പ്രമേയം പാസാക്കുന്നത് ? ഇന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പ്രമേയം പാസാക്കുമെന്നു പറഞ്ഞു. പ്രതിപക്ഷം അംഗീകരിച്ചു. ഞാൻ പറയട്ടെ, കേവലം ഒരു പ്രമേയം പാസാക്കിക്കൊണ്ടുമാത്രം ഒതുക്കി നിർത്താവുന്ന കാര്യമാണോ ഇത് ? തമിഴ്നാട്ടിൽ ഒരു പക്ഷേ യു. പി. എ. ഗവൺമെന്റിന്റെ ഭാഗമല്ല അവിടെ ഭരിക്കുന്ന ഗവൺമെന്റ്. തമിഴ്നാടിനെ അവഗണിക്കുന്നു എന്നു വന്നപ്പോൾ അവിടുത്തെ മുഖ്യമന്ത്രി ഉപവസിക്കുവാനും സമരം ചെയ്യാനും തയ്യാറായി. എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്, മന്ത്രിമാരോടും പ്രതിപക്ഷ നേതാവിനോടുമൊക്കെ പറയാനുള്ളത്, കേരളത്തിന്റെ വികാരം പ്രതിഫലിപ്പിക്കുവാൻ അങ്ങുൾപ്പെടുന്ന 140 എം.എൽ.എ. മാരും 29 എം.പി.മാരും ഉൾപ്പെടെ 169 പേർ ഇവിടെയുണ്ട്. നമുക്ക് ഡൽഹിയിൽ പോകണം. അവിടെച്ചെന്ന് പാർലമെന്റിനു മുന്നിൽ സമരം ചെയ്യണം. അല്ലാതെ നമ്മൾ കാലങ്ങളായി പ്രമേയം പാസാക്കി അയയ്ക്കുന്നതിൽ എന്താണ് പ്രയോജനം? യു.പി.എ. ഗവൺമെന്റ് ആണെന്നു കരുതി നമുക്ക് സമരം ചെയ്യാൻ പാടില്ലേ? സമരം ചെയ്താലേ പ്രയോജനമുള്ളൂ എന്നു കണ്ടാൽ സമരം ചെയ്യാൻ നാം തയ്യാറാകണം. ഞാൻ ഓർക്കുന്നു. കേന്ദ്ര ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അവഗണനയെക്കുറിച്ച് ഒരിക്കൽ ഒരു വാക്ക് പറഞ്ഞു പോയതിന്റെ പേരിൽ, പഞ്ചാബിൽ ഇങ്ങനെയൊക്കെ സമരം ചെയ്തപ്പോൾ കിട്ടി എന്നു പറഞ്ഞതിന്റെ പേരിൽ മന്ത്രി സ്ഥാനം, എം.എൽ.എ. സ്ഥാനം വരെ പോയ ഒരാളാണ് ശ്രീ. ആർ. ബാലകൃഷ്ണപിള്ള, മുന്നിലിരിക്കുന്നു. സർ, അങ്ങനെ പറയേണ്ടി വന്നാൽ പറയണ്ടേ? സമരം ചെയ്യണമെങ്കിൽ സമരം ചെയ്യണം. എന്റെ അഭിപ്രായം, ഈ നിയമസഭ ഒറ്റക്കെട്ടായി തീരുമാനമെടുത്തുകൊണ്ട് മുന്നോട്ടു പോകണം. ഞാൻ ഒരു കാര്യംകൂടി സൂചിപ്പിക്കുന്നു. ഒരു കാര്യത്തിൽ മാത്രമല്ല നമ്മോട് അവഗണന. ഇവിടെ പഞ്ചായത്തീരാജ് ബില്ല് വന്നു. നഗരപാലിക ബില്ല് പഞ്ചായത്തീരാജ് ബില്ലാണ്. ഞാൻ നമ്മുടെ എം.പി.മാരെ കുറ്റം പറയാനൊന്നും ആഗ്രഹിക്കുന്നില്ല. എം.പി.മാർ ആയിരുന്ന ആളുകളൊക്കെ എം.എൽ.എ. മാരായി ഇവിടെ വന്നിട്ടുണ്ടല്ലോ? പാർലമെന്റിൽ പോയി കേരളത്തിനുവേണ്ടി ശബ്ദിക്കേണ്ട നമ്മുടെ എം.പി.മാർ പല സന്ദർഭങ്ങളിലും മൗനം പാലിക്കുന്നു എന്നുള്ള അതി ദുഃഖകരമായ സാഹചര്യം ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. നഗരപാലികാ പഞ്ചായത്തീരാജ് ബിൽ, വന്നപ്പോൾ ബ്ലോക്ക് പഞ്ചായത്ത് എന്നു പറയുന്ന ഒരു ഏർപ്പാട്, നമ്മുടെ എം.പി.മാർ അന്ന് ഒന്നു സംസാരിച്ചിരുന്നുവെങ്കിൽ കേരളത്തെ അതിൽനിന്നും ഒഴിവാക്കുമായിരുന്നു. ഞാൻ ബ്ലാക്ക് പഞ്ചായത്തിന് എതിരല്ല. ബ്ലോക്ക് പഞ്ചായത്ത് എന്ന ആ സംവിധാനം നമുക്ക് എത്രയോ അധിക ചെലവാണ്. കേരളത്തിന് ആവശ്യമുണ്ടായിരുന്നോ ? അനാവശ്യമായ ചെലവാണ്. നമുക്ക് ഗ്രാമ പഞ്ചായത്തും ജില്ലാ പഞ്ചായത്തും പോരായിരുന്നോ? പല സംസ്ഥാനങ്ങളും ഒഴിവായി, ഒഴിവാക്കി. ആ സംസ്ഥാനങ്ങളിലെ എം. പി. മാർ ശബ്ദിച്ചു, അത് ഒഴിവായി. സർ, മോട്ടോർ വെഹിക്കിൾ ആക്ട് കേന്ദ്ര നിയമമാണ്. അത് വന്നപ്പോൾ നമ്മുടെ എം.പി.മാർ പ്രതികരിച്ചില്ല. പ്രതികരിച്ച സംസ്ഥാനങ്ങളിലൊക്കെ അത് ഒഴിവാക്കി. ഇപ്പോൾ എന്താണ് ? പെർമിറ്റ് ആരു ചോദിച്ചാലും വാരിക്കോരി കൊടുക്കണം. നിയമമാണ്, നിയമത്തിനെതിരായി നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ ? തീര സംരക്ഷണ നിയമം, തീരസംരക്ഷണ നിയമത്തിന്റെ ദുഷ്യ ഫലങ്ങളനുഭവിക്കുന്ന ഒരു സംസ്ഥാനമല്ലേ നമ്മുടേത്. തീരദേശ മേഖലയിൽ ഇന്ന് ജനജീവിതം ദുഃസ്സഹമല്ലേ? നമുക്കുവേണ്ടി നമ്മുടെ എം.പി.മാർക്ക് ശബ്ദിക്കുവാൻ കഴിഞ്ഞില്ല. ഇവിടെ ഇന്നത്തെ സ്ഥിതി എന്താണ് ? രണ്ടു പ്രമുഖ കക്ഷികൾ, അപ്പുറത്ത് കോൺഗ്രസ് പാർട്ടി, ഇപ്പുറത്ത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. ഈ രണ്ടു കക്ഷികളും ഇവിടെ പ്രവർത്തിക്കുന്ന മറ്റുമിക്ക കക്ഷികളും ഇന്ന് കേന്ദ്രത്തിൽ ഒരുമിച്ച് ഭരിക്കുകയാണ്. ഈ രണ്ടു കക്ഷികളുടെ പ്രമുഖ നേതാക്കന്മാർ, ഇവിടെ സി.പി.എം.-നാണെങ്കിൽ നാല് പോളിറ്റ് ബ്യൂറോ അംഗങ്ങളുണ്ടല്ലോ : ശ്രീ. ബാലാനന്ദൻ, ശ്രീ. പിണറായി, ശ്രീ. വി.എസ്., ശ്രീ. രാമചന്ദ്രൻ പിള്ള ; നമ്മുടെ കേരളത്തിലെ മലയാളികളായ ആളുകളാണ്. ഇവരൊക്കെ അവിടെയുണ്ട്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയാണ് ഈ ഗവൺമെന്റിന് പിന്തുണ കൊടുക്കുന്ന ഒരു കക്ഷി. ഇവിടെ കേരളത്തിലെ കോൺഗ്രസ്സിന്റെ നേതാക്കന്മാർ ബഹുമാന്യരായ ശ്രീ. എ. കെ. ആന്റണി, ശ്രീ. കെ. കരുണാകരൻ, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. വയലാർ രവി, ശ്രീ. പി. ജെ. കുര്യൻ അടക്കമുള്ള നേതാക്കന്മാർ അവിടെയുണ്ട്. നമുക്കെല്ലാവർക്കും കൂടി ഇവരൊക്കെ നേതാക്കന്മാരായുണ്ട്. കേരളത്തിലെ മുഴുവൻ എം.പി.മാരോടും എന്റെ വിനീതമായ അഭ്യർത്ഥന, ഭരണം ഈ നിലയിൽ തുടർന്നാൽ പിന്തുണ പിൻവലിക്കുമെന്നു പറയാനുള്ള ആർജ്ജവം ഈ എം. പി. മാർക്കു വേണം. കേരളത്തിനുവേണ്ടി സി.പി.എം.ന്റെ ആളുകൾ,

LIBRARY ARCHIVES Kerala Legislative Assembly

ഇടതുപക്ഷത്തിന്റെ ആളുകൾ, അപ്പുറത്തുള്ളവർ, അവർക്ക് ഒരുപക്ഷേ രാജ്യസഭയിൽ മാത്രമേ എം.പി.മാരുള്ളൂ. ഇവരൊക്കെ ധൈര്യം കാണിക്കുവാൻ തയ്യാറാകണം.

ശ്രീ. കെ. ബാബു : ശ്രീ. ജോണി പറഞ്ഞല്ലോ ഇപ്പുറത്ത് കോൺഗ്രസ്സിന്റെ എം.പി.മാർ. അപ്പുറത്ത് സി.പി.ഐ. (എം.)-ന്റെ എം.പി. മാർ. ഈ രണ്ടിനുമിടയ്ക്ക് വേറെ കക്ഷികളുണ്ടോ ?

ശ്രീ. ജോണി നെല്ലൂർ : ബാബു അവരെ ചെറുതായി കാണുന്നു. ബാബു പറഞ്ഞത് ശരിയാണ്. കേരളം രക്ഷപ്പെടണമെങ്കിൽ പ്രാദേശിക പാർട്ടികൾ ശക്തിപ്രാപിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇന്ന് രാജ്യമാകെ പരിശോധിച്ചാൽ, പ്രാദേശിക പാർട്ടികൾ എവിടെ ശക്തിപ്പെട്ടിട്ടുണ്ടോ അവിടെയൊക്കെ വാരിക്കോരി കൊടുക്കുവാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നു. ബീഹാറിൽ, കർണ്ണാടകയിൽ, തമിഴ്നാട്ടിൽ. അവിടെയെല്ലാം ഇതു കൊടുക്കുവാൻ തയ്യാറാകുമ്പോൾ ഇവിടുത്തെ ഗതികേട് എന്താണ് ? കേരളത്തിലും ശക്തമായ പ്രാദേശിക പാർട്ടികൾ ഉണ്ടായി. അത് ശക്തിപ്രാപിച്ചപ്പോൾ പിളർന്നു. വളരുന്തോറും പിളരുമെന്ന ഒരു പുതിയ സിദ്ധാന്തം വന്നു. അങ്ങനെ പിളർന്നു പിളർന്നു പോയി. പക്ഷേ എല്ലാവരും ഒന്ന് ആലോചിച്ചാൽ, കോൺഗ്രസ്സുകാർക്കും ആലോചിക്കാം. കേരളം വളരണം. കേരളം പുരോഗതിയിലേക്ക് പോകണമെന്നാണ് ആഗ്രഹിക്കുന്നതെങ്കിൽ ശക്തമായ പ്രാദേശിക പാർട്ടികൾ രൂപീകരിക്കുകയും പാർട്ടികൾ നിയന്ത്രിക്കുന്ന ഗവൺമെന്റ് രൂപീകരിക്കുകയും പാർട്ടി ശക്തമായി വിലപേശുകയും ചെയ്താൽ മാത്രമേ കേരളത്തിനു കുറെയേറെ അവകാശങ്ങൾ നേടിയെടുക്കുവാൻ കഴിയുകയുള്ളൂ. കേന്ദ്രം നാല്പത്തിയാറു പുതിയ തീവണ്ടികൾ അനുവദിച്ചതിൽ തമിഴ്നാടിനു എട്ടെണ്ണം കിട്ടി. അവിടെ പ്രാദേശിക പാർട്ടിയാണു ഭരിക്കുന്നത്. ഇവിടെ കോൺഗ്രസ് ഭരിക്കുന്നു. അല്ലെങ്കിൽ യു.ഡി.എഫ്. ഭരിക്കുന്നു. നമുക്കൊന്നുമില്ല. നമ്മൾ ഇവിടെ പ്രമേയം പാസ്സാക്കി ഇരിക്കുന്നു. പിള്ളേർക്ക് ഇതു മതിയെന്ന്. പിള്ളേർക്ക് ഇതായാലും മതിയെന്നാണ് അവിടെ കരുതുന്നത്. അതുകൊണ്ട് ഈ മനഃസ്ഥിതി മാറണമെങ്കിൽ തീർച്ചയായും അതിശക്തമായ നിലപാടിലേക്ക് പോകണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഞാൻ മറ്റൊരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ശ്രീ. പി. ടി. തോമസ് ഇപ്പോൾ ഇവിടെ പ്രസംഗിച്ചപ്പോൾ ആരോഗ്യ വകുപ്പിൽ തസ്തികകൾ ഉണ്ടാക്കി എന്നു പറഞ്ഞു. നല്ല കാര്യമാണ്. ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുന്നു. തസ്തികകൾ ഉണ്ടാക്കിയതുകൊണ്ടു മാത്രം കാര്യമുണ്ടോ? ഐ.പി. ബ്ലോക്ക് തുടങ്ങാൻ തീരുമാനമെടുത്തു. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ രണ്ടെണ്ണം എന്റെ മണ്ഡലത്തിലും തുറന്നു. രണ്ടെണ്ണം തുടങ്ങാൻ പോകുകയാണ്. അതുകാരണം അങ്ങോട്ടു ചെല്ലാൻ പറ്റുന്നില്ല, ഡോക്ടർമാരില്ല. വീണ്ടും അടച്ചുപൂട്ടേണ്ട അവസ്ഥ വന്നു. പോസ്റ്റുണ്ടാക്കി ഡോക്ടർമാരെ നിയമിച്ചാലും അവർ അവിടെ വരുന്നില്ല. പബ്ളിക് സർവ്വീസ് കമ്മീഷൻ അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി ഡോക്ടർമാരെ വച്ചാൽ ആ ഡോക്ടർമാർ വരുന്നില്ല. എങ്ങനെ ഐ.പി. പ്രവർത്തിപ്പിക്കുവാൻ കഴിയും? തസ്തികകൾ ഉണ്ടാക്കി നിയമനം കൊടുത്തതുകൊണ്ടുമാത്രം ഈ കാര്യങ്ങൾ പരിഹരിക്കുവാൻ കഴിയുകയില്ല. എപ്പോഴും ഈ നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ബഹുമാന്യനായ ധനകാര്യമന്ത്രിക്ക് അറിയാം. അങ്ങ് ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന കാലത്തുപോലും ഈ അവസ്ഥകൾ ഉണ്ടായിട്ടുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

പണിയെടുക്കുവാൻ നമ്മുടെ ഡോക്ടർമാർ തയ്യാറാകാത്ത സാഹചര്യത്തിൽ നിയമനിർമ്മാണം കൊണ്ടുവരും എന്ന് എല്ലാ ആരോഗ്യ വകുപ്പ് മന്ത്രിമാരും പറയുകയും ചെയ്തു. ഇതുവരെ കൊണ്ടുവന്നിട്ടില്ല. അതിന്റെ ഫലമെന്താണ് ? ഇപ്പോൾ ഐ.പി.ബ്ലോക്ക് തുടങ്ങിയെങ്കിലും പ്രവർത്തിപ്പിക്കുവാൻ കഴിയാതെ ജനങ്ങൾ നിരാശരായ് മുന്നോട്ടുപോകുന്നു. ഞാൻ ബഡ്ജറ്റ് പ്രസംഗത്തിന്റെ സമയത്ത് പറഞ്ഞത് ഇവിടെയും ആവർത്തിക്കുകയാണ്. നമ്മുടെ വികസന കാര്യങ്ങൾ തടസ്സപ്പെടുത്തുന്ന കാര്യത്തിൽ നമ്മുടെ കോടതികൾ ഗണ്യമായ പങ്കു വഹിക്കുന്നുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിധി പറയേണ്ട കോടതികൾ പലപ്പോഴും സാമൂഹ്യ പ്രതിബദ്ധതയില്ലാതെ വിധി പ്രസ്താവിക്കുന്നു എന്നുള്ളതാണ് വസ്തുത. നമ്മൾ യുദ്ധകാലാടിസ്ഥാനത്തിൽ, ഇപ്പോൾ കെ.എസ്.ടി.പി. ഏറ്റെടുത്തിരിക്കുന്ന റോഡു വികസനം, സ്ഥലം എടുത്തു കൊടുക്കുവാൻ വളരെ അടിയന്തിരമായി മുന്നോട്ടു നീങ്ങുമ്പോൾ, ആർക്കും കോടതിയിൽ പോകാം. കോടതിയിൽ ചെന്നാലുടനെ സ്റ്റേയാണ് ആറാഴ്ച, ഏഴ് ആഴ്ച, നമ്മുടെ വികസനം മുരടിക്കുന്നു. സാമൂഹ്യ പ്രതിബദ്ധതയില്ലാതെ വികസന കാര്യങ്ങൾ തടസ്സപ്പെടുത്താൻ, പബ്ലിസിറ്റിക്കുവേണ്ടി ഏതു വിധത്തിലുള്ള വിധി വാചകവും പ്രസ്താവിക്കാം. ജുഡീഷ്യറിയുടെ പ്രവർത്തനങ്ങൾ എങ്ങനെ നമുക്ക് നിയന്ത്രിക്കുവാൻ കഴിയും? എനിക്ക് അറിയില്ല. പക്ഷേ അതു പറയണ്ടേ സർ? നിയമ സഭയുടെ പരിരക്ഷ ഉള്ളതുകൊണ്ടു പറയാം. ഇത് എവിടെയാണ് പറയേണ്ടത് ? അത്രമാത്രം നമ്മുടെ വികസന കാര്യങ്ങളെപ്പോലും തടസ്സപ്പെടുത്തുന്ന ഇതുപോലുള്ള പ്രവണതകളെ ശക്തിയായി നാം ഒറ്റക്കെട്ടായി നിന്ന് ചെറുക്കണമെന്നു മാത്രമേ എനിക്കു സൂചിപ്പിക്കുവാനുള്ളൂ. അതുകൊണ്ട് ഞാൻ ചുരുക്കട്ടെ. ഒന്നു മാത്രം. നമ്മുടെ ബഡ്ജറ്റിൽ അധിക ധനാഭ്യർത്ഥനയിൽ പാസ്സാക്കിക്കൊടുക്കുന്ന തുക അത് ചെലവഴിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായാൽ ശക്തമായ നടപടികൾ സ്വീകരിക്കുവാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്ജ്</u> : സർ, ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥന കളേയും എതിർക്കുകയാണ്. ശ്രീ. ജോണി നെല്ലൂർ അവസാനം പറഞ്ഞ കാര്യം അനുകൂലിക്കുന്നു എന്നത് ഒഴിച്ചുള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞ എല്ലാ കാര്യങ്ങളോടും വളരെ ആത്മാർത്ഥമായി ഞാൻ യോജിക്കുന്നു. അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിക്കുന്നു. പക്ഷേ അദ്ദേഹം ഇടവഴിയിൽ ആയിരിക്കുന്ന സമയത്താണ് ഇതു പറയുന്നത്. അദ്ദേഹം ഇടവഴിയിൽനിന്ന് ഏതെങ്കിലും കരയിൽ കയറട്ടെ എന്നു ഞാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. എനിക്ക് പറയാനുള്ളത്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് നാലു കൊല്ലമായി. അധിക ധനാഭ്യർത്ഥനയും ഉപ ധനാഭ്യർത്ഥനയുമൊക്കെയായിട്ട് ധനകാര്യമന്ത്രി വരികയാണ്. ഈ നാലു കൊല്ലംകൊണ്ട് കേരളത്തിന്റെ നില എന്താണ് ? മണൽ മാഫിയ, ലോട്ടറി മാഫിയ, മദ്യ മാഫിയ. നാലു കൊല്ലംകൊണ്ട് മാഫിയയുടെ കൈകളിൽ ഈ രാജ്യത്തിന്റെ ഭരണം കൊടുത്ത ഒരു ഗവൺമെന്റ് ആണ് നിങ്ങളുടെ ഗവൺമെന്റ്. നിഷേധിക്കുവാൻ ആർക്കു കഴിയും? ഈ സംസ്ഥാനത്തിന്റെ ജന വിഭാഗങ്ങളിൽ ആർക്കാണ് സംതൃപ്തിയുള്ളത് ? തൊഴിൽ മേഖല തകർന്നു തോട്ടം തൊഴിലാളികൾ മുഴുവൻ പട്ടിണിയിലായി. അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കയർ തൊഴിലാളി മേഖല, കശുവണ്ടി മേഖല, തൊഴിലാളികൾ മുഴുവൻ പട്ടിണിയിലായി. കാർഷിക മേഖല എടുത്തു പരിശോധിക്കാം. നെൽകൃഷിക്കാർക്ക് ഇന്ന് എന്താണ് ഗതി ? അവിടെയും ആത്മഹത്യയായി. ആയിരത്തി മുന്നൂറോളം കൃഷിക്കാർക്ക് ആത്മഹത്യ ചെയ്യാൻ അവസരം ഉണ്ടാക്കിക്കൊടുത്ത ഗവൺമെന്റ് അല്ലേ നിങ്ങളുടേത് എന്ന് നിഷ്പക്ഷമായി ചിന്തിക്കണം. നെല്ല്, കുരുമുളക് സംഭരണം തകരാറിലായി. ഇരുന്നൂറ്റി എഴുപതു രൂപയുണ്ടായിരുന്ന കുരുമുളക് ഇന്ന് അറുപതു രൂപയ്ക്കുപോലും ആർക്കും വേണ്ട. നിങ്ങൾ സംഭരണം പ്രഖ്യാപിക്കുന്നു. ഇടത്തട്ടുകാർ ആ പണം കൊണ്ടുപോകുന്നതല്ലാതെ സാധാരണക്കാരായ കൃഷിക്കാരുടെ കൈകളിലേക്ക് ആ പണം ചെല്ലുന്നില്ല. നെല്ലു സംഭരണത്തിലെ അപാകത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഇന്നലെ സംസാരിച്ചു. അദ്ദേഹം നല്ല ഒരു സമീപനം സ്വീകരിച്ചുകൊണ്ട്, അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. അതിന്റെ ഇടത്തട്ടുകാരും ബോഗസ് ആയി ഉണ്ടാക്കുന്ന കമ്പനിക്കാരും പണം തട്ടിക്കൊണ്ടു പോകുവാനുള്ള ഒരു മാർഗ്ഗമായി മാറ്റിയിരിക്കുന്നു. ഇത് ദുഃഖകരമാണ്. അതിനിടയ്ക്കാണ് ഇടി വെട്ടിയവനെ പാമ്പ് കടിച്ചെന്ന് പറയുന്നതുപോലെയുള്ള അവസ്ഥയുണ്ടായത്. അതുപോലെയാണ് കേന്ദ്ര ഗവൺമെന്റ്. ഇതെന്താണ് സർ? കേരളത്തിലെ മൂന്നു കോടി പതിനാറ് ലക്ഷം വരുന്ന ജനങ്ങൾ മുകളിലിരിക്കുന്ന മേലാളൻമാരുടെ അടിയാളൻമാരാണോ ? ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണനോട് മന്ത്രി എന്ന നിലയിൽ എനിക്ക് ബഹുമാനമുണ്ട്. അദ്ദേഹം ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ മലയാളി എന്ന നിലയിൽ മനുഷ്യ സമൂഹത്തോട് കാണിക്കേണ്ട പ്രതിബദ്ധതയോടുകൂടിയാണോ സംസാരിച്ചത് ? മുന്നൂറ് കോടി രൂപയുടെ കണക്ക് എവിടെനിന്ന് കിട്ടി ? മനുഷ്യത്വരഹിതമായിപ്പോയി ആ സംസാരം എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുഖ്യമന്ത്രി തിരുത്തി പറഞ്ഞതുകൊണ്ട് ഞാൻ വിമർശിക്കുന്നില്ല. പക്ഷെ ഒരുകാര്യമുണ്ട് കേരളത്തിലെ മൂന്നു കോടി പതിനാറ് ലക്ഷം വരുന്ന ജനങ്ങൾ ഇൻഡ്യയിൽ ഏറ്റവും ദുരിതം അനുഭവിക്കുന്ന ജനവിഭാഗമായി മാറിയിരിക്കുകയാണ്. യഥാർത്ഥത്തിൽ വിദേശത്ത് ജോലിചെയ്യുന്ന കേരള സമൂഹത്തിലെ സഹോദരങ്ങൾ ഇല്ലായിരുന്നെങ്കിൽ പട്ടിണി മരണം ആയിരത്തി മൂന്നൂറിൽ നിന്ന് പതിമൂവായിരം ആറിലേ? അത് ചിന്തിക്കാൻ ബാദ്ധ്യത ഇല്ലേ? ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് ഇറിടെ വന്ന് അദ്ദേഹം മുഴുവൻ കാര്യങ്ങളും സമ്മതിച്ച് പോയതല്ലേ? ബഹുമാന്യനായ മുഖ്യമന്ത്രിയോട് എല്ലാം സമ്മതിച്ചിട്ടല്ലേ ആ മാന്യൻ അങ്ങോട്ട് പോയത്. എനിക്ക് അദ്ദേഹത്തോട് വലിയ ബഹുമാനമൊന്നും തോന്നുന്നില്ല. *** .....(ബഹളം) .....എനിക്ക് ഒരു ബഹുമാനവും ഇല്ല. സത്യത്തിൽ ആ മനുഷ്യൻ ചെയ്തതെന്താണ്? ഇവിടെ വന്ന്.....(ബഹളം).....

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ഇൻഡ്യയുടെ പ്രധാനമന്ത്രിയെ അവഹേളനപരമായ രീതിയിൽ വിളിക്കുന്നത് തെറ്റാണ്. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് രേഖയിൽ കാണില്ല. .....(ബഹളം).....

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ടി. എൻ. പ്രതാപൻ): ഈ പരിപാവനമായ സഭയിൽ പ്രധാനമന്ത്രിയെ വളരെ മോശമായ രീതിയിൽ .....

ശ്രീ. പി. സി. ജോർജ്ജ്: കേരളത്തിലെ ജനങ്ങൾക്ക് *** ഇൻഡ്യൻ പ്രധാനമന്ത്രിയായി കാണാൻ കഴിയില്ല എന്ന് ഞാൻ വീണ്ടും പറയുകയാണ്. അത് രേഖയിൽ വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് രേഖയിൽ കാണില്ല.

ശ്രീ. പി. സി. ജോർജ്ജ്: അദ്ദേഹം ഇവിടെ വന്ന് വാക്ക് പറഞ്ഞിട്ട് പോയതല്ലേ? .....(ബഹളം).....അദ്ദേഹം പറഞ്ഞ മറുപടിയെന്താണ്? .....(ബഹളം).....ഇൻഡ്യൻ പ്രധാനമന്ത്രി ഉറപ്പ് നൽകിയശേഷം ഡൽഹിയിൽ ചെന്നിട്ട് റെയിൽവേ ബഡ്ജറ്റ് വന്നപ്പോൾ അദ്ദേഹം പറഞ്ഞ മറുപടിയെന്താണ്? ശ്രീ. ലാലു പ്രസാദ് യാദവിനെ കാണാൻ സമയം കിട്ടിയില്ലെന്ന്. റെയിൽവേ മന്ത്രിയെ കാണാൻ സമയം കിട്ടിയില്ലെന്ന്. കേരളത്തിലെ മൂന്നു കോടി ജനങ്ങൾ പൊട്ടൻമാരാണെന്നാണോ കണക്കാക്കുന്നത് ? അത് അംഗീകരിക്കാൻ പറ്റില്ല. വിദ്യാഭ്യാസമുള്ളവർ ആയതുകൊണ്ട് ശക്തമായി പ്രതികരിക്കില്ലെന്ന് കരുതേണ്ട. ദേശീയ പാർട്ടികൾ എന്ന നിലയിൽ ഇവിടെയുള്ളവർ, ഡൽഹിയിലിരിക്കുന്ന മേലാളൻമാർ കണ്ണുരുട്ടിക്കാണിച്ചാൽ ഭയപ്പെടും. കേരളത്തിലെ ജനങ്ങൾക്ക് പരിധി കഴിഞ്ഞിരിക്കുന്നു. കഴിഞ്ഞ എത്രയോ വർഷങ്ങളായിട്ടുള്ള അവഗണനയാണിത്..... അതുകൊണ്ട് പ്രതികരിക്കുന്ന ജനസമൂഹം കേരളത്തിൽ ഉയർന്നുവരും. അപ്പോൾ കേന്ദ്ര ഗവൺമെന്റിന് ബോധമുണ്ടാകും. അതിനുള്ള ശ്രമങ്ങളുമായി കേരളത്തിലെ ജനങ്ങൾ ആത്മാർത്ഥമായി കടന്നുവരുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ചുരുക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഞാൻ ഈ സപ്ലിമെന്ററി ഡിമാന്റിനെ അനുകൂലിക്കുകയാണ്. ഏറ്റവും അവസാനം പ്രസംഗം നടത്തിയ ബഹുമാന്യനായ ശ്രീ. പി. സി. ജോർജ്ജ് ഇൻഡ്യൻ പ്രധാനമന്ത്രിയെ വളരെയേറെ മോശമായ രീതിയിൽ പറഞ്ഞതിൽ ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കുന്നു. അദ്ദേഹം നിയമസഭാംഗമാണ്. ഇൻഡ്യൻ പാർലമെന്റിൽ തെരഞ്ഞെടുക്കപ്പെട്ട് വന്ന ലോകം മുഴുവൻ ബഹുമാനിക്കുന്ന ഡോ. മൻമോഹൻ സിംഗിനെ വളരെ മോശമായ രീതിയിൽ അൺ പാർലമെന്ററി ആയിട്ടുള്ള വാക്ക് ഉപയോഗിച്ച് പറഞ്ഞത് എന്തെങ്കിലും മാന്യതയുടെ അംശമുണ്ടെങ്കിൽ പിൻവലിക്കണമെന്നാണ് വിനീതമായ എന്റെ അഭ്യർത്ഥന.

ശ്രീ. കെ. ബാബു: ശ്രീ. പി.സി. ജോർജ്ജിന്റെ കൂടി പിന്തുണയുള്ള എൽ.ഡി.എഫ്. കൂടി പിൻതാങ്ങുന്ന പ്രധാനമന്ത്രിയാണ് ഡോ. മൻമോഹൻ സിംഗ്. പി. സി. ജോർജ്ജിനെപ്പോലുള്ള ആളുകളെക്കൊണ്ട്, ഒരു കിണ്ടിയും കിണ്ണവും പോലുള്ള ഒരു പാർട്ടിയെക്കൊണ്ട് ഇങ്ങനെ പറയിപ്പിക്കുന്നത് ശരിയാണോ?

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാന്യനായ തൃപ്പൂണിത്തുറ അംഗം പറഞ്ഞത് ഇവിടെ പ്രതിപക്ഷ നിരയിലിരിക്കുന്ന സി.പി.എം.-ഉം സി.പി.ഐ.-ഉം ഉൾപ്പെടെയുള്ള ഇടതുപക്ഷ നേതാക്കൻമാർ ഇതുപോലുള്ള ആളുകളെ കൂടി കൊണ്ടുനടക്കുന്നത് നിങ്ങൾക്ക് നല്ലതല്ല എന്ന കാര്യം മറന്നു പോകരുത്. നിങ്ങൾ ഈ സഭയിൽ

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പി. സി. ജോർജ്ജ് പറഞ്ഞതിനെക്കുറിച്ച് പ്രതികരിക്കേണ്ടതാണ്. നിങ്ങളും കൂടി പിൻതാങ്ങുന്ന, നിങ്ങളും കൂടി കൈപൊക്കുന്ന നിങ്ങളും കൂടി വോട്ട് ചെയ്ത പ്രധാനമന്ത്രിയെയാണ് ഇവിടെ ശ്രീ. പി. സി. ജോർജ് ഇത്രയും മോശമായി പറഞ്ഞത്.

ശ്രീ. സി. പി. മുഹമ്മദ് : ശ്രീ. പി.സി. ജോർജ്ജ് ഒരാളേയും കുറ്റം പറയുന്ന ആളല്ല. പറഞ്ഞു വരുന്നതിന്റെ ഇടയിൽ ശ്രീ. പി. ജെ. ജോസഫിന്റെ ഓർമ്മ വന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : വളരെ ഗൗരവതരമായ കാര്യങ്ങൾക്ക് വേണ്ടി നടത്തിയ ചെലവുകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെല്ലാം. കേരളത്തിന്റെ ചരിത്രത്തിൽ പൊതുമരാമത്ത് വകുപ്പ് ഇത്രമാത്രം ക്രിയാത്മകമായി പ്രവർത്തിച്ച കാലഘട്ടം ഉണ്ടായിട്ടില്ല. ബഹുഭൂരിപക്ഷം റോഡുകളും വളരെ നല്ല രീതിയിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി ചെലവ് ചെയ്ത പണം പാസ്സാക്കേണ്ടെന്നാണോ അപ്പുറത്തിരിക്കുന്ന ആളുകൾ പറയുന്നത് എന്നറിഞ്ഞുകൂടാ. ഇതിൽ പോലീസിന് വേണ്ടി ചെലവ് ചെയ്ത പണത്തിന്റെ കൂട്ടത്തിൽ പോലീസിലെ അഴിമതി തടയുന്നതിന് വേണ്ടിയുള്ള ഗൗരവപരമായ ഇടപെടൽ പുതിയ ബഡ്ജറ്റിൽ വരുമ്പോഴെങ്കിലും ഉണ്ടാകണം. ഇന്ന് കേരളത്തിനകത്ത് തന്നെ ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെയുള്ള ആളുകളുടെ മാഫിയ പ്രവർത്തനങ്ങൾ വളരെ ഗൗരവത്തോടുകൂടി കാണണം.

ശ്രീ. എം. വി. ജയരാജൻ : അങ്ങ് പറഞ്ഞത് ശരിയാണ്. പോലീസിനകത്തുള്ള അഴിമതി തടയാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ ഇവിടുന്ന് പോയ ഡി.ജി.പി. ശ്രീ. ഹോർമിസ് തരകൻ അദ്ദേഹത്തിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പോലീസ് സേനയിൽ നടക്കുന്ന അഴിമതിയെക്കുറിച്ച് ഒരു വിലാപകാവ്യം പോലെയെന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതനുസരിച്ച് നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുമോ?

ശ്രീ. ടി. എൻ. പ്രതാപൻ : സ്ഥാനം ഒഴിഞ്ഞ ഡി.ജി.പി. ശ്രീ. ഹോർമിസ് തരകൻ ഉൾപ്പെടെ നമുക്ക് എല്ലാവർക്കും സ്വന്തം അനുഭവത്തിൽ ബോദ്ധ്യമുള്ളതുൾപ്പെടെ ഏറ്റവും അവസാനം ഡി.വൈ.എസ്.പി. കാണിച്ച ക്രൂരത ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് തന്നെ കേരളത്തിലെ പോലീസ് സേനയിൽ ഇപ്പോഴും വളരെ അഴിമതി നടക്കുന്ന, ക്രൂരമായ കൃത്യവിലോപം നടക്കുന്ന, കുറ്റവാളികളായ പലരും ഉണ്ടെന്നുള്ളത് പച്ചയായ യാഥാർത്ഥ്യമാണ്. ഇത്തരം ആളുകളെ കണ്ടുപിടിച്ച് താക്കോൽ സ്ഥാനങ്ങളിൽനിന്നെങ്കിലും മാറ്റി നിർത്താനുള്ള നടപടിയുണ്ടാകണം. പോലീസിന്റെ അഴിമതിയെക്കുറിച്ചുള്ള സമഗ്രമായ അന്വേഷണത്തിനുവേണ്ടി പ്രത്യേകമായ കമ്മീഷനെ നിയമിക്കണമെന്നാണ് ഈ സന്ദർഭത്തിൽ പറയാനുള്ളത്. നമ്മുടെ കാർഷിക മേഖലയ്ക്ക് ഇനിയും കൂടുതൽ സൗകര്യം നൽകണം. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കാർഷിക മേഖല. നമ്മുടെ ബഡ്ജറ്റുകളിലായാലും സപ്ലിമെന്ററി ബഡ്ജറ്റുകളിലായാലും വരുന്ന പലതും കാർഷിക മേഖലയ്ക്ക് പോരാ. അതുകൊണ്ട് കാർഷിക മേഖലയ്ക്ക് പിൻബലം നൽകുന്നതിന് വേണ്ടിയുള്ള കൂടുതൽ സഹായം നൽകണം. വിദ്യാഭ്യാസത്തിന് എപ്പോഴും വളരെയേറെ ചെലവ് ചെയ്യുന്ന സംസ്ഥാനമാണ് കേരളം. നേരത്തെ ബഹുമാന്യനായ തൊടുപുഴ അംഗം ഇവിടെ ചൂണ്ടുക്കാണിച്ചത് വളരെ ഗൗരവമുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാര്യമാണ്. ഇന്ന് കേരളത്തിൽ സ്വാശ്രയ സ്ഥാപനങ്ങൾ ഉൾപ്പടെയുള്ളവയിൽ പഠിക്കുന്ന വിദ്യാർത്ഥികളെ കോളേജുകളിൽനിന്നും പുറത്താക്കുകയാണ്. കോളേജിനകത്തേക്ക് കയറ്റുന്നില്ല. കഴിഞ്ഞ വർഷം പഠിച്ച കുട്ടികൾ ഈ വർഷം പഠിക്കാൻ ചെല്ലുമ്പോൾ കോളേജിനകത്തേക്ക് കടത്താത്ത രീതിയിലാണ്. അവരെ കോളേജിൽനിന്ന് പുറത്താക്കുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്. വളരെ ഗൗരവപൂർവ്വമായി ഈ കാര്യത്തിൽ ഗവൺമെന്റ് ഇടപെടണം. ഗവൺമെന്റ് കൊടുക്കുന്ന നിർദ്ദേശങ്ങൾപോലും പാലിക്കാൻ തയ്യാറാകാത്ത ഇത്തരം മാനേജ്മെന്റുകളെ നിയന്ത്രിക്കുന്നതിനുവേണ്ടി അവരെ ശക്തമായി മുക്ക് കയർ ഇടുന്ന നടപടി ഉണ്ടാകണം. അതോടൊപ്പം ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ഐ. എച്ച്. ആർ. ഡി. സ്ഥാപനങ്ങൾ ഉൾപ്പെടെ ഐ. എച്ച്. ആർ. ഡി.യുടെ സ്ഥാപനങ്ങളിൽ ആയാലും, എഞ്ചിനീയറിംഗ് കോളേജുകളിലായാലും, പോളിടെക്നിക് സ്കൂളുകളിലായാലും അവിടെ ഇപ്പോഴും ഭീമമായ ഫീസാണ്. ഗവൺമെന്റ് നിയന്ത്രണത്തിലുള്ള പൊതുമേഖലയെന്നു പറയാവുന്ന സ്ഥാപനങ്ങളിലെ ഫീസ് കുറയ്ക്കുന്നതിനുവേണ്ടിയും ഇവിടെ ഒ. ബി. സി., ഒ. ഇ. സി. ഉൾപ്പെടെയുള്ള കുട്ടികൾക്ക് ഗവൺമെന്റ് ഫീസ് ആനുകൂല്യം നൽകുന്നതിനുവേണ്ടിയുമുള്ള ഗൗരവമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ജയിലുകളിലെ ക്രൂരതയെക്കുറിച്ച് അറിയാൻ ഇടയ്ക്കിടക്ക് മിന്നൽ പരിശോധന നടത്തുന്നതായി പത്രങ്ങളിൽ വായിക്കാൻ കഴിഞ്ഞു. ജയിലുകളിൽ ക്രൂരമായ അഴിമതിയാണ് ഇന്ന് നടക്കുന്നത്. ജയിലുകളിൽ തന്നെ മദ്യവും മയക്കുമരുന്നു വിൽക്കുന്നു. വാർഡന്മാരുൾപ്പെടെയുള്ള ആളുകൾ മാരകായുധങ്ങൾവരെ ശേഖരിച്ചു കൈമാറുന്നു എന്ന് പത്രങ്ങളിൽ വായിക്കുന്നു. കേരളത്തിലെ ജയിലുകളെ നവീകരിക്കുന്നതിനുവേണ്ടിയും ജയിലുകളിൽ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനു വേണ്ടിയും ഗൗരവത്തോടുകൂടിയുള്ള നടപടികളുണ്ടാകണം.

ശ്രീ. പി. ടി. തോമസ് : ജയിലുകളിലെ അനാശാസ്യപ്രവർത്തനത്തെപ്പറ്റിയാണ് അങ്ങ് പറയുന്നത്. കേരളത്തിൽ എൽ. ഡി. എഫ്. ഭരണകാലത്ത് ജയിലുകളിൽ മാർക്സിസ്റ്റു പാർട്ടിയുടെ ബ്രാഞ്ച് കമ്മിറ്റികളും സെല്ലുകളും പ്രവർത്തിച്ചിരുന്നതായി റിപ്പോർട്ട് വന്നിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ.

ശ്രീ. ടി. എൻ. പ്രതാപൻ : ഉണ്ട്. മാർക്സിസ്റ്റുപാർട്ടി ഭരിക്കുമ്പോൾ ലോക്കൽ, ബ്രാഞ്ച് കമ്മിറ്റികളെപ്പോലെ ഓരോ കമ്മിറ്റികൾ ഉണ്ടാക്കി അതിൽ ചില ഉദ്യോഗസ്ഥൻമാരുടെ പിന്തുണയും ഒക്കെ ഉണ്ടാക്കിയാണ് ജയിലുകളിൽ സെല്ലുകൾ പ്രവർത്തിച്ചിരുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഇന്ന് ആ രീതിയിലുള്ള സെല്ലുകൾ ജയിലുകളിൽ കുറഞ്ഞുവരുന്നു. പക്ഷെ മാഫിയ സെല്ലുകൾ ജയിലുകളിൽ വർദ്ധിച്ചുവന്നിട്ടുണ്ട്. അത് വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. നമ്മുടെ സംസ്ഥാനത്ത് ചെലവുകളെ സംബന്ധിച്ച് ബഡ്ജറ്റ് പാസ്സാക്കും. അതുകഴിഞ്ഞ് സപ്ലിമെന്ററി ബഡ്ജറ്റ് വരും. ചെലവ് വർദ്ധിച്ചിരിക്കുകയാണ്. കേരളം അമിതമായ കടക്കെണിയിലേക്ക് പോകുകയാണ്. അതുകൊണ്ട് ചെലവ് ചുരുക്കാനുള്ള കർശനമായ സമീപനമാണ് വേണ്ടത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി വളരെ കൃത്യത കാണിക്കുന്ന ആളാണെന്ന് നമുക്കറിയാം. നമ്മുടെ ചെലവ് അന്യായമായി വർദ്ധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഉണ്ണിയാടൻ : ചെലവ് ചുരുക്കലിനെക്കുറിച്ച് പറഞ്ഞല്ലോ. ഈ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സമ്മേളനങ്ങൾക്ക് ചെലവ് വർദ്ധിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കഴിഞ്ഞ ദിവസം സി.പി.ഐ.(എം) ഹൈടെക്ക് മോഡലിലുള്ള, കോടികൾ ചെലവഴിച്ചുകൊണ്ടുള്ള ഒരു സംസ്ഥാന സമ്മേളനം മലപ്പുറത്ത് നടത്തി. പാവങ്ങളുടെ പാർട്ടി എന്നു പറഞ്ഞുനടക്കുന്ന സി. പി. ഐ.(എം) പോലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നടത്തുന്ന കോടിക്കണക്കിന് രൂപ ചെലവഴിച്ചുള്ള ഇത്തരം സമ്മേളനങ്ങളെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്.

ശ്രീ. ടി. എൻ. പ്രതാപൻ : സർക്കാർ ഓഫീസുകൾ ചെലവ് ചുരുക്കണം. എങ്കിൽ മാത്രമേ സംസ്ഥാനത്തെ വരുന്ന തലമുറയ്ക്കുവേണ്ടി എന്തെങ്കിലും സ്വായിയായി നിലനിറുത്തുന്ന സംസ്ഥാനമാക്കി മാറ്റാൻ സാധിക്കൂ. ബഹുമാന്യനായ ഇരിങ്ങാലക്കുട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നുപറയുന്നത് നമ്മളൊക്കെയാണ് തലപ്പത്തുള്ളവർ. നമ്മളാണ് ചെലവ് ചുരുക്കലിന് മാതൃക കാണിക്കേണ്ടത്. സുനാമി പോലുള്ള മഹാദുരന്തമുണ്ടായ ഈ സംസ്ഥാനത്ത് സി. പി. ഐ. (എം) ഏകദേശം 5 കോടി രൂപ ചെലവ് ചെയ്താണ് മലപ്പുറത്ത് ആർഭാടപൂർവ്വമായ സമ്മേളനം നടത്തിയത് എന്ന് മാതൃഭൂമിയിൽ വായിച്ചു. സ്റ്റേജിനുമാത്രം 5 ലക്ഷം രൂപ എന്നുള്ളത് നമ്മളെയൊക്കെ അത്ഭുതപ്പെടുത്തി. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ എതിർത്താലും നമ്മുടെയുള്ളിൽ ഒരു ബഹുമാനം ഉള്ളതാണ്. കാര്യങ്ങൾ നല്ല രീതിയിൽ കാണുന്നവരാണ്. തൊഴിലാളികൾക്കുവേണ്ടി നിലകൊള്ളുന്ന മാർക്സിസ്റ്റുപാർട്ടിയിൽ നിന്നും ഇത്ര ആർഭാടപൂർവ്വമായ സമ്മേളനം നടത്തിയതിൽ അവിടെയുള്ള പലർക്കും നിരാശയുണ്ട്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടിക്കൊടുത്ത, ഇന്ത്യയെ ഏറെക്കാലം ഭരിച്ച എ. ഐ. സി. സി. സെന്റിനറി സമ്മേളനങ്ങൾപോലും നടത്താത്ത രീതിയിൽ ഒരു ഹൈടെക്ക് സമ്മേളനമാണ് മലപ്പുറത്ത് നടത്തിയത്. ശ്രീ. ഉണ്ണിയാടൻ പറഞ്ഞത് വളരെ ഗൗരവമായ കാര്യമാണ്. വളരെ ചെലവ് ചുരുക്കി "തനിമ" നടത്തി ഇരിങ്ങാലക്കുടയിൽ മാതൃക കാണിച്ച ആളാണല്ലോ. അത് ശരിയായിരുന്നു. അതുകൊണ്ട് ചെലവ് ചുരുക്കൽ ഗവണ്മെന്റുകൾക്കുമാത്രമല്ല, രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും സാമൂഹ്യപ്രവർത്തകർക്കും വ്യക്തികൾക്കും ഈ കാലഘട്ടത്തിൽ അനിവാര്യമാണ്. നമ്മുടെ സർക്കാർ ഓഫീസുകളിൽ ചെലവ് ചുരുക്കണം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് 10-14 മാസം നീണ്ടുനിന്ന ഒരു വലിയ മാമാങ്കത്തിന് നേതൃത്വം കൊടുത്ത് ചെലവ് ചുരുക്കി സംസ്ഥാനത്തെ സഹായിച്ച ആളാണ് ശ്രീ. തോമസ് ഉണ്ണിയാടൻ. സി. പി. എമ്മിന്റെ സമ്മേളനത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. സ്വന്തമായി ഒരു സമ്മേളനം യോജിപ്പോടെ നടത്താൻ യാതൊരു വിധത്തിലും കഴിയാത്ത കോൺഗ്രസ്സിനെപ്പോലെ ഒരു രാഷ്ട്രീയപ്രസ്ഥാനം, അതിൽ അസഹിഷ്ണുതപ്പെടുന്നതിൽ ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും.

ശ്രീ. ടി. എൻ. പ്രതാപൻ : ബഹുമാനപ്പെട്ട അംഗം, ഇന്ത്യയിൽ എത്രയോ സമ്മേളനങ്ങൾ നടത്തി ചരിത്രം സൃഷ്ടിച്ചിട്ടുള്ളതാണ്. ഇന്നും സമ്മേളനങ്ങൾ നടത്തുന്ന ഹരിയാനയിൽ മുന്നിൽ രണ്ടു ഭൂരിപക്ഷത്തോടുകൂടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വന്നിരിക്കുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇന്ത്യയിലെ ഏതു ഗ്രാമത്തിലും ഒരു

വിരൽ ഞൊടിച്ചാൽ സമ്മേളനം നടത്താനുള്ള ആയിരക്കണക്കിന് പ്രവർത്തകരും പ്രതിഭകളുമുള്ള പാർട്ടിയാണ്. സി. പി. ഐ. എമ്മിന്റെ നിയമസഭാസാമാജികരുടെ എണ്ണം പത്രങ്ങളിൽ വായിച്ചില്ലേ. സി. പി. എമ്മിന്റെ എം.എൽ.എ.മാരുടെ എണ്ണവും പുതിയ ഇലക്ഷന്റെ റിസൾട്ടും ഞങ്ങളും വായിച്ചു. അവിടെ ബഹുമാന്യനായ ശ്രീ. കെ. പി. രാജേന്ദ്രനും ഞങ്ങളുമൊക്കെ പോയതാണ്. വളരെ ലളിതമായി ചെലവ് ചുരുക്കി നടത്തിയതാണ്. പ്രിയപ്പെട്ട കുഞ്ഞിരാമനും മാതൃക കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ പി. ടി. തോമസ് : സി. പി.. ഐ (എം)-ന്റെ സമ്മേളനം പണക്കൊഴുപ്പിന്റെ ആർഭാടം മാത്രമായിരുന്നില്ല. ഭയപ്പാടിന്റെ വേദി കൂടിയായിരുന്നു. ഒരു പ്രധാനപ്പെട്ട പാർട്ടിയംഗം ഫോൺ ചെയ്യാൻവേണ്ടി ബാത്ത് റൂമിൽ കയറിനിന്നപ്പോൾ കയ്യോടെ പിടിച്ചുവെന്ന് വായിച്ചില്ലെ ? ഭയപ്പാടിന്റെ ഒരു അന്തരീക്ഷം ആയിരുന്നില്ലേ ?

ശ്രീ. ടി. എൻ. പ്രതാപൻ : സി. പി.. ഐ (എം)-ന്റെ സംസ്ഥാന സമ്മേളനത്തിൽ നിന്ന് കാര്യങ്ങൾ മാധ്യമങ്ങളിലൂടെ വെളിച്ചത്തു വന്നപ്പോൾ അന്വേഷണം നടത്തുമെന്ന് ബഹുമാന്യനായ സെക്രട്ടറി പിണറായി രഹസ്യമായി പറഞ്ഞത് അങ്ങ് പറഞ്ഞതുകൂടി കൂട്ടിച്ചേർത്തു വച്ചുകൊണ്ടാണ്. അതുകൊണ്ട് അതെല്ലാം പൂർണ്ണമായി ശരിയാണെന്ന് ബഹുമാന്യനായ സംസ്ഥാന സെക്രട്ടറി പിണറായി രഹസ്യമായി സമ്മതിക്കുന്നതോടുകൂടി കമ്മ്യൂണിസ്റ്റ്-മാർക്സിസ്റ്റ് പാർട്ടി ജനാധിപത്യപരമായി വളർന്നിരിക്കുന്നുവെന്ന് തൽക്കാലം ആശ്വസിക്കാം. അതുകൊണ്ട് ചെലവ് ചുരുക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ ഓഫീസിലെ വാഹനങ്ങൾ ഇത്രമാത്രം ദുരുപയോഗം ചെയ്യുന്ന മേലെല വേറെയില്ല. പൊതുകാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട സംസ്ഥാന സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് അവധി ദിവസങ്ങളിലും ഉപയോഗിച്ച് കോടിക്കണക്കിന് രൂപയാണ് ഫ്യൂവൽ ഇനത്തിൽ സ്റ്റേറ്റിന് അനാവശ്യമായി ചെലവാകുന്നത്. നമ്മുടെ ഓഫീസുകളിലെ ടെലിഫോണുകൾ, പല ഓഫീസുകളും 5 മണിക്ക് പൂട്ടിപോയാലും ഫാനും, ലൈറ്റുകളും പ്രവർത്തിക്കുന്ന അവസ്ഥ കാണാം. സെക്രട്ടേറിയറ്റിന്റെ ഓഫീസുകളിൽ രാത്രി 11 മണിക്കുശേഷം ആരെങ്കിലും നടന്നു പോകുമ്പോൾ ചില സെക്രട്ടറിമാരുടെയും ജോയിന്റ് സെക്രട്ടറിമാരുടെയും ഓഫീസുകളിൽ ഫാനും, ലൈറ്റുകളും ഓഫീസ് പൂട്ടിയാലും കറങ്ങുന്നത് കാണാം. സെക്രട്ടേറിയേറ്റിൽ മാത്രമല്ല, വില്ലേജ് ഓഫീസുകളിലും കാണാം. കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക ഇപ്പോഴും കെ.എസ്.ഇ.ബിയ്ക്ക് ഉണ്ട്. ടെലിഫോണിനും കോടിക്കണക്കിന് രൂപയാണ് ചെലവ് വരുന്നത്. പെട്രോൾ ഇനത്തിൽ കൂടുതൽ ചെലവ് വരുന്നു. അതുകൊണ്ട് ഈ ചെലവ് നിയന്ത്രിക്കണം. ഒരു ഗൗരവമായ മാനേജുമെന്റ് സിസ്റ്റം ആവശ്യമാണ്. ബഹുമാന്യനായ ധനകാര്യമന്ത്രി അങ്ങ് ഒരു കാര്യത്തിൽ തീരുമാനം എടുത്താൽ വളരെ ഷാർപ്പായി ഉറച്ചുനിൽക്കുമെന്ന് എല്ലാപേർക്കുമറിയാം. ഈ ചെലവ് ചുരുക്കുന്നതിന് ഗൗരവമായ മാനേജ്മെന്റ് സിസ്റ്റം ഉണ്ടാക്കുന്നതിന് അങ്ങ് ഒരു നടപടിയുണ്ടാക്കണം. അത് കേരളത്തിന് ഒരു തുടക്കവും മാതൃകയുമായിരിക്കണം. വരാൻ പോകുന്ന കാലങ്ങളിൽ ഏതു ഗവണ്മെന്റും, ഏതു ധനകാര്യ വകുപ്പുമന്ത്രിയും, ധനകാര്യ മാനേജുമെന്റും വന്നാലും പിൻതുടർന്നുപോകാൻ പറ്റുന്ന ഒരു സിസ്റ്റം ആക്കിക്കൊണ്ടു നടപ്പിലാക്കണം. മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാക്കി, മിസ്മാനേജുമെന്റ് ഒഴിവാക്കിക്കൊണ്ട് ചെലവ് ചുരുക്കി ഗൗരവപൂർവ്വമായി നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സമ്പദ്ഘടനയുടെ ചോർച്ച തടയാൻ കഴിയണം. ഓരോ വർഷവും റൂട്ടീൻ വർക്കായി സപ്ലിമെന്ററി ഡിമാന്റുകൾ പാസ്സാക്കുകയാണ്. മാറി മാറി വരുന്ന എല്ലാ ഗവണ്മെന്റുകളുടെയും സ്ഥിതി അതുതന്നെയാണ്. ഉദാഹരണത്തിന് അക്കൗണ്ടന്റ് ജനറലിന്റെ കണക്കുനോക്കിയാൽ അറിയാം. പൊതുകടം ഈ കഴിഞ്ഞ മാർച്ചിൽ മുപ്പത്തിയേഴുലക്ഷത്തി നാന്നൂറ്റി മുപ്പത്തിരണ്ട് കോടി ആണ്. അത് മുൻവർഷത്തേക്കാൾ 26.6% കൂടിയിരിക്കുകയാണ്. മൂലധന നിക്ഷേപം വർദ്ധിച്ചില്ലേ. 2003-04-ൽ മൊത്തം റവന്യൂ വരുമാനത്തിന്റെ 70 ശതമാനം ചെലവഴിച്ചിട്ടുള്ളത് ശമ്പളവും പെൻഷനും പലിശയും നൽകാനാണ്. ശമ്പളം പ്രതിവർഷം 11 ശതമാനം കണ്ടും പെൻഷൻ 18 ശതമാനം കണ്ടും പലിശ 17 ശതമാനം കണ്ടും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വലിയ പ്രതിസന്ധിയിലേക്കാണ് നമ്മുടെ സ്റ്റേറ്റ് പോകുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഈ സഭയിൽ പറഞ്ഞു 10 വർഷത്തിനകം പെൻഷൻ തുക ശമ്പളത്തേക്കൾ 10 ശതമാനം കൂടുതലാകുമെന്ന്. ഈ പോക്കുപോയാൽ കേരളത്തിലെ വരും തലമുറയോട് നമ്മൾ കണക്കുപറയേണ്ടിവരും. വരുന്ന തലമുറയ്ക്കുവേണ്ടി നീക്കിവയ്ക്കാൻ ഒന്നുമില്ലാത്ത ആളുകളായി തറവാട് മുടിച്ചുപോകുന്ന കാരണവന്മാരുടെ ഒരു ഓർമ്മയായി നമ്മൾ ഉൾപ്പടെയുള്ള എല്ലാവരും സാക്ഷികളും, കൂട്ടാളികളുമായി തീരേണ്ടിവരും. വളരെ ഗൗരവപൂർവ്വമായ ചെലവ് ചുരുക്കൽ പ്രവണതയിലേക്ക് കടന്നുവരണം. പലിശ പ്രതിവർഷം 17 ശതമാനം കണ്ട് വർദ്ധിച്ചുവരികയാണ്. മൂലധന ചെലവ് ഓരോ വർഷവും കുറയുകയാണ്. മൊത്തം ചെലവ് വർദ്ധിച്ചതനുസരിച്ച് മൂലധനച്ചെലവ് വർദ്ധിച്ചിട്ടുമില്ല. കുറയുന്നു എന്നു മാത്രമല്ല, കഴിഞ്ഞ 10 വർഷത്തെ അനുഭവം ഭയാനകമാണ്. വികസനത്തിന്റെ ചാലകശക്തികളാകേണ്ട മേഖലകളിൽ പ്രത്യേകിച്ച് കാർഷികമേഖലയേയും, വ്യാവസായിക മേഖലയേയും ഇത് തളർത്തിക്കൊണ്ടിരിക്കുകയാണ്. 2003-ലെ കേരള സാമ്പത്തിക ഉത്തരവാദിത്വ ആക്റ്റ് അനുസരിച്ച് 2007 മാർച്ചോടുകൂടി റവന്യുകമ്മി പൂർണ്ണമായും ഇല്ലാതാകും എന്നായിരുന്നു. റവന്യു കമ്മി ആഭ്യന്തര ഉത്പാദനത്തിന്റെ 2 ശതമാനം ആകണമെന്നാണ് ഈ ആക്ടിൽ പറഞ്ഞിരിക്കുന്നത്. സമയപരിധി 2009-ലേക്ക് നീട്ടിയിട്ടുണ്ട്. എല്ലാ മേഖലകളിലും സ്ഥായിയായ പരിഷ്ക്കരണം നടത്തിയാലെ 2009-ലെങ്കിലും ഈ ലക്ഷ്യം നേടാൻ ആവൂ. അതിന് ആവശ്യമായ രീതിയിൽ റവന്യു കമ്മി കുറച്ചുകൊണ്ടുവരുവാനുള്ള കർശനമായ നടപടി ഉണ്ടാവണം. ഈ സപ്ളിമെന്ററി ബഡ്ജറ്റിൽ ചില കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കുന്നുണ്ട്. നമ്മുടെ ഫിഷറീസ് സെക്ടറിൽ നമ്മൾ കുറേ പൈസ സപ്ളിമെന്ററി ആയി ചെലവു ചെയ്തതായി കാണുന്നുണ്ട്. ഇതു പോരാ, വളരെയേറെ ആളുകൾ നേരിടുന്ന, ബഹുമാന്യനായ ശ്രീ. സി.കെ. നാണു പറഞ്ഞതുപോലെ ഏറ്റവും അടിസ്ഥാനപരമായ സൗകര്യങ്ങളിലും മറ്റു ജീവിത മേഖലകളിലും പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗം ആണ് ഫിഷറീസ് സെക്ടറിലെ ആളുകൾ. ഫിഷറീസ് സെക്ടറിന് കുറേക്കൂടി പിൻബലം നൽകുന്ന രീതിയിൽ സംസ്ഥാനത്തെ സമ്പത്ത് വിഭജിക്കുമ്പോൾ പ്രത്യേക താത്പര്യം കാണിക്കണമെന്ന് അറിയിക്കുകയാണ്. ഇപ്പോൾ അപകടകരമായ ഒരു കാര്യം കൂടി ഉണ്ടായിരിക്കുകയാണ്. കേരളത്തിലെ ഫിഷറീസ് മേഖലയിൽ 2003-ൽ ഇൻഡ്യാ ഗവൺമെന്റും തായ്ലാൻഡും തമ്മിൽ ഉണ്ടാക്കിയ Indo-Thai Frame Work Agreement പ്രകാരം ഇൻഡ്യയിലേക്ക് മത്സ്യം ഇറക്കുമതി ചെയ്യാൻ വേണ്ടിയുള്ള തീരുമാനമെടുത്തു. 2006 സെപ്റ്റംബർ മുതൽ 82 ഇനം മത്സ്യങ്ങൾ ഇറക്കുമതി ചെയ്യാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യാ ഗവൺമെന്റ് തായ്ലാൻഡുമായി കരാർ വച്ചിരിക്കുകയാണ്. തായ്ലാൻഡിൽനിന്നും ഗുണം കുറഞ്ഞ മത്സ്യം ഇറക്കുമതിചെയ്ത് നമ്മുടെ മത്സ്യവും കൂട്ടിചേർത്ത് കയറ്റി അയയ്ക്കുന്ന തന്ത്രം ആണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. വളരെ അപകടകരമായ ഈ കാര്യത്തിലും റയിൽവേ അവഗണനക്കെതിരെ ഉണ്ടായ പൊതുവികാരം പോലെതന്നെ ഈ ഇറക്കുമതിനയത്തിനെതിരായുള്ള കാര്യത്തിലും നിയമസഭ ഒറ്റക്കെട്ടായി പൊതുവികാരം പ്രകടിപ്പിക്കണം. സപ്ലിമെന്ററി ബജറ്റിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിക്ക് നൽകിയ സംഖ്യയെ പ്രത്യേകം സ്വാഗതം ചെയ്യുകയാണ്. ഈ ഗവൺമെന്റ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വൈദ്യുതി നൽകുന്ന കാര്യത്തിൽ ഇൻഡ്യയ്ക്കുതന്നെ ഒരു മാതൃകയാണ്. കേരളത്തിലെ ഏതു ഗ്രാമങ്ങളിൽ പോയാലും അതിന്റെ ഒരു ഉത്സാഹം കാണാം. ബി.പി.എൽ.-ൽ ഉള്ള പാവപ്പെട്ട വൈദ്യുതി ഗുണഭോക്താക്കൾക്ക് വൈദ്യുതി കൊടുക്കുന്നതിന് പ്രത്യേകമായ പദ്ധതി ഉണ്ടാക്കി, പോസ്റ്റ് ഉള്ളവർക്ക് കണക്ഷൻ കൊടുക്കുന്ന പദ്ധതി ഉണ്ടാക്കി. കേരളത്തിലെ പാവപ്പെട്ട ഹരിജനങ്ങളും പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളും പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് ബി.പി.എൽ-ൽ ഉള്ള ആളുകൾക്ക് ഇത് കിട്ടാൻ വേണ്ടിയുള്ള മാതൃകാപരമായ ഈ പരിപാടി ഇൻഡ്യയ്ക്കുതന്നെ മോഡൽ ആണ്. സപ്ലിമെന്ററി ബജറ്റുകൂടി നോക്കുമ്പോൾ കാണുന്ന ഒരു നിരാശ നമ്മുടെ മിനി പോർട്ടുകളും അഴിമുഖങ്ങളും നവീകരിക്കുന്നതിനു വേണ്ടിയുള്ള പണം കൊടുക്കുന്നത് വളരെ ശുഷ്ക്കമാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട്, അങ്ങ് ആലപ്പുഴ എം.പി ആയിരുന്നു, അങ്ങ് ഇപ്പോൾ പ്രതിനിധാനം ചെയ്യുന്ന കോൺസ്റ്റിറ്റ്യൂൻസിയും നമ്മുടെ കോസ്റ്റൽ ബെൽറ്റിൽ ഉള്ള മണ്ഡലങ്ങൾ ആണ്. 1600 കോടി രൂപയാണ് കയറ്റുമതിയിലൂടെ നമുക്കു ലഭിക്കുന്ന വരുമാനം. ഇൻഡ്യയ്ക്കു ലഭിക്കുന്നതിന്റെ മുക്കാൽ പങ്ക് കേരളത്തിന്റേതാണ്. ഏറ്റവും പ്രധാനപ്പെട്ട തീരമേഖലയിലെ അഴിമുഖങ്ങളും മിനി പോർട്ടുകളും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബൃഹത്തായ ഒരു പദ്ധതി വേണം. അതിനാവശ്യമായ പണം അങ്ങ് നൽകണം എന്ന് അഭ്യർത്ഥിക്കുന്നു. നേരത്തെ ശ്രീ. കെ. വി. തോമസ് ടൂറിസം മന്ത്രി ആയിരുന്നപ്പോൾ തുടങ്ങിവച്ച കാര്യങ്ങളും ഇപ്പോൾ ശ്രീ. കെ. സി. വേണുഗോപാൽ തുടങ്ങിവച്ചതും, തുടരുന്നതുമായ കാര്യങ്ങളും ഉൾപ്പെടെ നമ്മുടെ ടൂറിസം മേഖല വളരെ പ്രതീക്ഷ നൽകുന്നതാണ്. ഇപ്പോൾ അഞ്ച് അവാർഡ് ആണ് ഈ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. ആഭ്യന്തര ടൂറിസവും വിദേശ ടൂറിസവും ഒരുപോലെ പ്രോത്സാഹിപ്പിച്ചാൽ ഇത്രമാത്രം തൊഴിൽ സാധ്യതകളുള്ള മേഖല വേറെ ഇല്ല. അതിനാവശ്യമായ പിൻബലം നൽകേണ്ടതിന് ബഡ്ജറ്ററി സപ്പോർട്ട് കൂടുതൽ വേണം. അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് വളരെ പ്രയോജനകരമാകും. ഈ രംഗത്ത് അനാരോഗ്യകരമായ ചില പ്രവണതകൾ കടന്നുവന്നിട്ടുണ്ട്. ചില മസാജ് പാർലറുകൾ ഒക്കെ ആരംഭിച്ച് ഈ മേഖലയിൽ ഗുണകരമല്ലാത്ത സമീപനം ഉണ്ടാകുന്നുണ്ട്. ഇതിനുവേണ്ടി പ്രത്യേക നിയമം കൊണ്ടുവരുന്ന തീരുമാനത്തെ സ്വാഗതം ചെയ്യുകയാണ്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് വിനയപൂർണ്ണമായ ഒരു അഭ്യർത്ഥന നമ്മൾ വ്യാപാരി വ്യവസായികളെ മറക്കരുത്. അവരുമായി കൂടിയാലോചനയ്ക്ക് തയ്യാറാകണം. കേരള സമൂഹത്തിൽ വലിയൊരു സ്ഥാനം വ്യാപാരി സമൂഹത്തിനുണ്ട്. "വാറ്റ്"-ന്റെ പേരിൽ അവർക്കെന്തെങ്കിലും തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അവരെ ഒന്നുകൂടി വിളിച്ച് അവരെക്കൂടി വിശ്വാസത്തിലെടുത്തു വേണം കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ. അവർ ഈ മാർച്ച് 30, 31, ഏപ്രിൽ 1 തീയതികളിൽ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ കടകളും അടയ്ക്കുകയാണ് അതുമാത്രമല്ല മൊത്തവ്യാപാരം പോലും നിർത്തുന്നു. കേരളത്തിലെ ജനങ്ങളിൽ അത് വലിയ അസ്വസ്ഥതയും ഭീതിയും ഉണ്ടാക്കുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അങ്ങുതന്നെ അവരെ വിശ്വാസത്തിലെടുത്തുകൊണ്ട് അവരുമായി തുറന്ന ഒരു ചർച്ചയ്ക്ക് ഒരു അവസരം കൂടി ഉണ്ടാക്കി അവരുടെ സമരം അവസാനിപ്പിക്കണം. അവരെ കേരള സമൂഹത്തിൽനിന്ന് അകറ്റിനിർത്താത്ത സമീപനം ഉണ്ടാകണം. അതിനുവേണ്ടി പ്രത്യേകമായ ഒരു താത്പര്യം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വ്യാപാരികളുടെ പ്രശ്നത്തിലെടുക്കണം. അവരെ ഒരിക്കലും പിണക്കിക്കളയരുത്. കേരളത്തിന് അവരുടെയും ഒരു വലിയ പങ്ക് ഉണ്ട്. അത് നിഷേധിക്കാൻ കഴിയില്ല എന്നുകൂടി പറഞ്ഞുകൊണ്ട് സപ്ലിമെന്ററി ഡിമാന്റിനെ ഞാൻ പിന്താങ്ങുകയാണ്.

ശ്രീ. ടി. പി. എം. സാഹിർ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. 43 സബ് ഹെഡ്ഡുകളിൽ 18066 കോടി രൂപയുടെ ധനാഭ്യർത്ഥനയാണ് ഇന്ന് ഇവിടെ പാസ്സാക്കാനുള്ളത്. മുൻകാലങ്ങളിൽ നിന്ന് വിപരീതമായി മൂന്നുമാസത്തെയോ 6 മാസത്തെയോ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കാതെ ഒരു ഫുൾ ബഡ്ജറ്റ് ഇപ്രാവശ്യത്തെ ബജറ്റിലൂടെ അവതരിപ്പിച്ചുകൊണ്ട് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർക്ക് മുൻകൂട്ടിതന്നെ amount കൊടുത്തുകൊണ്ട് അതിന്റെ allocation ജനങ്ങൾക്കുപകാരപ്രദമായ രീതിയിൽ വിനിയോഗിക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയും ചെയ്തിരിക്കുകയാണ്. മൂപ്പതുവർഷങ്ങൾക്കുശേഷമാണ് ഇന്ന് കേരളത്തിൽ ഈ സാഹചര്യം ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ മൂപ്പതുവർഷവും സാമ്പത്തിക പരാധീനതമൂലം വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കി എടുക്കുന്ന സിസ്റ്റം ആയിരുന്നു. ഇന്നാണെങ്കിൽ സാമ്പത്തിക ഭദ്രത കൈവന്നു. കഴിഞ്ഞകാല ഗവൺമെന്റുകൾ അത് ശ്രദ്ധിച്ചു. അതുപോലെ തന്നെ "വാറ്റ്" സിസ്റ്റത്തിലേക്ക് നാം മാറിയിരിക്കുന്നു. "വാറ്റ്" സിസ്റ്റം കൊണ്ട് നമ്മുടെ ധനകാര്യ ഭദ്രത ഒന്നുകൂടി ഭദ്രം ആകും എന്നുള്ളത് ഒരു സൂചന ആണ്. അത് നടപ്പാക്കിയ രാജ്യങ്ങളിലെ, വിദേശരാജ്യങ്ങളിലെ അനുഭവം കൊണ്ട് നമുക്ക് അത് കാണാൻ സാധിക്കും. ഇപ്രാവശ്യത്തെ ബഡ്ജറ്റ് ഉപകാരപ്രദമാക്കി മാറ്റുന്നതിന് നമുക്ക് കഴിയണം. ഉദ്യോഗസ്ഥൻമാർ അത് ശ്രദ്ധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. നമ്മൾ ഈ തുക ഉപയോഗിക്കുന്നത് സോഷ്യൽ സെക്ടറിനാണെങ്കിൽ ആ തുക ആ സോഷ്യൽ സെക്ടറിൽ ഉദ്ദേശിച്ചിട്ടുള്ള വൃദ്ധൻമാർ, കുട്ടികൾ, അഗതികൾ അല്ലെങ്കിൽ ജുവനൈൽ ഹോമുകൾ എന്നിവയ്ക്ക് ലഭിക്കുന്നുണ്ടോ ? അതുപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുകയാണ് ചെയ്യുന്നത്. അതാണ് പെട്ടെന്ന് ചെലവഴിക്കാൻ കഴിയുന്ന കാര്യമായി കാണുന്നത്. ഇങ്ങനെ ചെലവഴിക്കുന്നത് വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്ന ഒരു സമ്പ്രദായമാണ്. ഈ ധൂർത്ത് തുടരുന്നതുകൊണ്ട് പാവപ്പെട്ടവന് വേണ്ടിയുള്ള ആ തുക അവിടെ എത്തുന്നില്ല. നമ്മുടെ മുഖ്യമന്ത്രി കേരളത്തിലെ ജില്ലകളിൽ വിവിധ ദിവസങ്ങളിൽ നടത്തിയ അദ്ദേഹത്തിന്റെ ജനസമ്പർക്ക പരിപാടി നമ്മുടെ കണ്ണുതുറപ്പിച്ചിട്ടുണ്ട്. വർഷങ്ങളായി അവർ താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും പോയി അവരുടെ കാര്യങ്ങൾ പറഞ്ഞ് കടലാസ് കൊടുക്കുകയാണ് ചെയ്തിരുന്നത്. പക്ഷേ അവർക്ക് 20 വർഷം കഴിഞ്ഞാലും അതിന് പരിഹാരം കാണാൻ കഴിയുമായിരുന്നില്ല. അത് കിട്ടും, കിട്ടുമെന്ന് നോക്കിയിരുന്ന് അവർ മരിച്ചുപോവുകയാണ്. അതുകൊണ്ടുതന്നെ നാമിന്ന് ഒരു മാറ്റത്തിന്

LIBRARY ARCHIVES Kerala Legislative Assembly

തുടക്കം കുറിച്ചിരിക്കുകയാണ്. Full Budget ആണ് പാസ്സാക്കുന്നത്. ഈ പണം ജനങ്ങൾക്ക് എത്തിക്കുന്ന രീതിയിൽ മാറ്റമുണ്ടാക്കാൻ നമുക്ക് സാധിക്കണം. ഇന്നിവിടെ മന്ത്രിമാർ അവർക്ക് allot ചെയ്തുകിട്ടിയ പണത്തിന്റെ കാര്യത്തിൽ തൃപ്തരല്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം നമ്മൾ ആദ്യമായി ഒരു പുതിയ സിസ്റ്റത്തിലേക്ക് പോകുമ്പോൾ മന്ത്രിമാർ തൃപ്തരാകണം. കാരണം ധനകാര്യ വകുപ്പുമന്ത്രി പണം എവിടെനിന്ന് ഉണ്ടാക്കാനാണ്? വരുമാനത്തിനനുസരിച്ചല്ലേ അദ്ദേഹത്തിന് വീതിച്ചുകൊടുക്കാൻ സാധിക്കുകയുള്ളൂ. പക്ഷേ അങ്ങനെ വീതിച്ചു കൊടുക്കുന്നതിന് ചില മുൻകരുതലുകളെടുക്കണം. ഇന്നത്തെ India Today നോക്കുകയാണെങ്കിൽ അതിന്റെ Front page-ൽ തന്നെ ബംഗാളിലുള്ള അതിമനോഹരമായ റോഡിന്റെ ഫോട്ടോയാണ്. അത് നമുക്ക് വേണ്ടേ? ഇവിടെ വേണ്ടെന്നുപറഞ്ഞിട്ട് കാര്യമില്ല. കാരണം ബംഗാൾ നമ്മേക്കാൾ ആദ്യംതന്നെ പുരോഗമിച്ച രാജ്യമായിരുന്നു. ഇന്ന് അതിനേക്കാൾ പുരോഗതിയിലേക്ക് ലോൺ വാങ്ങി അവർ മുന്നോട്ടുപോവുകയാണ്. നമുക്ക് എവിടെനിന്നും ലോൺ വാങ്ങാൻ നിവൃത്തിയില്ല. കാരണം ഇപ്പോൾ തന്നെ ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിൽ ഒരു Super speciality hospital ഉണ്ട്. അത് 1990-ൽ തുടങ്ങിയതാണ്, ബിൽഡിംഗ് ഇതുവരെ തീർന്നിട്ടില്ല. നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രിതന്നെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ട് കേരളത്തിലെ വിവിധ Super speciality hospital-കളുടെ പൂർത്തീകരണത്തിനായി 100 കോടി രൂപയുടെ ലോൺ എടുക്കുമെന്നാണ് പറഞ്ഞത്. ക്യാബിനറ്റ് കൂടി അങ്ങനെയുള്ള പദ്ധതികൾ നമ്മൾ പാസ്സാക്കാൻ ശ്രമിച്ചില്ലെങ്കിൽ സാധനങ്ങളുടെ വില ഇന്ന് വർദ്ധിച്ചുവരികയാണ്. വർഷത്തിൽ 15 മുതൽ 20 ശതമാനം വരെയാണ് building materials-ന്റെ വിലയുടെ കാര്യത്തിൽ വർദ്ധനയുണ്ടായിക്കൊണ്ടിരിക്കുന്നത്. ഇക്കൊല്ലം ലോൺ വാങ്ങി ചെയ്തില്ലെങ്കിൽ അടുത്തകൊല്ലം 15 കോടി രൂപയെന്നുള്ളത് അതിനേക്കാൾ 20 ശതമാനം കൂടിയ ഒരു ബഡ്ജറ്റിലായിരിക്കും തീർക്കേണ്ടി വരിക. അതേസമയം ഇപ്പോൾ ലോണിന്റെ interest rate 8 ശതമാനം, 9 ശതമാനം ഒക്കെയായി കുറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ നമ്മൾ ലോൺ വാങ്ങുന്നതുകൊണ്ട് കേരളം കടത്തിലാവുകയില്ല എന്ന പ്രത്യേക സ്വഭാവത്തിന്റെ രീതിയിലെത്തിയിരിക്കുന്ന ഒരു സാമ്പത്തിക സ്ഥിതിയാണ് ഇന്നുള്ളത്. ഇപ്പോൾ മാറ്റിമറിച്ചിരിക്കുന്ന വികേന്ദ്രീകരണ സ്വഭാവത്തിൽ പഞ്ചായത്തുകളിലേക്ക് പൊതുമരാമത്തുവകുപ്പിന്റേയും ആരോഗ്യ വകുപ്പിന്റേയും തുകകൾ കൊടുക്കുകയാണ്. ആ തുക ഇവിടെനിന്നും കുറയ്ക്കുന്നുമുണ്ട്. അപ്പോൾ ഇതിനെ ബാലൻസ് ചെയ്തുകൊണ്ട് ഒരു എമൗണ്ട് Central pool-ൽ നിന്നും ലഭിക്കാൻ നമുക്ക് സാധിക്കുന്ന തരത്തിൽ ഇവർക്ക് വീതിച്ചു കൊടുക്കണം. പഞ്ചായത്തുകളിൽ സ്കൂൾ ബിൽഡിംഗിന്റെ കാര്യത്തിലാണെങ്കിൽ അവർക്ക് ഗ്രാന്റ് കിട്ടിയാൽ അത് maintenance-നു മാത്രമേ ഉപയോഗിക്കുകയുള്ളൂ. പുതിയ സ്കൂൾ കെട്ടിടമുണ്ടാക്കാൻ അവർക്ക് പണമില്ല. ഒരു 10 വർഷം കഴിഞ്ഞാൽ അല്ലെങ്കിൽ ഒരു 20 വർഷം കഴിഞ്ഞാൽ ഇവിടെ ഒരു പുതിയ സ്കൂളും ഉണ്ടാവുകയില്ല. S.S.A. Fund-ൽ നിന്നും ഒന്നോ രണ്ടോ ക്ലാസ് മുറികൾ മാത്രമാണ് അലോട്ടുചെയ്തുകൊണ്ടുവരുന്നത്. ഇതെല്ലാം നമുക്കുണ്ടെങ്കിൽ പുരോഗതിയാണ്. നമുക്ക് വിദ്യാഭ്യാസത്തിൽ പുരോഗതിയുള്ളതുകൊണ്ടും ആരോഗ്യത്തിൽ പുരോഗതിയുള്ളതുകൊണ്ടും കേന്ദ്രം തന്നെ അത് കട്ട് ചെയ്യണം എന്നുള്ള പ്രൊപ്പോസലാണ്. അപ്പോൾ കേന്ദ്ര ഗവൺമെന്റുതന്നെ ഫണ്ടിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

കട്ട് ചെയ്യുമ്പോൾ ഇതുപോലുള്ള infrastructure development-ൽ ആരോഗ്യത്തിനും അഗ്രിക്കൾച്ചറിനും; direct employment കിട്ടാനുള്ള ഒരേയൊരു ചാൻസ് അഗ്രിക്കൾച്ചറിൽ മാത്രമേയുള്ളൂ. വ്യവസായങ്ങൾ സ്ഥാപിച്ചു വരുന്നതിനുതന്നെ മൂന്നോ നാലോ വർഷമെടുക്കും. ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്ന സ്കോപ്പ് മൂന്നുനാല് വർഷം കഴിഞ്ഞാൽ ചിലപ്പോൾ ഉണ്ടാവില്ല. International conditions അനുസരിച്ച് രാജ്യത്ത് മാറ്റങ്ങൾ വരുന്നത് വളരെ പെട്ടെന്നാണ്. ഇന്ന് സർവ്വീസ് സെക്ടറിലുള്ള വ്യവസായങ്ങളല്ലാത്ത വേറൊരു വ്യവസായത്തിനും പിടിച്ചുനിൽക്കാനുള്ള ഒരു കഴിവ് International standard വച്ചുനോക്കുമ്പോൾ ഇന്ത്യൻ വ്യവസായങ്ങളുടെ സ്ഥിതി ഇന്ന് അത്തരത്തിലാണ് പോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ നമുക്കിന്ന് വലിയ വ്യവസായം പ്ലാൻ ചെയ്യാൻ സാധിക്കുന്നില്ല. അതിനു സാധിക്കുന്ന എമൗണ്ട് നമുക്കില്ല. ഉള്ളത് ചെയ്യണം. പരമ്പരാഗത വ്യവസായങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് കേന്ദ്രം ഇപ്പോൾ വലിയ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നുവെന്നുകാണുന്നത് വളരെ ആശാവഹമാണ്. ആ കാര്യത്തിൽ നമുക്ക് കിട്ടുന്ന പണം ഇവിടെയുള്ള വ്യവസായങ്ങളിൽ ഉൾപ്പെടുത്തി കൂടുതൽ ജോലി ലഭിക്കുന്ന തരത്തിലുള്ള ഒരു സ്കീമിനുവേണ്ടി agriculture sector-ൽ നമ്മൾ പോകേണ്ടിയിരിക്കുന്നു. അതിനുവേണ്ടിയുള്ള പ്ലാനിംഗ് ഇവിടെ തുടങ്ങിക്കഴിഞ്ഞു. നമുക്കറിയാം പട്ടണങ്ങളിലെ ടെറസിലും മറ്റും വീട്ടുകൃഷി പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ കൃഷിവകുപ്പ് പുതുതായി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതായി പ്രഖ്യാപിച്ചുകഴിഞ്ഞു. ആ തരത്തിൽ മുന്നോട്ടു കൊണ്ടുപോകുമ്പോൾ ഇന്ന് Information technology, Bio-technology, food processing മുതലായ പുതിയ ഇനങ്ങളിലേക്ക്, വ്യവസായത്തിലേക്ക് നമ്മൾ തിരിയേണ്ട ഒരു കാലഘട്ടമാണ്. അല്ലെങ്കിൽ അതിനുവേണ്ടിയുള്ള ഐ.ടി. പാർക്ക് ഇവിടെ സ്ഥാപിക്കുമെന്നുപറഞ്ഞു. ഓരോരുത്തർക്കും ഐ.ടി. പാർക്ക് സ്ഥാപിച്ചു കിട്ടാൻ entrepreneur വരികയാണെങ്കിൽ ഞാൻ അതിനുവേണ്ടി മുൻകൈ എടുക്കാമെന്ന് ഇന്നുരാവിലെതന്നെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞു. മൂന്നു ചോദ്യത്തിനും ഉത്തരം നൽകിയത് ആ കാര്യത്തിലാണ്. അംഗങ്ങൾ പലരും ചോദിച്ചു, ഓരോ മണ്ഡലത്തിലും സിഡ്കോയുടെ സെന്റർ വേണമെന്നുപറഞ്ഞു. Entreprencur വരികയാണെങ്കിൽ അതിന് മുൻകൈ എടുക്കാമെന്ന് അദ്ദേഹം പറഞ്ഞു. Entreprencur വരണമെങ്കിൽ നമുക്കിവിടെ ഒരു സമാധാന അന്തരീക്ഷം വേണം. അതിന് രാഷ്ട്രീയ കക്ഷികളുടെ കൂട്ടായ ശ്രമമുണ്ടായാൽ മാത്രമേ ഇവിടെ entrepreneur വരികയുള്ളൂ. ഇവിടെ സമ്മേളനങ്ങൾ നടത്തി വിജയിപ്പിച്ചതു കൊണ്ടൊന്നും ഒരു കാര്യവുമില്ല. ഒരു കോൺഗ്രസ്സോ, കമ്മ്യൂണിസ്റ്റോ, ലീഗോ സമ്മേളനം നടത്തി വിജയിച്ചുവെന്നുപറഞ്ഞിട്ട് അവർ ഇവിടെ വരില്ല. മലപ്പുറം സമ്മേളനത്തിൽ നിങ്ങൾ ഒരു പാഠം പഠിച്ചു. അതുകൊണ്ട് ഇനിയെങ്കിലും അത് ശ്രദ്ധിക്കുമെന്ന് കരുതുന്നു. ഞാൻ പറഞ്ഞുവന്നത് ഇവിടെയുള്ള ഈ environment നമ്മൾ ക്ലീനാക്കണം- അതായത് രാഷ്ട്രീയ environment ആർക്കും ഇവിടെ മുതൽമുടക്കാനുള്ള ഒരു സാഹചര്യമുണ്ടാകണം. അതിനുവേണ്ടി പ്രവർത്തിച്ചാൽ മാത്രമേ കേരളം രക്ഷപ്പെടുകയുള്ളൂ. ബംഗാൾ ആ വഴിക്കു നീങ്ങി. നമ്മളും ആ വഴിക്ക് നീങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്. ബംഗാളിലെ തന്നെ 'ഡിബ്രോയ്' എന്ന economist നമുക്കുവേണ്ടി ക്ലാസ് എടുത്തതാണ്. അദ്ദേഹം ഇവിടെ പലതും സമർത്ഥിച്ചു. കേരളം പലതിലും മുൻപന്തിയിലാണ്, പക്ഷേ ചില കാര്യങ്ങളിൽ പുറകോട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ പുറകോട്ടുള്ള കാര്യത്തിൽ ശ്രദ്ധിക്കേണ്ടത് രാഷ്ട്രീയക്കാരെയാണ് എന്നു പറയുന്നു. അതുകൊണ്ട് നാം ആണ് കേരളത്തെ രക്ഷിക്കാൻ ശ്രദ്ധിക്കേണ്ടത്. ഈ സഭയിൽ ആളുകൾ ഒന്നിച്ചുകൂടിയിരുന്ന് ചിന്തിച്ചാൽ നമുക്ക് രക്ഷിക്കാൻ സാധിക്കും. അതിന് കൂട്ടായ ഒരു പ്രവർത്തനം വേണം. ഇന്നുതന്നെ കേന്ദ്രഗവൺമെന്റിന്റെ അവഗണനയ്ക്കെതിരെ പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നത്തിൽ മുഖ്യമന്ത്രി അനുകൂലമായ സമീപനമെടുത്തില്ലേ? അതെന്തുകൊണ്ടാണ്? നമുക്കെല്ലാവർക്കുമറിയാം, റെയിൽവേ മദ്രാസിന് 6 പുതിയ വണ്ടികൾ കൊടുത്തു. കോടികൾ investment ഉള്ള gauge conversion തുടങ്ങിയവയെല്ലാം സമ്മതിച്ചുകൊടുത്തു. കേരളത്തിലാണെങ്കിൽ 16 മേൽപ്പാലങ്ങൾ ചോദിച്ചതിൽ രണ്ടെണ്ണമാണ് അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് നമുക്ക് അവഗണന യുണ്ടായിട്ടുണ്ട്. അംഗങ്ങൾ കൂട്ടായി ശ്രമിക്കണമെന്നുപറഞ്ഞപ്പോൾ അതിന് നമ്മുടെ മുഖ്യമന്ത്രി വഴങ്ങി. അതുപോലെതന്നെ പ്രതിപക്ഷത്തോട് ഞാൻ കേണപേക്ഷി ക്കുകയാണ്, ഇവിടെ ഒരു സമാധാന അന്തരീക്ഷമുണ്ടാകണം. ഇൻവെസ്റ്റുമെന്റ് വരണമെന്നുണ്ടെങ്കിൽ നമുക്കൊരു രാഷ്ട്രീയ നിശ്ചയമുണ്ടാകണം. നമ്മുടെ കടപ്പുറത്തുവന്നിരിക്കുന്ന ഒരു വ്യവസായമാണ് ടൂറിസം. അതിനെതിരെ നമ്മുടെ പ്രതിപക്ഷനേതാവ് എന്താണ് കാട്ടിക്കൂട്ടിയത്? അവർ വെളിയിൽ നിന്നും വന്ന് സ്വന്തം നിലയിൽ റൂമെടുത്തു താമസിക്കുകയാണ്. നമ്മൾ പറഞ്ഞിട്ടാണ് അവർ വന്നത്, അവർ നമ്മുടെ ഗസ്റ്റാണ്. അവരെ അപഹസിക്കുന്ന തരത്തിൽ ഇവിടെ പ്രവർത്തിച്ചില്ലേ? അപ്പോൾ ഇവിടെ എങ്ങനെയാണ് ടൂറിസം വികസിക്കുക? അതാണ് ഞാൻ പറയുന്നത്, നമുക്ക് ഒരു environment-friendly Kerala ആക്കി മാറ്റാൻ ശ്രമിക്കണം. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. കെ. കെ. ബാവ]

ശ്രീ. കെ. സി. ജോസഫ്: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലി ക്കുകയാണ്. മൂന്നു പതിറ്റാണ്ടുകൾക്കുശേഷമാണ് ഒരു സമ്പൂർണ്ണ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇന്നലെ വരെ സാമ്പത്തിക മേഖലയിലുണ്ടായിരുന്ന അസന്തുലിതാവസ്ഥ മാറ്റുവാൻ ഈ സമ്പൂർണ്ണ
1.30 P.M] ബഡ്ജറ്റ് സഹായകമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ നിയമസഭയിൽ ഇത് അവതരിപ്പിച്ചതിനുശേഷം സബ്ജക്ട് കമ്മിറ്റികളുടെ സ്ക്രൂട്ടിണിയും കഴിഞ്ഞു. ഇന്ന് ആ സ്ക്രൂട്ടിണികൾ ഉൾപ്പെടെ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽ ആദ്യമായി സബ്ജക്ട് കമ്മിറ്റികൾ രൂപീകരിച്ചത് കേരളത്തിലാണ്. അത് കേന്ദ്ര പാർലമെന്റുകൾ അംഗീകരിച്ചു. മറ്റു സംസ്ഥാനങ്ങൾ അംഗീകരിച്ചു. പക്ഷേ ഇന്നു കേരളത്തിലെ സബ്ജക്ട് കമ്മിറ്റികൾ കേവലം നോക്കുകുത്തികളായി മാറുന്നുവെന്ന് ഞാൻ പറഞ്ഞാൽ ആർക്കെങ്കിലും നിഷേധിക്കാനാകുമോ? ഞാൻ ആരേയും കുറ്റപ്പെടുത്താൻവേണ്ടി പറയുന്നതല്ല. ഇത്തവണ സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിച്ചു. സമയത്തിന്റെ പരിമിതി കൊണ്ടാകാം, നേരത്തെയാണെങ്കിലും വളരെ ധൃതിപിടിച്ച് മൂന്നു ദിവസം കൊണ്ട് സ്ക്രൂട്ടിണി നടത്തുകയാണ്. ഞങ്ങളുടെ മുന്നിൽ യാതൊരു option-ഉം ഇല്ല. കാരണം ആ സമയത്തിനുള്ളിൽ സ്ക്രൂട്ടിണി നടക്കണം. ചുരുങ്ങിയ സമയംകൊണ്ട് സ്ക്രൂട്ടിണി നടക്കുന്നു. ഈ സബ്ജക്ട് കമ്മിറ്റികൾ കൊണ്ട് ഉദ്ദേശിച്ചതുപോലെയുള്ള,

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിച്ചതുപോലെയുള്ള ഒരു സമഗ്രമായ വിലയിരുത്തൽ നടക്കില്ലെന്നു മാത്രമല്ല ഈ ഭരണം വിലയിരുത്താൻവേണ്ടി നിയോഗിച്ച സബ്ജക്ട് കമ്മിറ്റികൾ ഇന്നാകെ കൂടുന്നത് ഈ സ്ക്രൂട്ടിണിക്കുവേണ്ടി മാത്രമാണ്. ബഹുമാനപ്പെട്ട സ്പീക്കറും, ഇപ്പോഴും സ്പീക്കർ പദവി വളരെ ആദരപൂർവ്വം കാണുന്ന ധനകാര്യമന്ത്രിയും ഒരു കാര്യം ശ്രദ്ധിക്കണം. നമ്മുടെ സമ്പൂർണ്ണ ബഡ്ജറ്റിലെ വിലയിരുത്തൽ ശരിയാകണ്ടേ? എല്ലാ കമ്മിറ്റികളും എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും ഫണ്ട് കൂട്ടാൻ വേണ്ടി ശുപാർശകൾ വാരിക്കോരി കൊടുക്കുകയാണ്. ഈ ശുപാർശകളെല്ലാം വെറും അധരവ്യായാമങ്ങളല്ലേ? ഈ എക്സർസൈസ് വെറുമൊരു futile എക്സർസൈസല്ലേ? ഇങ്ങനെ പോകുന്നത് ഗുണപരമായ കാര്യമല്ല. സമ്പൂർണ്ണ ബഡ്ജറ്റിലൂടെ കേരളത്തിന്റെ സാമ്പത്തിക രംഗത്ത് നമ്മൾ ആരംഭിക്കുന്ന പുതിയ തുടക്കം വിജയിക്കണമെങ്കിൽ ഈ ബഡ്ജറ്റ് സ്ക്രൂട്ടിണി നന്നായി നടക്കണം. അതിനാവശ്യമായ സാഹചര്യമുണ്ടാകണം. 1336.75 കോടി രൂപയുടേതാണ് സപ്ലിമെന്ററി ഡിമാന്റ്. നടപ്പു വർഷത്തെ revenue receipt 14263.96 കോടി രൂപയാണ്. 10 ശതമാനം സപ്ലിമെന്ററിയായിട്ട് ചോദിച്ചിരിക്കുകയാണ്. സപ്ലിമെന്ററി ഡിമാന്റിൽ മുൻകൂട്ടി കാണാൻ കഴിയുന്ന ചില ചെലവുകളുണ്ട്. അഞ്ചു ഫാമിലി കോടതികൾ, 11 ഫാസ്റ്റ് ട്രാക്ക് കോടതികൾ, ഹൈക്കോടതി കോംപ്ലക്സ് ഇതൊക്കെ എന്തുകൊണ്ട് മുൻകൂട്ടി കണ്ടില്ല. അടിയന്തിരമായി വരുന്ന ചെലവുകൾ നമുക്കു മനസ്സിലാക്കാം. സുനാമിയുടെ natural calamity contingent ഫണ്ടിലേക്ക്, കണ്ടിജൻസി ഫണ്ടിൽ 100 കോടി രൂപ മാറ്റിവച്ചു. അതു മനസ്സിലാക്കാം. പക്ഷേ ഹൈക്കോടതി കോംപ്ലക്സിന്റെയും ഫാസ്റ്റ് ട്രാക്ക് കോടതിയുടെയും ചെലവുകൾ എന്തുകൊണ്ട് കാണാതെ പോയി? ഒരു healthy എക്സർസൈസ് അല്ല ഇപ്പോൾ ധനകാര്യവകുപ്പ് നടത്തുന്നത്. ഫണ്ട് ആവശ്യമായ ഡിപ്പാർട്ടുമെന്റുകൾക്ക് മാറ്റിവയ്ക്കുന്നില്ല. ബഡ്ജറ്റ് സ്ക്രൂട്ടിണിയിൽ മനസ്സിലായ ഒരു കാര്യമാണ്. ശമ്പളം കൊടുക്കാൻ പോലും പണം മാറ്റി വയ്ക്കുന്നില്ല. ശമ്പളം കൊടുക്കണ്ടേ? അപ്പോൾ അതിനുവീണ്ടും സപ്ലിമെന്ററി വേണ്ടി വരും. അതുകൊണ്ട് ബഡ്ജറ്റ് ഒരു റിയലിസ്റ്റിക് ആകണം. ഒരു സാമ്പത്തിക വർഷം ഉണ്ടാകാനിടയുള്ള അനിവാര്യമായ ചെലവുകൾ, അതിനാവശ്യമായ പ്രൊവിഷൻ ബഡ്ജറ്റിൽ പെടുത്തിയില്ലെങ്കിൽ എന്തു സംഭവിക്കും? റവന്യൂ കമ്മിയെ ഭയന്ന് മൂടിവച്ചു കളിക്കുന്നത് നല്ല കാര്യമല്ല.സത്യസന്ധമല്ല. ഇവിടെ നടന്ന ചർച്ചകളെയെല്ലാം പ്രതിപക്ഷം എതിർക്കുകയുണ്ടായി. അത് ആത്മാർത്ഥതയോടുകൂടിയാണോ? ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചു, എക്സസ്സ് ഡിമാന്റ് നാലഞ്ചെണ്ണമുണ്ട്. അത് പ്രതിപക്ഷത്തിന്റെ കാലത്തുള്ളതാണ്. തെരഞ്ഞെടുപ്പിന്റെ ചെലവുകൾ, അസംബ്ലി ഇലക്ഷന്റെ ചെലവുകൾ, ഐ. ഡി. കാർഡിന്റെ ചെലവുകൾ, ഇതൊക്കെ നിങ്ങളുടെ കാലത്തുണ്ടായ ചെലവുകളാണ്. അത് റെഗുലറൈസ് ചെയ്യാൻ വേണ്ടി ഞങ്ങൾ ഡിമാന്റുകൾ കൊണ്ടുവരുമ്പോൾ നിങ്ങൾ അതിനെ എതിർക്കുന്നു. ഇതൊരു കാപട്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായ ചെലവുകൾ ഞങ്ങൾ റെഗുലറൈസ് ചെയ്യണ്ടേ? .....(ബഹളം).....നിങ്ങളുടെ കാലത്ത് കൊണ്ടുവന്ന ചെലവുകൾ നിങ്ങൾക്കുതന്നെ അംഗീകരിക്കാൻ പറ്റുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. ശ്രീ. ബിനോയ് വിശ്വം ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ കാര്യം പറഞ്ഞു. സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെ കാര്യം സഭയുടെ ആരംഭം മുതൽ പറയുന്നുണ്ട്. 50 ശതമാനം സീറ്റ് മെരിറ്റിലായിരിക്കണം. ആ മെരിറ്റ് സീറ്റിലെ ഫീസ് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിലെ ഫീസിനു തുല്യമായിരിക്കണം. അങ്ങനെ പഠിച്ചുവരുന്ന കുട്ടികൾക്ക് എന്തെങ്കിലും സാമൂഹ്യ പ്രതിബദ്ധതയുണ്ടോ? ഇത്തവണ പി. എസ്. സി. റാങ്കു ലിസ്റ്റിൽ നിന്നും 682 പേരെ സെലക്ടു ചെയ്തു. ആകെ ജോയിൻ ചെയ്തത് 122 പേരാണ്. വേറെയാർക്കും ഗ്രാമങ്ങളിൽ ജോലി ചെയ്യാൻ താല്പര്യമില്ല. സംസ്ഥാന ബജറ്റിൽ നിന്നും ഗണ്യമായി പണം ചെലവഴിച്ചുകൊണ്ട് പുറത്തു വരുന്ന ഇവർക്ക് ഒരു ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകന്റെ ശമ്പളം പോലുമില്ല, അതുകൊണ്ട് അവർ ഗ്രാമങ്ങളിൽ ജോലിയെടുക്കാൻ പോകുന്നില്ല. അതൊരു വസ്തുതയാണ്. എന്റെ മണ്ഡലത്തിൽ, ഉദയഗിരിയിലും കോട്ടമുഖത്തും രണ്ട് പി. എച്ച്. സി.-കൾ ഐ. പി. ആക്കി പ്രഖ്യാപിച്ച് അവിടെ ഡോക്ടർമാരെ പോസ്റ്റു ചെയ്തു. ആരും അവിടെ വരുന്നില്ല. പിടിച്ചുകൊണ്ടുപോകാൻ പറ്റുമോ? എം. ബി. ബി. എസ്.-ന്റെ ഭാഗമായി രണ്ടു വർഷം ഗ്രാമീണ സർവ്വീസ് കംപൽസറിയാക്കി പിന്നീട് അത് ഒരു വർഷമാക്കി. എം.ബി.ബി.എസ്. പാസ്സായ ആളുകൾ ഹൈക്കോടതിയിൽ പോയി സ്റ്റേ വാങ്ങി.

ഡോ. കെ. സി. ജോസഫ്: അപേക്ഷ ക്ഷണിക്കുമ്പോൾ തന്നെ അതിനകത്തു വ്യവസ്ഥ വയ്ക്കണമായിരുന്നു. റൂറൽ സർവ്വീസ് രണ്ടു കൊല്ലം എന്നുള്ള എഗ്രിമെന്റ് വയ്ക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ വച്ചിരുന്നെങ്കിൽ കോടതിയിൽ പോയാലും രക്ഷപ്പെടാൻ അവർക്ക് പറ്റില്ലായിരുന്നു.

ശ്രീ. കെ. സി. ജോസഫ്: നിങ്ങളുടെ കാലത്താണ് അപേക്ഷ ക്ഷണിച്ചത്. നിങ്ങൾ എന്താണ് അന്നു ചെയ്യാത്തത്? അന്നും ഗ്രാമീണ മേഖലകളിൽ ഡോക്ടർമാരില്ലായിരുന്നു.

ശ്രീ. ബിനോയ് വിശ്വം: ബഹുമാനപ്പെട്ട കെ.സി. ജോസഫ് പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. അതിനെന്താണ് ഒരു പരിഹാരമാർഗ്ഗം? മെരിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ, സർക്കാരിന്റെ സബ്സിഡി വാങ്ങുന്ന കുട്ടികൾ, ആ കുട്ടികളുടെ പഠിത്തം കഴിഞ്ഞാൽ ഉചിതമായ കൊല്ലം, ഗ്രാമങ്ങളിൽ സർവ്വീസ് ചെയ്യണമെന്ന് പറഞ്ഞ് ഒരു വ്യവസ്ഥ ഉണ്ടാക്കണം. ഞങ്ങൾ പിന്താങ്ങാം.

ശ്രീ. കെ. സി. ജോസഫ്: ഇവിടെ പ്രതിപക്ഷത്തുള്ളവർ പറഞ്ഞു, എൽ. ഡി. എഫ്.-ന്റെ കാലത്ത് എല്ലാവരോടും തുല്യമായ സമീപനമായിരുന്നു സ്വീകരിച്ചിരുന്നതെന്ന്. എല്ലാവർക്കും നീതി കൊടുത്തു എന്നു പറഞ്ഞു. യു.ഡി.എഫ്. എൽ.ഡി.എഫ്-നെ അവഗണിക്കുന്നുവെന്ന് പറഞ്ഞു. എന്റെ പ്രിയപ്പെട്ട മാജു എബ്രഹാം, യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കരുത്. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് വളരെയേറെ വേദന അനുഭവിച്ച ഒരാളാണ് ഞാൻ. എന്റെ മണ്ഡലമാണ് ഇരിക്കൂർ മണ്ഡലം. യു. ഡി. എഫ്. ജയിക്കുന്ന ഒരു മണ്ഡലമാണ്. നിങ്ങളുടെ ഭരണ കാലത്ത് 800 കി. മീറ്റർ റോഡുകൾ എം. ഡി. ആർ. ആയി പ്രഖ്യാപിച്ചു. 10 അസംബ്ലി മണ്ഡലങ്ങളുള്ള കണ്ണൂരിൽ എനിക്ക് ആകെ കിട്ടിയത് 8 കി. മീറ്റർ റോഡാണ്. അന്നത്തെ ഡിപ്പാർട്ടുമെന്റ് എന്റെ മണ്ഡലത്തിലെ റോഡുകൾ വെട്ടിക്കളഞ്ഞു. ആ പീരിയഡിൽ എന്റെ മണ്ഡലത്തിൽ ആകെ കിട്ടിയതു രണ്ടു പാലങ്ങളുടെ വർക്കുകളാണ്. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർക്ക് താല്പര്യമുണ്ടായിരുന്ന മലപ്പട്ട പാലവും മുനമ്പുകടവു പാലവും, ശ്രീമതി ശ്രീമതി ടീച്ചറോടും ശ്രീ. ഗോവിന്ദൻ മാസ്റ്ററോടും ചോദിച്ചു നോക്കണം ഇക്കൊല്ലം എത്ര വർക്കുകൾ നിങ്ങളുടെ ഓരോ മണ്ഡലത്തിലും കിട്ടി എന്ന്. ഞങ്ങൾ വിവേചനം കാണിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

യു. ഡി. എഫ്.-ന്റെ ഭരണ കാലത്ത് പി.ഡബ്ല്യു.ഡി. വർക്കിന്റെ കാര്യത്തിൽ ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോയുള്ള വ്യത്യാസമില്ലാതെ എല്ലാപേർക്കും ന്യായമായ പരിഗണന കിട്ടിയിരുന്നു.

<u>ശ്രീ. രാജു എബ്രഹാം</u> : ഞാൻ പറഞ്ഞത് 20 ശതമാനം പ്രൊവിഷൻ ഉണ്ടെങ്കിൽ മാത്രമേ സാങ്കേതികാനുമതി ലഭിക്കുകയുള്ളൂ. കഴിഞ്ഞ എൽ. ഡി. എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ബഹുമാനപ്പെട്ട കെ.സി. വേണുഗോപാലിന്റെ മണ്ഡലത്തിൽ അന്ന് ശ്രീ. ശിവദാസമേനോനാണ് കൂടുതൽ വർക്ക് കൊടുത്തത്. ഞാൻ അത് റഫർ ചെയ്തുകൊണ്ട് പറഞ്ഞതാണ്. ഞാൻ പേര് പറഞ്ഞില്ലെന്നേയുള്ളൂ.

<u>ശ്രീ. കെ. സി. ജോസഫ്</u> : അതല്ല. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് എൽ.ഡി.എഫ് ആണോ യു.ഡി.എഫ് ആണോയെന്നു നോക്കാതെ എല്ലാപേർക്കും ന്യായമായ പരിഗണന കൊടുക്കുന്നുണ്ട്.

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : കഴിഞ്ഞ മൂന്നുവർഷത്തെ ബഡ്ജറ്റ് പ്രൊവിഷൻ എടുത്തു നോക്കിയാൽ, പി.ഡബ്ല്യു.ഡി. റെവന്യൂ നോക്കിയാൽ ഭരണകക്ഷിയിലെ അംഗങ്ങളേക്കാൾ പ്രതിപക്ഷ അംഗങ്ങളുടെ മണ്ഡലങ്ങളിൽ കൂടുതൽ വർക്കുകൾ കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട സി. പി. ഐ. നേതാവ് ശ്രീ. കെ. പി. രാജേന്ദ്രന് അറിയാം, ചേർപ്പ് നിയോജകമണ്ഡലത്തിലെ വർക്ക് എടുത്തു നോക്കിയാൽ അറിയാം.

<u>ശ്രീ. കെ. സി. ജോസഫ്</u> : യാഥാർത്ഥ്യം അങ്ങനെയിരിക്കെ മറിച്ചാണ് പറയുന്നത്. ഈ ബഡ്ജറ്റിൽ കമ്മി കുറച്ചു കാണിക്കാൻ വേണ്ടി നടത്തുന്ന എക്സർസൈസ് മാറ്റി യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ബഡ്ജറ്റായി മാറണം. ബഡ്ജറ്റ് സ്ക്രൂട്ടിണി നന്നായി നടക്കണം. മറ്റൊരു കാര്യം ശ്രീ. ടി. എൻ. പ്രതാപൻ വാറ്റ്-നെക്കുറിച്ച് ഇവിടെ പറഞ്ഞു. വാറ്റ് ഒരു ദേശീയ തീരുമാനമാണ്. പക്ഷെ അറിഞ്ഞോ അറിയാതെയോ കേരളത്തിലെ വ്യാപാരി സമൂഹത്തിനിടയിൽ വലിയ ആശങ്കകളുണ്ട്. അവരുമായി ഒരു വട്ടം ചർച്ച കഴിഞ്ഞു. ഇപ്പോഴും അവർ തൃപ്തരല്ല. അവരെ സമരത്തിലേക്ക് തള്ളിവിടാതെ വ്യാപാരികളോട് ഇതിന്റെ നേട്ടങ്ങളും കോട്ടങ്ങളും പറഞ്ഞ് മനസ്സിലാക്കി അവർക്ക് ഭയാശങ്കയുണ്ടെങ്കിൽ അത് പരിഹരി ക്കാനുള്ള സമീപനം ഗവൺമെന്റ് ഭാഗത്തുനിന്നുമുണ്ടാകണം. ഇപ്പോൾ മലപ്പുറത്ത് സി. പി. ഐ. (എം) സമ്മേളനം കഴിഞ്ഞു. എനിക്ക് വലിയ ആശ്വാസമുണ്ട്. ബഹുമാനപ്പെട്ട തോമസ് ഐസക് ഞങ്ങളുടെ ഒരു നല്ല സുഹൃത്താണ്. മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് ഈ സമ്മേളനം കഴിയുമ്പോൾ അദ്ദേഹത്തിന്റെ തലതെറിക്കും എന്നാണ്. അങ്ങനെ തലതെറിച്ചിട്ടില്ല. അദ്ദേഹം രക്ഷപ്പെട്ടു. അതിന് അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. മലപ്പുറത്ത് ലീഗിന്റെ കാട്ടയിൽ വിള്ളലുണ്ടാക്കാൻ പോയി. ഇപ്പോൾ സ്വന്തം കാട്ടയിൽ വിള്ളലുണ്ടായ അനുഭവമാണുണ്ടായത്. യാഥാർത്ഥ്യമല്ലേ?

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : മലപ്പുറം ചുവപ്പിക്കാൻ വന്നവർ തമ്മിൽ തെച്ചുടഞ്ഞുപോയത് അങ്ങയ്ക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : അതാണ് ഞാൻ പറഞ്ഞത്, ലീഗിന്റെ കാട്ടയിത വിള്ളലുണ്ടാക്കാൻ മലപ്പുറത്തു പോയി. സ്വന്തം കാട്ടയിൽ വിള്ളല ണ്ടായി. പ്രതിപക്ഷനേതാവ് എത്ര നിസ്സംഗതനായിരിക്കുന്നു. വാചാലനായ വി.എസ്. അച്ചുതാനന്ദൻ എവിടെപ്പോയി? അദ്ദേഹം നിശ്ശബ്ദത പാലിക്കുന്നു അദ്ദേഹത്തിനെപ്പോലും വെട്ടിയരിഞ്ഞ് ഇവിടെകൊണ്ടുവന്ന് ഇരുത്തിയിരിക്കുകയല്ലേ.

ശ്രീ. സി. പി. മുഹമ്മദ് : മലപ്പുറം സമ്മേളനം കഴിഞ്ഞതിനുശേഷം മഹാനായ ശ്രീനാരായണഗുരുവിനുശേഷം കേരള രാഷ്ട്രീയത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പോരാടുന്ന ഒരു കർമ്മയോഗിയാണ് വി.എസ്. അച്ചുതാനന്ദനെന്ന് ശ്രീ. പിണറായി വിജയൻ പറഞ്ഞത് അങ്ങ് ശ്രദ്ധിച്ചോ?

ശ്രീ. കെ. സി. ജോസഫ് : അപ്പോൾ സൂക്ഷിക്കണം, അതിന്റെ പിന്നിൽ എന്തെങ്കിലും കാണും. കഴിഞ്ഞ നാല് കൊല്ലക്കാലം ജനകീയ പ്രശ്നങ്ങളുമായ് പോരാടിയ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കൈയും കാലും അരിഞ്ഞ് അദ്ദേഹത്തെ വാസവദത്തയെപ്പോലെ ഇവിടെക്കൊണ്ടുവന്ന് ഇരുത്തിയിരിക്കുകയാണ്. ഞങ്ങൾക്ക് സഹതാപമുണ്ട്. ഏതായാലും മാർക്സിസ്റ്റ് പാർട്ടി ദയവായി ഒന്ന് മനസ്സിലാക്കണം നിങ്ങളുടെ ആഭ്യന്തര കുഴപ്പങ്ങൾ നിങ്ങളെ വിഴുങ്ങാൻ പോകുന്നു. ഞങ്ങളെനോക്ക് നിങ്ങൾ പ്രയാസപ്പെടേണ്ട. ഞങ്ങൾ ജനാധിപത്യ പാർട്ടിയാണ്. പക്ഷെ കഴിഞ്ഞ ഒരുകാലത്തുമുണ്ടാകാത്ത രീതിയിൽ നിങ്ങളുടെ പാർട്ടിയിലെ കാര്യങ്ങൾ ചർച്ചാവിഷയമായി മാറിയിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയിരുന്നുകൊണ്ട് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയാൽ പോളിംഗ്ബൂത്തിൽ പോകുന്ന കോൺഗ്രസ്സുകാർ കോൺഗ്രസ്സിനെതിരായി രണ്ട് കുത്ത് ഒന്നിച്ച് കുത്തുമെന്ന് ശ്രീ. കെ. മുരളീധരൻ പറഞ്ഞത് ഓർമ്മയുണ്ടോ?

ശ്രീ. കെ. സി. ജോസഫ് : ഞങ്ങൾക്ക് ഏക ആശ്വാസം ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സാന്നിദ്ധ്യമാണ്. അദ്ദേഹം ഞങ്ങളെ രക്ഷിക്കും.

ശ്രീ. ടി. കെ. ബാലൻ: ശ്രീ. കെ. സി. ജോസഫ് പറഞ്ഞു ഞങ്ങൾ ഒരു ജനാധിപത്യ പാർട്ടിയാണെന്ന്. ആ ജനാധിപത്യ പാർട്ടിയിൽ എന്താ കെ. സി. ജോസഫേ മുന്ന് കൊല്ലമായി ഒരേ നോമിനേഷൻ? ഒരു ഇലക്ഷൻ നടത്താത്തതെന്താണ്?

ശ്രീ. കെ. സി. ജോസഫ് : Nomination is a model election. അത് അഭിപ്രായ സമന്വയത്തിലൂടെ ഉണ്ടാകുന്നതാണ്. അതുകൊണ്ട് കേരളത്തിൽ ആദ്യമായി അവതരിപ്പിച്ച ഈ സമ്പൂർണ്ണ ബഡ്ജറ്റ്.....

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ സി. പി. ഐ. (എം)-ലെ കലാപത്തെക്കുറിച്ച് പറയുകയുണ്ടായല്ലോ. ഇന്നലെ മാർക്സിസ്റ്റ് പാർട്ടിയുടെ താത്വികാചാര്യനായ സഖാവ് പി. ഗോവിന്ദപിള്ള ന്യൂനപക്ഷങ്ങളോട് ചേരണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തെ അടിച്ചുപുറത്താക്കി. ഇന്നലെ മർക്കസിന്റെ സമ്മേളനത്തിൽപ്പോയി വലിയ ആനക്കാര്യം ശ്രീ. പിണറായി വിജയൻ പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : ഇത് സി. പി. ഐ. (എം) സ്വീകരിക്കുന്ന രിരുത്തരവാദ നയങ്ങളുടെ മറ്റൊരുമുഖമാണ്.

ശ്രീ. സി. പി. മുഹമ്മദ് : ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ രീ. കെ. മുരളീധരന്റെ പ്രസംഗത്തെക്കുറിച്ചാണ് പറഞ്ഞത്. പേട്ടയിലെ പ്രസംഗം കട്ടിട്ട് 40 പേരുടെ ഫിക്സഡ് ഡെപ്പോസിറ്റുമായി നടന്നിട്ട് അവസാനം ഇലക്ട്രിസിറ്റി ന്ത്രിയായി വന്നത് അവർ കണ്ടതാണ്. ഇനിയും ചരിത്രം ആവർത്തിക്കുമെന്ന് രങ്ങോട്ടക്ക് അറിയാമോ?

ശ്രീ. കെ. സി. ജോസഫ് : ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ുഖംമൂടി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ ലീഗുമായി സംസാരിച്ചതിന് രീ. എം. വി. രാഘവനെ പുറത്താക്കി.. പക്ഷെ ഇന്ന് നിങ്ങൾ എന്താണ് ചെയ്യുന്നത്? ർഗ്ഗീയമായ നിലയിലുള്ള നിങ്ങളുടെ പോക്ക് നിങ്ങൾക്കുതന്നെ അപകടകരമായി ാറുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഇവിടെ അവതരിപ്പിച്ച ഈ ഉപ ധനാഭ്യർത്ഥനകളെ രനുകൂലിക്കുകയാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ രക്തമായി എതിർക്കുകയാണ്. ഈ ഉപധനാഭ്യർത്ഥനകളൊന്നും തന്നെ കേരളത്തിലെ ാധാരണക്കാരുടെ ജീവിതവുമായി ബന്ധപ്പെട്ടതോ അവർക്ക് സഹായകരമായ രത്തിലുള്ളതോ അല്ലെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ തിർക്കുന്നത്. കഴിഞ്ഞ നാല് വർഷങ്ങളായി യു. ഡി. എഫ് ഗവൺമെന്റ് രവതരിപ്പിച്ച നാല് ബഡ്ജറ്റുകൾ പരിശോധിച്ചാൽ ജനോപകാരപ്രദമായിട്ടുള്ള ്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടെന്ന് പറയാൻ ഴിയുമോ? ഭരണകക്ഷിയിൽ നിന്നുള്ള അംഗങ്ങൾ ഈ ഉപധനാഭ്യർത്ഥനകളെ രനുകൂലിച്ചുകൊണ്ട് നടത്തിയ പ്രസംഗങ്ങളെല്ലാംതന്നെ ഇതിന് വ്യക്തമായിട്ടുള്ള ിതളിവുകളല്ലേ? അവരുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടത്തിയ ഏതെങ്കിലും രു പദ്ധതിയെക്കുറിച്ചല്ല അവർ പറയുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ചില ംഭവങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് അവരുടെ പാർട്ടിയെന്നുള്ള നിലയിൽ കോൺഗ്രസ്സിന് രക്ഷപ്പെടാൻ പറ്റുന്ന വിധത്തിലുള്ള പരാമർശങ്ങളാണ് ഉണ്ടായിട്ടുള്ളത്. ുപ്പോൾ സി. പി. ഐ: (എം)-ന്റെ സമ്മേളനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുക ുണ്ടായി. സി. പി. ഐ. (എം)-ന്റെ സംസ്ഥാന സമ്മേളനം മലപ്പുറത്തുവച്ച് ടത്തിയത് ലക്ഷക്കണക്കിനാളുകളുടെ കയ്യിൽനിന്ന് പിരിച്ചെടുത്ത കാശുകൊണ്ട് രവർ സ്വയം നടത്തിയ സമ്മേളനമാണ്. പത്ത് ലക്ഷത്തിലധികം ആളുകൾ കേന്ദ്രീകരിച്ച ആ മഹാസമ്മേളനം കണ്ട് അസൂയപൂണ്ട് ഇവിടെവന്ന് ഒരുതരം പ്രസംഗം ടത്തിയതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ആ സമ്മേളനം അവിടത്തെ വഹുജനങ്ങൾ ഏറ്റെടുത്ത സമ്മേളനമാണ്. ആ സമ്മേളനത്തെ സംബന്ധിച്ച് രസൂയപ്പെട്ടിട്ടും പരിഭവം പറഞ്ഞിട്ടും യാതൊരു കാര്യവുമില്ല. പക്ഷെ മറ്റൊരു കാര്യമുണ്ട്. ഏതെങ്കിലും ഒരു സമ്മേളനം മാന്യമായി നടത്തിയ പാരമ്പര്യമുള്ളവരാണോ ഈ പരാതി പറയുന്നത്? ഉണ്ടെങ്കിൽത്തന്നെ പിരിച്ചെടുത്ത കാശ് കീശയിലാക്കിയ പാരമ്പര്യമുള്ളവരാണ് ഇതിനെക്കുറിച്ച് ഉൽക്കണ്ഠപ്പെടുന്നത്. അല്ലാതെ സി. പി. ഐ. (എം)-നെക്കുറിച്ച് മലപ്പുറത്ത് ഏതെങ്കിലും ഒരു കുടുംബത്തിൽപ്പെട്ട

പൗരൻ അല്ലെങ്കിൽ ഏതെങ്കിലും ഒരു കേരളീയൻ പരാതി പറയുമെന്ന് തോന്നുന്നില്ല ഈ ഉപധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറയാൻ ഞാ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനം ആകെ കടക്കെണിയിലകപ്പെട്ടിരിക്കുകയാണ് 20,000 കോടി രൂപയിലധികം കടമാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന പറഞ്ഞു. ഒരു വർഷം ശരാശരി അയ്യായിരം കോടി രൂപയുടെ ഭാരം. പുതിയ കട 23,000 കോടി രൂപയാണ്. എൽ. ഡി. എഫ്. ആണ് കടം വരുത്തിവച്ചതെന്ന് നിയമസഭ സമ്മേളനങ്ങളിൽ ആവർത്തിച്ചാവർത്തിച്ച് എൽ. ഡി. എഫ്.-ഗവൺമെന്റിനെ കുറ്റപ്പെടുത്തിപ്പറയുമ്പോൾ 20,000-ത്തിലധികം കോടി രൂപയുടെ കടം നാല് വർഷ കഴിഞ്ഞ് വരുത്തിവച്ചത് എങ്ങനെയാണ് എന്നു പറയണം. പുതിയ കട വരുത്തിവെച്ചതിന് ആരാണ് ഉത്തരവാദി? ഈ കടം ഇങ്ങനെ വരുത്തിവയ്ക്കുമ്പോ പോലും കേരളത്തിലെ കാർഷിക മേഖലയിലോ വ്യാവസായിക മേഖലയിലോ പരമ്പരാഗത വ്യവസായ മേഖലയിലോ അവരെ സഹായിക്കത്തക്കവിധത്തിര ഏതെങ്കിലും നടപടി സ്വീകരിച്ചെന്ന് പറയാൻ കഴിയുമോ? അതൊട്ടില്ലതാനും.

വ്യവസായത്തിന്റെ കാര്യം നമുക്കറിയാം. പൊതുമേഖലാ സ്ഥാപനങ്ങൾ പലതു പൂട്ടിക്കിടക്കുകയാണ്. പെരുകിട വ്യവസായങ്ങൾ പൂട്ടിക്കിടക്കുകയാണ് പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ഈ 104 പൊതുമേഖല സ്ഥാപനങ്ങളുടേയും ഉന്നമനത്തിനുവേണ്ടി ഒന്നും ചെയ്തിട്ടില്ല. യു. ഡി. എഫ ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടിന്റെ ഫലമായി തകർച്ചയുടെ നെല്ലിപ്പലകയിൽ എത്തിയിരിക്കുകയാണ് പരമ്പരാഗത വ്യവസായ മേഖല, അതിര കയറുണ്ട്, കശുവണ്ടിയുണ്ട്, കൈത്തറിയുണ്ട്, ഖാദിയുണ്ട്. അഞ്ചരലക്ഷം വരുന്ന കയ തൊഴിലാളികളേയും ഒന്നേമുക്കാൽ ലക്ഷം വരുന്ന കൈത്തറി തൊഴിലാളികളേയു രണ്ടര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളേയും ബാധിക്കുന്ന ജീവി പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് വല്ല ചിന്തയുമുണ്ടോ? ഈ ഗവൺമെന്റ് വന്നതിനുശേഷമല്ലേ ഭക്ഷ്യസബ്സിഡി കുറച്ചത്. പൊതുവിതരണ ശൃംഖലയുടെ സ്ഥിത എന്താണ്? സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുപകരം അ ഇല്ലാതാക്കി ആളുകളെ പട്ടിണിക്കിട്ട് ആത്മഹത്യയിലേക്ക് നയിക്കുന്ന അവസ്ഥയ ഉണ്ടായിട്ടുള്ളത്. ധർമ്മാശുപത്രികളുടെ സ്ഥിതിയെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഇ കഴിഞ്ഞ ദിവസം ബഡ്ജറ്റുമായി ബന്ധപ്പെട്ടുകൊണ്ട് ചർച്ച ചെയ്യുമ്പോൾ കാസർഗോ ജില്ലയിലെ കാഞ്ഞങ്ങാട് ആശുപത്രിയിൽ ജില്ലാ പഞ്ചായത്തിന്റേയും നാട്ടുകാരുടേയു സഹായത്തോടുകൂടി എല്ലാ സൗകര്യങ്ങളും ഉണ്ടാക്കിയിട്ട് അത് തുറന്ന് പ്രവർത്തിപ്പ ക്കുന്നതിന് ആവശ്യമായ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ എത്ര കടുത്ത നിഷേധാത്മകമായ സമീപനമാണ് സ്വീകരിച്ചത്. യു. ഡി. എഫ്. ഗവൺമെന്റിന ഇത്തരം സമീപനങ്ങൾ കേരളത്തിലെ ജനങ്ങളിൽ ഏറ്റവും വലിയ പ്രതിഷേധമാണ ഉണ്ടാക്കിയിട്ടുള്ളത്. വീടില്ലാത്തവർക്ക് വീടുണ്ടാക്കിക്കൊടുക്കാൻവേണ്ടി എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? ലക്ഷക്കണക്കിന് വരുന്ന വീടുകളാണ് എൽ. ഡി. എഫ ഗവൺമെന്റ് ഭവനരഹിതരായ സാധുക്കൾക്ക് നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : കഴിഞ്ഞ 20 ദിവസങ്ങൾക്കുമുമ്പ് ജില്ലാ ആശുപത്രിയുടെ ഉത്ഘാടനം നടത്താൻ തീരുമാനിച്ചു. ഉത്ഘാടനം നടത്താൻ തീരുമാനിച്ചതിനുശേഷവും അവിടെ ആക്ഷൻ കമ്മിറ്റി കൂടിയിട്ടുണ്ട്. ഗവൺമെന്റിനോട് രാഷ്ട്രീയ വിരോധം ഉണ്ടെങ്കിൽ രോഗികളോട് ആ വിരോധം വേണ്ട. നിങ്ങൾ എന്തിനാണ് ഈ രാഷ്ട്രീയം മുതലെടുക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി 1-ാം തീയതി ജില്ലാ ആശുപത്രി ഉത്ഘാടനം ചെയ്യുകയാണ്.

<u>ശ്രീ. കെ. പി. സതീശ് ചന്ദ്രൻ</u> : കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക് ഉത്ഘാടനമല്ല വേണ്ടത്. ഉത്ഘാടനം കൊണ്ട് കാസർഗോഡിലെ ജനങ്ങൾക്ക് കാര്യമില്ല. 229 തസ്തികകൾ വേണം. ആ തസ്തികകൾ തരാത്തിടത്തോളംകാലം ഉത്ഘാടനം നടക്കില്ല. അവിടെ നിരാഹാരസമരം ഉൾപ്പെടെ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u> : ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. ചെർക്കളം അബ്ദുള്ള ചോദിച്ച ചോദ്യത്തിന് നമ്മുടെ ബഹുമാനപ്പെട്ട മെമ്പർ സതീശ് ചന്ദ്രൻ തന്നെ ഉത്തരം പറഞ്ഞു. അതാണ് വസ്തുത. പോലീസ് വകുപ്പിനു വേണ്ടിയുള്ള ഉപധനാഭ്യാർത്ഥന ഇതിലുണ്ട്. പോലീസിനെ സംബന്ധിച്ച് പറയുമ്പോൾ നാണക്കേടാണ്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരിക്കുന്ന ഈ കേരളത്തിൽ ഉന്നതൻമാരായ പോലീസുകാർ അടക്കം ഇന്ന് എവിടെ എത്തി സർ? അധോലോക സംഘത്തിന്റേയും മാഫിയ സംഘത്തിന്റേയും കയ്യിൽപ്പെടുന്നവർ എന്ന് കേട്ടിട്ടുണ്ട്. പക്ഷേ ഇത്തരത്തിലുള്ള അധോലോക പ്രവർത്തനങ്ങൾക്കും മാഫിയ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കുന്നവരായി പോലീസ് ഉദ്യോഗസ്ഥൻമാർ മാറി എന്ന് പറഞ്ഞാൽ എത്ര ലജ്ജാകരമാണ്. പൂവാറിൽ 200 വീടുകളാണ് കത്തിക്കരിഞ്ഞത്. കത്തി ചാമ്പലായ വീടുകളിലെ നൂറുകണക്കിനാളുകൾക്കും പരിക്കുപറ്റി. അവരെല്ലാം ദുരിതാശ്വാസ ക്യാമ്പിൽ കഴിയുകയാണ്. ആ പ്രദേശമാകെ കത്തിയാളുമ്പോഴും പോലീസ് എത്താൻ മൂന്ന് മണിക്കൂറിലധികം സമയം എടുത്തു എന്നാണ് അവിടെപ്പോയി അന്വേഷിച്ച നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത്. അവിടെ ഫയർഫോഴ്സുകാർ എത്താൻ മുന്നു മണിക്കൂർ എടുത്തു. ഇത് എന്തൊരു ഭരണമാണ് സർ? പൂവാർ എന്ന് പറയുന്നത് നമ്മുടെ ഭരണ സിരാകേന്ദ്രത്തിന്റെ തൊട്ടടുത്തു തന്നെയല്ലേ? അവിടെ പോകാൻ അധികം മണിക്കൂറുകളൊന്നും വേണ്ടല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാത്രിയാണ് അവിടെ എത്തിയത്. വളരെ ദരിദ്രരായ ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശമാണത്. ഏത് പ്രശ്നമോ ആകട്ടെ. ഇങ്ങനെ വീടുകൾ കത്തിക്കരിയുമ്പോൾ ഓടി എത്തി അവർക്ക് സംരക്ഷണം കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ പോലീസ് സേനയെക്കൊണ്ട് എന്താണ് ഉപയോഗം? ഇത്രയും മൃഗീയമായിട്ട് ഒരു കൊലപാതകത്തിന് നേതൃത്വം നൽകിയിരിക്കുന്നത് ഒരു ഡി. വൈ. എസ്. പി. ആണ്. ഷാജി എന്ന ഡി. വൈ. എസ്. പി. നമ്മുടെ കേരളത്തിന് അപമാനമല്ലേ? കേരളത്തിലെ കുറ്റവാളികൾക്ക് നേതൃത്വവും സംരക്ഷണവും കൊടുക്കുന്നവരാണ് പോലീസുകാർ എന്ന് വരുന്നു. ഈ കഴിഞ്ഞ ദിവസം ലോക്കപ്പിൽ വച്ച് ഒരു ചെറുപ്പക്കാരനെ മൂത്രം കുടിപ്പിച്ചത് പോലീസുകാരല്ലേ? ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നപ്പോൾ രാജാക്കാട് പോലീസ് സ്റ്റേഷനിൽവച്ച് എസ്.എൻ.ഡി.പി. യുടെ പ്രവർത്തകനെ മദ്യം തീറ്റിച്ചില്ലേ? അത് വാർത്ത വന്നില്ലേ? ആ ചെറുപ്പക്കാരൻ പീഢനം സഹിക്കവയ്യാതെ ആത്മഹത്യ ചെയ്തു. കഴിഞ്ഞ ദിവസം വള്ളികുന്നത്ത് മുസ്ലീം ചെറുപ്പക്കാരനെ പള്ളിയിൽ വച്ച് ആർ. എസ്. എസ്.-കാർ കൊന്നു. എങ്ങനെ ആണ് അവർക്ക് ധൈര്യം കിട്ടിയത്? ശ്രീ. ഉമ്മൻചാണ്ടി കേരളം ഭരിക്കുന്ന സമയത്ത് ആർ. എസ്. എസ്.-കാർക്ക് എങ്ങനെ ഈ ധൈര്യം വന്നു? ഇരിങ്ങാലക്കുടയിൽ പള്ളിയിൽ വച്ച് അച്ചൻ കൊല ചെയ്യപ്പെട്ടതിന് ആരാണ് ഉത്തരവാദി? കണ്ണൂർ സെൻട്രൽ ജയിലിൽ വച്ച് തടവുപുള്ളി കൊല ചെയ്യപ്പെട്ടില്ലേ? ജയിലിലും രക്ഷയില്ല, പുറത്തും രക്ഷയില്ല നാട്ടിൽ എവിടേയും രക്ഷയില്ല, സ്ത്രീകൾക്കും രക്ഷയില്ല, കുഞ്ഞുങ്ങൾക്കും രക്ഷയില്ല, തട്ടിക്കൊണ്ടുപോകൽ, മോഷണം, ഭവനഭേദനം, അക്രമം, കൊലപാതകം, അങ്ങനെ കുറ്റകൃത്യങ്ങളുടെ ഒരു നാടായി കേരളം മാറിയിരിക്കുന്നു. ഇതിനാണോ പോലീസ് സേനയ്ക്ക് പണം നീക്കി വച്ചിരിക്കുന്നത്? അത്രയും ഒരു അവസ്ഥയിലേക്ക് ഈ കേരളം എത്തിച്ചേർന്നിരിക്കുന്നു. ഇതിനൊന്നും പൈസ അനുവദിച്ചുകൊടുക്കാൻ പറ്റില്ല. കേരളത്തിലെ ദരിദ്രനാരായണൻമാരുടെ കുടുംബങ്ങളിൽനിന്നുള്ള മിടുക്കൻമാരും സമർത്ഥരുമായ കുട്ടികൾക്ക് വിദ്യാഭ്യാസം നേടി വളരാനുള്ള സാഹചര്യം ഒരുക്കുന്നതിന് പകരം എന്താണ് ചെയ്തത്?. നിഷേധാത്മകമായ കച്ചവട സമീപനമല്ലേ സ്വീകരിച്ചത്? മെറിറ്റിലുള്ളവർക്ക് യാതൊരു പരിഗണനയുമില്ല. ഇവിടെ പട്ടികജാതി-പട്ടികവർഗ്ഗക്കാരെക്കുറിച്ച് പറഞ്ഞു. അവരെ പട്ടിണിക്കിട്ട് കൊല്ലുക മാത്രമല്ല, അവരുടെ ക്ഷേമത്തിനുവേണ്ടി ഒരുപാട് തുക ചെലവഴിച്ചു എന്ന് നുണയും പറയുന്നു. ഇവിടെ വിദ്യാഭ്യാസ കച്ചവടത്തിന്റെ പേരിൽ രക്തസാക്ഷിയായ രജനിയെപ്പോലെ, പഠിക്കാൻ കഴിയാതെ എത്രയോ കുട്ടികളാണ് ആത്മഹത്യ ചെയ്തത്. പുതിയ സാമൂഹ്യ സുരക്ഷാ പദ്ധതികൾ കേരളത്തിൽ ആവിഷ്ക്കരിക്കാൻ തയ്യാറായിട്ടുണ്ടോ? ഇവിടെ സാമൂഹ്യ സേവന പദ്ധതികളുണ്ടോ? സേവന മേഖലയിൽ നിന്നും ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുകയല്ലേ ചെയ്യുന്നത്? സാമൂഹ്യ ക്ഷേമ പെൻഷനുകളെക്കുറിച്ച് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി കർഷക തൊഴിലാളികൾക്ക് 27 മാസത്തെ പെൻഷൻ കൊടുക്കാനുണ്ട്. ഇപ്പോൾ ഏത് പെൻഷനാണ് കൊടുക്കുന്നത്? കേരളത്തിൽ അഗതികളും നിർധനരും പാവപ്പെട്ടവരുമായിട്ടുള്ള ആളുകൾക്ക് പെൻഷൻ കൊടുക്കുന്നതിൽ മുൻഗണന വേണ്ടേ? കർഷക തൊഴിലാളികളുടെ പെൻഷൻ പോലും കൊടുക്കുന്നില്ല എന്ന സമീപനം സ്വീകരിച്ചാൽ പിന്നെ എന്തു ചെയ്യും? ഇതൊന്നും ചെയ്യാതിരിക്കുന്നു എന്ന് മാത്രമല്ല, ജനങ്ങൾക്ക് സൈരമായി, സ്വതന്ത്രമായി സഞ്ചരിക്കാനും ജീവിക്കാനുംപോലും കഴിയുന്നില്ല. എൽ. ഡി. എഫ്. ഗവൺമെന്റിനെ എത്രയാണ് കുറ്റം ആരോപിച്ചത്? കഴിഞ്ഞ നാലു വർഷത്തിനിടയിൽ ട്രഷറി നിയന്ത്രണം ഇല്ലാത്ത ഏതെങ്കിലും മാസം ഉണ്ടായിട്ടുണ്ടോ? എത്ര ലജ്ജാകരമായിട്ടാണ് ഓരോ ദിവസവും കടന്നു പോയിക്കൊണ്ടിരിക്കുന്നത്? കഴിഞ്ഞ നാലു വർഷത്തിനിടയിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് എന്തെങ്കിലും ആനുകൂല്യം നൽകി എന്ന് പറയാൻ കഴിയുമോ? ജനങ്ങൾക്ക് വേണ്ടാത്ത ജനോപകാരപ്രദമല്ലാത്ത പദ്ധതികൾക്കാണ് ഖജനാവിൽനിന്നും പണം ഭൂരിഭാഗവും ചെലവഴിക്കുന്നത്. മുന്നേകാൽ കോടി

LIBRARY ARCHIVES Kerala Legislative Assembly

കേരളീയർക്കുവേണ്ടിയുള്ള ഭരണമല്ല ഇത്. അധികാരക്കസേരയിൽ ഇരിക്കുന്നവർക്കും ശിങ്കിടികൾക്കും വേണ്ടിയുള്ള ഭരണമായി മാറിയിരിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീമാൻ എ. കെ. ആന്റണി ഇരിപ്പുണ്ട്. അദ്ദേഹം ഇന്ന് നിശ്ശബ്ദനാണ്. ആരാണ് അദ്ദേഹത്തെ നിശ്ശബ്ദനാക്കിയത്? ഈ നിയമസഭയ്ക്കകത്ത് ഒരുപാട് എം.എൽ.എ.മാർ സംസാരിക്കുന്നില്ല. ആരാണ് അവരെ നിശ്ശബ്ദരാക്കിയത്? 99 പേരുടെ പിന്തുണ ഉണ്ടായിട്ടുപോലും ഈ ഗവൺമെന്റിനെ ഈ അവസ്ഥയിൽ എത്തിച്ചത് ആരാണ്? അവരുടെ ഇടയിൽ നടക്കുന്ന വടംവലിയും ഗ്രൂപ്പിസവും തർക്കവും വഴക്കും ഞാൻ ഇവിടെ പറയണോ സർ? പല പത്രങ്ങളിലും വാർത്ത വന്നതാണ്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിപോലും മുൻ കെ.പി.സി.സി. പ്രസിഡന്റിനെ വിശേഷിപ്പിച്ചത് ഈ നിയമസഭയിൽ പറയാൻ സാധിക്കുകയില്ല. പക്ഷേ മുൻ മുഖ്യമന്ത്രി ശ്രീമാൻ എ. കെ. ആന്റണിയെപോലും വേദനിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തന നടപടികൾ ഉണ്ടായിട്ടുണ്ട് എന്നതാണ് അദ്ദേഹത്തെ നിശ്ശബ്ദനാക്കിയത്. ഒരു ഭരണവുമായി ബന്ധപ്പെട്ടുകൊണ്ട് അധികാരത്തിനുവേണ്ടി ഇങ്ങനേയും വ്യത്തികെട്ട ഒരു അവസ്ഥ ഉണ്ടാകുമോ? ഈ രീതിയിൽ ധൂർത്തിനും ആഡംബരത്തിനും വേണ്ടിയാണ് ഈ കഴിഞ്ഞ നാലുവർഷകാലത്തെ എല്ലാ ചെലവുകളും ഉണ്ടായിട്ടുള്ളത്. ഇത്തരത്തിൽ ധൂർത്തും ആഡംഭരവും കൈമുതലാക്കി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്ന, അഴിമതിയിൽ മുങ്ങിക്കുളിച്ച, കേരളത്തിലെ ജനങ്ങൾക്ക് വിശ്വാസമില്ലാത്ത, ജനങ്ങൾക്ക് വേണ്ടാത്ത ഒരു ഭരണകൂടം മുന്നോട്ടുവച്ച ഈ ഉപധനാഭ്യർത്ഥനകൾ അംഗീകരിക്കാൻ കഴിയില്ല. ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു.

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഇവിടെ മറ്റു മന്ത്രിമാർ മറുപടി പറയത്തക്കവണ്ണം വിമർശനങ്ങളൊന്നും ഉണ്ടായില്ല. സാധാരണ രാഷ്ട്രീയത്തിന്റെ അതിപ്രസരം കടന്നുകൂടാറുണ്ടെങ്കിലും ഇന്ന് അത് വളരെ ഒഴിവാക്കപ്പെട്ടു എന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. നിയമസഭയുടെ ചർച്ചകൾ കുറേക്കൂടി ഫലവത്തായി മാറുന്നു എന്നുള്ളതിന്റെ ഒരു ലക്ഷണമായി ഞാൻ അതിനെ കാണുകയാണ്. ക്രിയാത്മകമായി ഉന്നയിച്ച നിർദ്ദേശങ്ങളെല്ലാം ഞാൻ ഉൾക്കൊള്ളുന്നു. യാതൊരു സംശയവും വേണ്ട. വിമർശനങ്ങൾക്ക് വലുതായി മറുപടി പറയാൻ ഇല്ലാത്തതുകൊണ്ട് ഇവിടെ വന്ന നിർദ്ദേശങ്ങളെക്കുറിച്ച് സംസാരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ സപ്ലിമെന്ററി ഡിമാന്റിൽ 1336.25 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിനുമുമ്പ് ജൂലൈയിൽ അവതരിപ്പിച്ച സപ്ലിമെന്ററി ഡിമാന്റിൽ 559.79 കോടി രൂപ അങ്ങനെ 1896.04 കോടി രൂപ ഈ വർഷം സപ്ലിമെന്ററി ഡിമാന്റിൽ വച്ചിട്ടുണ്ട്. ബഡ്ജറ്റ് കുറേക്കൂടി റിയലിസ്റ്റിക്കായിരുന്നു എങ്കിൽ ഇത് വരില്ലായിരുന്നു എന്നുള്ള ആരോപണം ഞാൻ തള്ളിക്കളയുന്നില്ല. പക്ഷെ ഒരു കാര്യം മനസ്സിലാക്കണം, ഇതിൽ ഒരു ചെലവിനെക്കുറിച്ചും പ്രതിപക്ഷത്ത് ആർക്കും ഇതൊരു അനാവശ്യ ചെലവാണെന്ന് ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞില്ല. ഒരു ചെലവിനവും ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞിട്ടില്ല. ബഡ്ജറ്റിൽ വകകൊള്ളിച്ച തുക തികയാതെ വന്നപ്പോൾ വികസന കാര്യത്തിനും അതുപോലെതന്നെ പാവപ്പെട്ട ആളുകളെ സഹായിക്കുന്നതിനും വേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചിട്ടുള്ളതാണ് ഈ മുഴുവൻ തുകയും എന്ന് അഭിമാനത്തോടുകൂടി ഞാൻ പറയും. ഉദാഹരണമായി ബഡ്ജറ്റിൽ വകകൊള്ളിച്ചതിനു പുറമേ പബ്ലിക് വർക്സിൽ 248.48 കോടി രൂപ അധികം ചെലവാക്കുന്നു. അത് രാജ്യത്തിന്റെ വികസനത്തിനു വേണ്ടിയല്ലേ? അതുപോലെതന്നെ social welfare including welfare of Scheduled Caste, Scheduled Tribes and OBC's 145.47 കോടി രൂപയാണ്. ഇതിനെയാണോ നിങ്ങൾ എതിർക്കുന്നത്? ഇത് ബഡ്ജറ്റിനു പുറത്താണ്. അതുപോലെതന്നെ കാർഷിക മേഖലയെക്കുറിച്ച് വാതോരാതെ നമ്മൾ സംസാരിക്കാറുണ്ട്. കാർഷിക മേഖലയിൽപ്പോലും ബഡ്ജറ്റിൽ വച്ചിരുന്ന തുക തികയാത്തതുകൊണ്ട് 41.41 കോടി രൂപ അധികമായി നമ്മൾ ചെലവഴിക്കുന്നു. അതും ഈ സപ്ലിമെന്ററി ഡിമാന്റിൽ നിന്നാണ്. ഇതിനെയാണ് എതിർക്കുന്നത്. ഏതു മേഖലയിൽ നോക്കിയാലും, വ്യവസായത്തിന് വേണ്ടി വച്ചിരിക്കുന്നതായാലും, ഇറിഗേഷനു വേണ്ടിതന്നെ 78.19 കോടി രൂപ അധികം ചെലവഴിക്കുന്നു. ഇതിനെല്ലാം പുറമേ തൊഴിലാളികൾക്കു വേണ്ടിയും വച്ചിട്ടുണ്ട്. ഇവിടെ ഞാൻ വളരെ ബഹുമാനിക്കുന്ന ശ്രീമതി ശ്രീമതി ടീച്ചർ തൊഴിലാളികൾക്കോ, പാവപ്പെട്ടവർക്കോ ഒന്നും വച്ചില്ല എന്നു പറയുകയുണ്ടായി. അത് ശരിയല്ല. ഇതിൽ തന്നെ 25 കോടി രൂപ Social Security Fund constituted for welfare of destitute and handicapped. പിന്നെ 59.15 കോടി രൂപ for payment under social security scheme such as Agriculture Workers' pension, Destitute pension, Old-age Pension ഇതിനെല്ലാമായി വച്ചിട്ടുണ്ട്. ഇത് പാവപ്പെട്ട ആളുകൾക്കല്ലേ? അതുപോലെ എല്ലാം ഉണ്ട്. 25 കോടി രൂപ Agriculture Debt Relief-നുവേണ്ടിയാണ് 11 കോടി രൂപ അരക്കനാട്ടിന്റെയും പാഡിയുടെയും പ്രൈസ് സ്റ്റെബിലൈസേഷനുവേണ്ടി വച്ചിട്ടുണ്ട്. കുടുംബശ്രീ പദ്ധതിക്കുവേണ്ടി 15 കോടി രൂപ. കാഷ്യൂ തൊഴിലാളികൾക്കുവേണ്ടിയും മറ്റും 42.25 കോടി രൂപ വച്ചിട്ടുണ്ട്. ഇതിൽ ഏതിനെയാണ് നിങ്ങൾ എതിർക്കുന്നത്? അതുകൊണ്ടാണ് ഇതിൽ പറഞ്ഞിരിക്കുന്ന ഒരു ചെലവിനെക്കുറിച്ചും ആർക്കും ഒന്നും പറയാനില്ലാത്തത്. പെൻഷന്റെ കാര്യം പറഞ്ഞു, ചരിത്രത്തിൽ ആദ്യമായിട്ടാണ് ഡെസ്റ്റിറ്റ്യൂട്ട് പെൻഷൻ, നാഷണൽ ഓൾഡ് ഏജ് പെൻഷൻ, ബീഡി സിഗാർ വർക്കേഴ്സ് പെൻഷൻ, Pension for unmarried woman above the age of fifty, Pension for physically handicapped ഇവർക്കെല്ലാം ഈ വരുന്ന മാർച്ച് 31-ാം തീയതിവരെയുള്ള പെൻഷൻ കൊടുക്കാനുള്ള പണം വകകൊള്ളിച്ചിട്ടുള്ളത്. മറ്റുള്ള പെൻഷനും ഉണ്ട്. അഗ്രിക്കൾച്ചർ വർക്കേഴ്സ് പെൻഷനും ഉണ്ട്, ഇല്ല എന്നുപറയുന്നില്ല. എങ്കിലും അരിയേഴ്സ് തീർക്കാൻ തന്നെയാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രതിപക്ഷത്തിനുപോലും വിമർശിക്കാൻ കഴിയാത്ത തുകയാണ് ഇതിൽ വന്നിട്ടുള്ളത്. മറ്റൊരു കാര്യം ഇവിടെ ചില വിമർശനങ്ങൾ ഉണ്ടായി, അതിന് മറുപടി പറയുകയാണെങ്കിൽ ശ്രീ. രാജു എബ്രഹാം അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ ഒരു ഹോസ്പിറ്റലിന്റെ കാര്യം നടന്നില്ല, പ്രതിപക്ഷ അംഗങ്ങളെ മുഴുവൻ അവഗണിച്ചു എന്നു പറഞ്ഞു. ഞാൻ ആരെയും അവഗണിച്ചിട്ടില്ല. പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും എഴുതിക്കൊടുക്കുന്നത് ഈ ബഡ്ജറ്റിൽ വകകൊള്ളിക്കുന്നതെല്ലാം കൺസേൺഡ് ഡിപ്പാർട്ടുമെന്റാണ്. പക്ഷെ ചില വർക്കുകൾ ധനകാര്യ വകുപ്പുമന്ത്രിക്ക് വേണമെങ്കിൽ ചേർക്കാം. അത് ഭരണപക്ഷത്തുനിന്നും, പ്രതിപക്ഷത്തുനിന്നും സമയത്തുതന്ന എല്ലാറ്റിനും എന്തെങ്കിലും തുക കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

